# മലങ്കരസഭ

## മാസിക

ഓഗസ്റ്റ് 2000



ചന്ദനസ്മൃതികൾ

മാർ യൗസേബിയോസ്

ഫാ. ഡോ. കെ. എം. ജോർജ്

ഫാ. ഡോ. ജേക്കബ് കുര്യൻ

പോൾ മണലിൽ

ഫാ. ജോൺ തോമസ്, കരിങ്ങാട്ടിൽ



# ഒറീസായിലെ കാരുണ്യപർവ്വം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ
ഔദ്യോഗിക മുഖപത്രം

മാരകരോഗങ്ങൾക്കും ·പൈശാചിക ശക്തിക്കും തോല്പിക്കുവാനോ, കഷ്ടപ്പെടുത്തു
വാനോ, അപമാനിക്കുവാനോ, കഴിയാത്ത ജീവിതവിജയങ്ങളും നേട്ടങ്ങളും വീടും
സമ്പത്തും സ്ഥലവും ഉദ്യോഗവിജയവും പഠനവിജയവും ദാമ്പത്യവിജയവും കുടുംബ
ജീവിതവിജയവും ഭയമില്ലായ്മയും ബോധക്ഷയമില്ലായ്മയും ദൃഢവിശ്വാസപ്രാർത്ഥനാ
ജീവിതവും ജീവിത സൗഭാഗ്യങ്ങളുംആത്മശക്തിയും മനഃശക്തിയും ലഭിച്ചു.









**T.V. VERGHESE** (Rtd. Deputy Director of Education)

**T.V. GEEVARGHESE, LENY, GREGORY, MARIA**

# മലങ്കരസഭ

**മാസിക**

**ദേവലോകം കോട്ടയം–686 038**

**ഫോൺ: 0481–573234**

**ലക്കം: 8 പുസ്തകം 56**

**ഓഗസ്റ്റ് 2000**



**PATRON SAINT**

## പത്രാധിപസമിതി

*പ്രസിഡന്റ്*
**ഫീലിപ്പോസ് മാർ യൗസേബിയോസ്**
ഫോൺ: 0473–322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*
**പൗലൂസ് മാർ മിലിത്തിയോസ്**
ഫോൺ: 0488–523001

*ചീഫ് എഡിറ്റർ*
**ഫാ. ഡോ. ജേക്കബ് കുര്യൻ**
ഫോൺ: 0481–568046

*അംഗങ്ങൾ*
**ഫാ. റ്റി.ജെ. ജോഷ്വ**
**ഫാ. കെ.എം. ജോർജ്ജ്**
**ഫാ. ജോസഫ് സാമുവൽ കറുകയിൽ**
**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
**എ.കെ. തോമസ് (സഭാ സെക്രട്ടറി)**
**അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ**
**പോൾ മണലിൽ**
**കെ.വി. മാമ്മൻ**

*മാനേജർ*
**ഫാ. റ്റി.ജി. സഖറിയ**
ഫോൺ: 0481–578234

*മാനേജിംഗ് എഡിറ്റർ*
**ഫാ. റ്റി.എ. ഇടയാടി**
ഫോൺ: 0473–360421 (Res.)

*സർക്കുലേഷൻ കൺസൾട്ടന്റ്*
**ഒ.ജി. തരകൻ**

*ബിസിനസ്സ് മാനേജർ*
**ഫാ. ഷൈജു കുര്യൻ**

*ഡി.റ്റി.പി.*
**എം.എസ്. ഗ്രാഫിക്സ്, ദേവലോകം**

## ഉൾത്തുടിപ്പുകൾ

**എഡിറ്റോറിയൽ**

4 സുന്നഹദോസ് – മൂന്നു തലങ്ങളിൽ പ്രസക്തം
ഫാ. ഡോ. ജേക്കബ് കുര്യൻ

5 മഹാപുരോഹിത സന്ദേശം

**ചന്ദനപ്പള്ളി അനുസ്മരണം**

6 ചന്ദനപ്പള്ളി ഒരു ശ്രേഷ്ഠ മാനവൻ
ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പീത്ത

7 മിഷനറി ഗദ്യത്തിന്റെ പ്രവാചകൻ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

7 ദൈവം കേട്ട ശബ്ദം; സുഗന്ധം പരത്തിയ.....
ഫാ. ഡോ. ജേക്കബ് കുര്യൻ

8 ചന്ദനവും പള്ളിയും
പോൾ മണലിൽ

9 അക്ഷരത്തിൽനിന്ന് ആത്മാവിലേക്ക്
ഫാ. കെ.എം. ജോർജ്

**ധ്യാനപംക്തി**

11 സുവിശേഷ സന്ദേശം.....
ഫാ. കുര്യൻ ദാനിയേൽ

**ലേഖനം**

15 യൂഹാനോൻ മാർ സേവേറിയോസ്: വ്യക്തി....
ഡോ. വി. മാത്യു കുര്യൻ

20 ശിശുക്കളുടെ ആത്മിക ശിക്ഷണം
മാർ ഈവാനിയോസ്

27 പതിനൊന്നാമത് സി.സി.എ. ജനറൽ അസംബ്ലി
യാക്കോബ് മാർ ഐറേനിയസ്

32 ഇടവക ഒരു കുടുംബം
ഡോ. ജോസ് പാറക്കടവിൽ

**പഠനവേദി**

23 പരിസ്ഥിതിയുടെ ആത്മീയത
പ്രൊഫ. കെ.പി. ജോയി

**കൗൺസലറുടെ പംക്തി**

31 ജോലി ലഭിക്കാത്തത് കൂടോത്രം മൂലമാണോ?
ഫാ. ഡോ. ഒ. തോമസ്

**കവിത**

6 ചന്ദനപരിമളം
ബിജു ഏബ്രഹാം, കൂടൽ

21 പ്രാർത്ഥന
കെ.സി. അലക്സാണ്ടർ, പുനലൂർ

**കാർട്ടൂൺ**

19 ഉപ്പാണ്ടിമാപ്ല
റോണി ചെങ്ങന്നൂർ

**വാർത്തകൾ**

18, 19, 29, 30, 33

34 സൺഡേസ്കൂൾ വാർത്ത

# സുന്നഹദോസ് – മൂന്നു തലങ്ങളിൽ പ്രസക്തം

ഫാ. ഡോ. ജേക്കബ് കുര്യൻ

പലരുടെയും ധാരണയിൽ 'സുന്നഹദോസ്' എന്നു പറഞ്ഞാൽ എപ്പിസ്കോപ്പൽ സുന്നഹദോസ് മാത്രമാണ്. എന്നാൽ അതു മാത്രമല്ല, സുന്നഹദോസ്. "സുന്നഹദോസ്" അതിന്റെ അർത്ഥപൂർണ്ണതയിൽ സഭയ്ക്കു മുഴുവനും പ്രാതിനിധ്യമുള്ള സമിതിയാണ്.

ഒരു പഠനം നടത്തിയാൽ, സഭയുടെ ചരിത്രത്തിൽ മൂന്നു തലങ്ങളിലായി പ്രസക്തമായ "സുന്നഹദോസുകൾ" ഉണ്ടായിരുന്നതായി കാണാം. ഒന്ന് ആകമാന എക്യൂമെനിക്കൽ സുന്നഹദോസ്. രണ്ട്, പ്രാദേശിക സഭയുടെ (സഭകളുടെ) സുന്നഹദോസ്. മൂന്ന്, മെത്രാന്മാരുടെ മാത്രമായി പ്രാദേശികതലത്തിൽ നടക്കുന്ന എപ്പിസ്കോപ്പൽ സുന്നഹദോസ്. ഇവയിൽ ഒന്നാമത്തെ ഗണത്തിൽപ്പെടുന്നവയാണ് നിഖ്യാ, കുസ്തന്തീനോപ്പോലീസ്, എഫേസൂസ് എന്നിവിടങ്ങളിൽ നടന്ന ആകമാന എക്യൂമെനിക്കൽ സുന്നഹദോസുകൾ. ഇവയിൽ മെത്രാന്മാരുടെ പ്രതിനിധികൾ കൂടാതെ, സന്യാസികളുടെയും, വൈദികരുടെയും, അയ്മേനികളുടെയും പ്രതിനിധികൾ സംബന്ധിച്ചിരുന്നു. അഞ്ചാം നൂറ്റാണ്ടിലും പതിനൊന്നാം നൂറ്റാണ്ടിലും പതിനാറാം നൂറ്റാണ്ടിലും ഉണ്ടായ പ്രധാന സഭാഭിന്നതകൾ ഇന്നും നിലനില്ക്കുന്നതിനാൽ, ആകമാന എക്യൂമെനിക്കൽ സുന്നഹദോസുകൾ ഇന്ന് നടക്കാൻ ബുദ്ധിമുട്ടാണ്. അഥവാ ആരെങ്കിലും "എക്യൂമെനിക്കൽ" എന്നപേരിൽ വിളിച്ചുകൂട്ടിയാലും, ആകമാന എക്യൂമെനിക്കൽ സുന്നഹദോസായി അതിനു സ്വീകാര്യത ലഭിക്കുമെന്നും തോന്നുന്നില്ല.

എന്നാൽ, പ്രാദേശിക സഭയുടെ സുന്നഹദോസ് എന്ന അർത്ഥത്തിൽ അയ്മേനികൾക്കും, സന്യാസികൾക്കും, വൈദികർക്കും, മെത്രാന്മാർക്കും പങ്കാളിത്തമുള്ള സുന്നഹദോസ് എക്കാലവും, എവിടെയും പ്രസക്തമാണ്. മലങ്കര ഓർത്തഡോക്സുസഭയിൽ, "അസോസ്യേഷൻ" എന്നപേരിൽ അറിയപ്പെടുന്നത് ഇത്തരത്തിലുള്ള സുന്നഹദോസാണ് എന്ന് പലരും മനസ്സിലാക്കിയിട്ടില്ല. വിപുലമായ അധികാരവും, ചുമതലയും ഉള്ള സമിതിയാണിതെങ്കിലും, പ്രധാനപ്പെട്ട തെരഞ്ഞെടുപ്പുകൾക്കുവേണ്ടി മാത്രമേ ഈ "സുന്നഹദോസ്" സജീവമാകാറുള്ളൂ. ഇതിനുപകരം, എപ്പിസ്കോപ്പൽ സുന്നഹദോസ് ആണ് സഭയിൽ "സുന്നഹദോസ്" എന്ന പേരിൽ പരമോന്നത അധികാരം വഹിക്കുന്നത്. ഈ സ്ഥിതിക്കു മാറ്റം ആവശ്യമാണ്. സഭയുടെ നിലനില്പ്, സാക്ഷ്യം, ഭാവി മുതലായവയെക്കുറിച്ച് സഭാംഗങ്ങളുടെ മുഴുവൻ ശ്രദ്ധയും ചിന്തയും വികാരവും പ്രകടമാകണമെങ്കിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാതിനിധ്യമുള്ള "പ്രാദേശിക സഭാസുന്നഹദോസുകൾ" സജീവമായിരിക്കണം. അവയ്ക്ക് സ്ഥിരം സെക്രട്ടറിയേറ്റും, പ്രവർത്തനസംവിധാനവും, ആശയരൂപീകരണവേദികളും ഉണ്ടായാലേ, ജനങ്ങളും നേതൃത്വവും തമ്മിൽ അകൽച്ച ഉണ്ടാകാതിരിക്കൂ. രാഷ്ട്രീയത്തിൽ "പൊതുജനം കഴുത" എന്നു പറയാറുണ്ടെങ്കിൽ ആ കഴുതയുടെ കണ്ണും, കാതും, നാവും തുറന്നു തന്നെയാണിരിക്കുന്നത്. എന്നാൽ മതത്തിൽ പലപ്പോഴും, "പൊതുജനം പൊട്ടക്കഴുത" എന്ന രീതിയിൽ ധരിച്ചുപോകുന്നത് അപകടകരമാണ്. പൊതുജനത്തിന്റെ വീക്ഷണങ്ങൾ ശ്രദ്ധിച്ചുകൊണ്ട് സഭയെ മുഴുവൻ ഒന്നായി കണ്ട്, യുക്തമായതും പരമമായതും എന്തൊക്കെയെന്ന് വിവേചിച്ച് സഭയെ നയിക്കുകയാണ് എപ്പിസ്കോപ്പൽ സുന്നഹദോസ് ചെയ്യേണ്ടത്.



## മഹാപുരോഹിത സന്ദേശം



സ്നേഹിതരും സഹൃദയരുമായ വായനക്കാരേ,

നിങ്ങളുടെ എല്ലാവരുടെയും സമീപത്തേക്ക് ഒന്നുകൂടി അടുത്തു വരുവാൻ ദൈവം നല്കിയ കൃപയിൽ ബലഹീനനായ നാം സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

നമുക്കു വരുന്ന കഷ്ടതകളെയും പ്രയാസങ്ങളെയും ഭാരങ്ങളെയും ദൈവത്തിൽ ഉള്ള പ്രത്യാശയിൽ സഹിച്ചും വഹിച്ചും കൊണ്ടുപോകുമ്പോൾ ദൈവം അതു നന്മയും അനുഗ്രഹവുമാക്കി തിരിച്ചു തരും. അതു മുഖാന്തരം ഉപദ്രവങ്ങൾ വരുന്നുവോ അവരോടു നീതി യായും ദൈവീകമായും സ്നേഹത്തോടും വർത്തിക്ക. ദൈവം അവരെയും അനുഗ്രഹിച്ച് ദൈവമാർഗ്ഗത്തിലേക്ക് നയിക്കുമെന്ന് ബലഹീനനായ നാം വിശ്വസിക്കുന്നു.

ആഗസ്റ്റ് മാസം 1–ാം തീയതി മുതൽ 15–ാം തീയതി വരെ ഒരു നോമ്പു നാം നോല്ക്കുന്നു. പരി ദൈവമാതാവിന്റെ വാങ്ങിപ്പിനോടുള്ള ബഹുമാനം മൂലമാണ് ഈ നോമ്പ് നാം ആചരിച്ച് അനുഷ്ഠിക്കുന്നത്. ബലഹീനനായ നമ്മുടെ വീക്ഷണത്തിൽ ഇത് എല്ലാവരും കാര്യമായി ആദരവോടെ ആചരിക്കേണ്ട ഒരു പരിശുദ്ധ നോമ്പാണ്. എല്ലാവരും മരിക്കുമല്ലോ, ആരും ഇവിടെ ഇരിക്കില്ല, ഞാനും നിങ്ങളും പോകും, എന്നാൽ ഞാനും നിങ്ങളും പോകുമ്പോൾ എവിടേക്ക് നമ്മൾ പോകുന്നു. പരി. ദൈവമാതാവ് കടന്നുപോയപ്പോൾ എല്ലാ പരിശുദ്ധരും സന്നിഹിതരായി; മാലാഖമാരും ഓടിയെത്തി മാതാവിനെയും ചേർത്ത് സ്വർഗ്ഗത്തിലേക്ക് ആനയിച്ചു. ഈ അനുഗ്രഹകരമായ മരണം എന്റെ എല്ലാ മക്കൾക്കും ലഭിക്കട്ടെ എന്ന് സഭാ മാതാവായ സഭ ആശംസിക്കുന്നു. സഭാ മക്കൾ എല്ലാവരും ഈ സ്വർഗ്ഗീയ വേർപാട് ആസ്വദിക്കണമെന്നാണ് വി. സഭയുടെ ആഗ്രഹം. അതിനായി എന്റെ മക്കൾ എല്ലാവരും പ. മാതാവിന്റെ വേർപാടിനോട് അനുബന്ധിച്ച് ഈ 15 ദിവസം നോമ്പ് നോറ്റ് പ്രാർത്ഥിക്കട്ടെ. എന്ന് മാതാവായ സഭ ആജ്ഞാപിക്കുന്നു.

പ്രിയരെ, അതിനുവേണ്ടിയാണ് മാതാവിനോട് പ്രാർത്ഥിക്കുമ്പോൾ ഇപ്പോഴും എപ്പോഴും എല്ലായിപ്പോഴും ഞങ്ങളുടെ മരണസമയത്തും ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്ന് പ്രാർത്ഥിക്കുന്നത്. ഇത് വളരെ അർത്ഥവത്താണ്. വായനക്കാരായ എല്ലാവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നു. പ. പൗലോസ് ശ്ലീഹാ ആവർത്തിച്ച് കല്പിക്കുന്നതുപോലെ ഞാൻ ഇവിടെനിന്ന് വാങ്ങി എന്റെ കർത്താവിന്റെ സന്നിധിയിലേക്ക് പോകുവാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന് ദൈവത്തിങ്കലേക്ക് പോകുമെന്ന് നിശ്ചയമായ ഉറപ്പുണ്ടായിരുന്നു. ഇപ്രകാരം നിങ്ങളുടെയും ബലഹീനനായ എന്റെയും ഈ ലോകത്തിൽ നിന്നുള്ള വേർപാട് അനുഗ്രഹകരമായിത്തീരട്ടെ, ദൈവത്തിന്റെ എല്ലാ ഭക്തർക്കും കക്ഷി വ്യത്യാസമെന്യേ, സ്ത്രീപുരുഷഭേദമെന്യേ, എല്ലാവർക്കും ലഭിക്കുന്ന ഒരു ദൈവകൃപയാണിത്. ആഗസ്റ്റ് 15–ന് തന്നെയാണ് പ. അബ്ദുൽ മ്ശിഹാ ബാവാ തിരുമേനിയും കാലം ചെയ്തത്. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയുടെ ഒരു അംഗീകാരമാണ് ഈ മഹത്തായ അവകാശം. എല്ലാ പരിശുദ്ധരുടെയും മാലാഖമാരുടെയും സഹകരണത്തോടുകൂടെ നമുക്കും സ്വർഗ്ഗത്തിലേക്ക് പോകുവാൻ ഭാഗ്യം ലഭിക്കട്ടെ. വി. ദൈവ മാതാവിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും പ്രത്യേകിച്ച് പ. അബ്ദൽ മശിഹാ തിരുമേനിയുടെയും പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ ഓഗ. 15



"നിർത്തീടരുതേ, പരിശുദ്ധേ! ഞങ്ങൾക്കായുള്ളർത്ഥനയെ ഞങ്ങളിലാർദ്രത തോന്നീടാ– നേകാത്മജനോടർത്ഥിക്ക."

## പ. പിതാക്കന്മാരുടെ ഓർമ്മ



പ. അബ്ദൽ മശിഹ പാത്രിയർക്കീസ് ബാവായുടെ 85–ാം ഓർമ്മ



അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 35–ാം ഓർമ്മ (ഓഗ. 6, പെരുനാട് ബഥനി ആശ്രമം)




ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 9–ാം ഓർമ്മ (ഓഗ. 19, മുളക്കുളം കർമ്മേൽകുന്ന് പള്ളി)

# അനുസ്മരണാവീചികൾ

## ഡോ. സാമുവൽ ചന്ദനപ്പള്ളി

*അനശ്വരപ്രതിഭയായ ഡോ. സാമുവേൽ ചന്ദനപ്പള്ളിയുടെ ആകസ്മികമായ വേർപാട് മലയാള സാഹിത്യത്തിനും മലങ്കരസഭയ്ക്കും ഒരു മഹാദുഃഖമായി അവശേഷിക്കുന്നു. പ്രിയങ്കരനായ ചന്ദനപ്പള്ളിസാറിനെക്കുറിച്ച് അനേകം മാന്യവ്യക്തികൾ ആത്മപ്രചോദനത്താൽ എഴുതിയ കുറിപ്പുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. അവയിൽനിന്ന് ചില ഭാഗങ്ങൾ മാത്രം ഈ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നു. രചനകളുടെ പൂർണ്ണരൂപത്തിലുള്ള പ്രസിദ്ധീകരണത്തിന് അല്പം കാത്തിരിക്കുക.* **പത്രാധിപർ**



ഡോ. സാമുവൽ ചന്ദനപ്പള്ളി

# ചന്ദനപ്പള്ളി: ഒരു ശ്രേഷ്ഠ മാനവൻ

### ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത

ഒരു വ്യക്തി ജീവിച്ചിരുന്നുവെന്ന് വരും തലമുറ അറിയപ്പെടണമെങ്കിൽ ഒന്നുകിൽ ജീവിതകാലത്ത് ആ വ്യക്തി സ്മരണീയമായ ചില നല്ല കാര്യങ്ങൾ ചെയ്തുവയ്ക്കണം. അല്ലെങ്കിൽ വരുംതലമുറയ്ക്ക് വായിച്ചു പ്രബുദ്ധരാകത്തക്കവണ്ണം നല്ല കാര്യങ്ങൾ എഴുതിവയ്ക്കണം. ശ്രേഷ്ഠ കൃതികൾ. ഇതിൽ രണ്ടാമത്തെ ഗണത്തിൽ ശ്രീ. ചന്ദനപ്പള്ളി ധന്യനാണ്. കേവലം 61 വർഷത്തെ ജീവിതത്തിനിടയിൽ നിരവധി ശ്രേഷ്ഠ കൃതികൾ അദ്ദേഹം രചിച്ച് ജനത്തിനു സമർപ്പിച്ചു. ഒരേസമയത്തുതന്നെ സാഹിത്യകാരനും, ഗ്രന്ഥകാരനും, ചരിത്രകാരനും, നിരൂപകനും ശ്രേഷ്ഠ ഗുരുവുമായി അദ്ദേഹം വിളങ്ങി. സാധാരണ നിരവധി സാഹിത്യകാരന്മാരേയും യുവതലമുറയേയും സ്വാധീനിക്കാറുള്ള ഒരു ദുഃസ്വഭാവവും അദ്ദേഹത്തെ തീണ്ടിയിട്ടുപോലുമില്ല. അദ്ദേഹത്തിന്റെ ദൈവവിശ്വാസത്തിന്റെയും ഓർത്തഡോക്സ് ക്രിസ്ത്യൻ പൗരുഷത്തിന്റെയും പ്രകാശനമാണിത്. ചന്ദനപ്പള്ളി മറ്റുള്ളവരിൽനിന്നും വളരെ വ്യത്യസ്ഥനായ തിളക്കമാർന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായ ഒരു ശ്രേഷ്ഠ മാനവനാണ്. ഊനമില്ലാത്ത ദൈവഭക്തി, അതിൽനിന്നും ഉത്ഭവിക്കുന്ന കറയില്ലാത്ത ദൈവവിശ്വാസം, തികഞ്ഞ സഭാസ്നേഹം ഇവയുടെ വിളനിലമായിരുന്നു സ്മരണീയൻ. ആദരണീയനായ ഗുരുഭൂതൻ, ശ്രേഷ്ഠനായ ഗവേഷകൻ, അർപ്പണബോധമുള്ള സത്യാന്വേഷി, കർമ്മനിരതനായ സാമൂഹ്യസേവകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം ശോഭിച്ചിരുന്നു. സി. ഡി. ശാമുവേൽ എന്ന പേരിൽ വിദ്യാർത്ഥിയായിരുന്ന കാലം മുതൽ ഞങ്ങൾ തമ്മിൽ വളർന്നു വന്ന സ്നേഹവും താല്പര്യവും സൗഹൃദവും നാളുകൾ കഴിയുന്തോറും വർദ്ധിച്ചുവന്നു. പഠിച്ച കോളജിൽതന്നെ (പത്തനംതിട്ട കാതോലിക്കേറ്റ്) നന്നേ ചെറുപ്രായത്തിൽ അദ്ധ്യാപകനായി പ്രവേശിച്ച ശ്രീ. ശാമുവേൽ നിസ്തന്ദ്രമായ പ്രവർത്തനത്താൽ വകുപ്പദ്ധ്യക്ഷനും വിശേഷാൽ ഗവേഷണ ഗുരുവുമായി ഉയർന്നു. മലയാള സാഹിത്യത്തിൽ Ph.D., D.Lit.തുടങ്ങിയ ഉന്നത ബിരുദങ്ങൾ നേടിയെടുത്ത് (കേരള യൂണിവേഴ്സിറ്റിയിലെ D.Lit. നേടുന്ന രണ്ടാമത്തെ വ്യക്തി) സ്വന്തനിലയിൽ Oriental Research Institute-ന്റെ സ്ഥാപക നേതാവായി പേരും പെരുമയും സമ്പാദിച്ച് പരിലസിക്കവേയാണ് ആകസ്മികമായി മരണം അദ്ദേഹത്തെ കീഴ്പ്പെടുത്തിയത്. അദ്ദേഹം അമരണനായി സ്ഥിതിചെയ്യും എന്നത് വാസ്തവം. കൂടുതൽ വിലപ്പെട്ട ഗവേഷണ ചരിത്രകൃതികളും സാഹിത്യ ഗ്രന്ഥങ്ങളും അദ്ദേഹത്തിൽനിന്നും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് ഈ ദുരന്തം അദ്ദേഹത്തെ ഗ്രസിച്ചത്. Life begins of Sixty എന്ന ആഗ്ലേയ ചൊല്ല് അംഗീകരിക്കുകയാണെങ്കിൽ അദ്ദേഹം യഥാർത്ഥമായി ജീവിക്കുവാൻ തുടങ്ങിയതേയുള്ളൂ. അറുപത്തി ഒന്നാം വയസ്സിൽ. "അന്യഥാചിന്തിതം കാര്യം ദൈവം അന്യത്ര ചിന്തയേൽ" എന്ന ചൊല്ല് എത്ര ശരിയാണ്. എന്നാൽ വി. പൗലോസ് അപ്പോസ്തോലനെപ്പോലെ "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു"വെന്ന് പ്രിയ ചന്ദനപ്പള്ളിയ്ക്കും പറയുവാൻ സാധിക്കുമെന്നു ഞാൻ കരുതുന്നു. "നീതിയുള്ള കിരീടം" ദൈവത്തിൽനിന്നും തന്റെ ദാസൻ പ്രാപിക്കട്ടെ! ദുഃഖാർത്തരായ കുടുംബാംഗങ്ങളോടും ബന്ധുമിത്രാദികളോടും ചേർന്ന് ആ പുണ്യാത്മാവിന് നിത്യശാന്തി നേരുന്നു. പ്രാർത്ഥിക്കുന്നു. □

# ചന്ദനപരിമളം

### ബിജു ഏബ്രഹാം കൂടൽ

ഇരുൾ വന്നുമൂടുന്നീയിരുളിന്നുമീതേ
പ്രകാശം ചൊരിഞ്ഞോരു ഗോളം മറഞ്ഞു
ചന്ദനംപോലെ പരിമളം പങ്കുവച്ചന്യരിൽ
ദീപ്തപ്രകാശം പരത്തിയിട്ടുത്തരമില്ലാത്ത
ചോദ്യമായി.
ഒരു മാത്ര ഹൃത്തിൽ തുടിക്കും വിലാപ
ക്കടലിൽ തെളിയും നിൻ വർണ്ണചിത്രം
കഴിയില്ലെനിക്കുപകർത്തുവാൻ ചങ്കിലെ
മഷിവറ്റുവരളുന്നതെന്തുകൊണ്ടോ.
തൂലികത്തുമ്പിലെയക്ഷരമായിരം
നാവായി നാവോ മധുരമായി
പദവും പദാനുപദങ്ങൾ പിണഞ്ഞോരു
സ്ഫുടമായ വാക്കുകൾ പിന്നെയും പിന്നെയും
പദം പദംവച്ചൊരു താളത്തിലവയെന്റെ
ചങ്കിൽ ചിലമ്പുന്ന നാദമായി.
ഇടിവെട്ടും നാദമായ് ഇരുളിന്റെ മരണമായ്
വിജ്ഞാനദീപ്തപ്രകാശമാം വീചിയായ്
മഴയായി മഞ്ഞായ് മനസ്സിൽ തണുപ്പിന്
കവചമായ് മാറിയോരക്ഷരങ്ങൾ
ശബ്ദാക്ഷരത്തിന്റെ ഗംഭീരമായൊരു
നാദമായ് നാഥനായ് ശോഭിച്ചു നീ.
പാവനമായ പരിമളമായി നീ
പൊട്ടിച്ചിതറും സുഗന്ധമായി
എത്രയോ ശ്രേഷ്ഠപിതാക്കൾ ചരിതമാ
തൂലികത്തുമ്പിലാവാഹിച്ചു വെച്ചുനീ
ഭാഷയ്ക്കു നല്കിയ മൂല്യമാം മുത്തുകൾ
വെന്നിക്കൊടിയാക്കി നിൻചരിതം.
അക്ഷരക്കൂട്ടത്തിനജപാലനനായകൻ
അക്ഷയനിധിതന്നുറവയായ് നീ
അറിയാതെയറിയാതെയറിവിൻകയങ്ങളി
ലഴകുള്ള രാജകുമാരനായ് മാറി നീ.
പിന്നെയും പിന്നെയുമാഴക്കടലിലെ
മുത്തും പവിഴവും തേടിനീ ഞങ്ങൾക്ക്
കാഴ്ചയായ് വച്ചുള്ളൊരറിവിൻ കനിയിന്ന്
ഖനിയായൊരത്ഭുതമായി വിളങ്ങവേ
അറിയാതെയറിയാതെ മൗനമായ് നീ
സ്വർഗ്ഗവാതില്പടികൾ കയറവേ ഞങ്ങളി
ലെങ്ങോ വിതുമ്പുന്നിതാരോ – ഇനിയെന്ത്?

●







# മിഷനറി ഗദ്യത്തിന്റെ പ്രവാചകൻ

### ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലയാള സാഹിത്യത്തിൽ മിഷനറി മലയാളത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തിയ ഗവേഷണ പ്രതിഭയായിരുന്നു ഡോ. സാമുവൽ ചന്ദനപ്പള്ളി (1940–2000). മലയാള സാഹിത്യത്തിനും ഭാഷയ്ക്കും ക്രൈസ്തവ മിഷനറിമാരും പിതാക്കന്മാരും നല്കിയ ബൈബിൾ സംസ്ക്കാരത്തിന്റെ വേരുകൾ കണ്ടെത്താനായി മലയാള ഗദ്യസാഹിത്യം, കേരള സംസ്ക്കാരം, സഭാപിതാക്കന്മാരുടെ ചരിത്രം എന്നീ മേഖലകളിൽ അദ്ദേഹം ഗവേഷണം കേന്ദ്രീകരിച്ചു. മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങളിൽ മിഷനറിമാരും ബൈബിൾ സംസ്ക്കാരവും വളരെ സ്വാധീനിച്ചിട്ടുണ്ടെന്ന് ഗവേഷണ പ്രബന്ധം വഴി ഡോ. സാമുവൽ ചന്ദനപ്പള്ളി ശാസ്ത്രീയമായി തെളിയിച്ചു. മിഷനറി മലയാളത്തെ മലയാള ഗദ്യസാഹിത്യപഠനത്തിന്റെ പ്രധാന ശാഖയാക്കിയതിൽ അദ്ദേഹത്തിന് മുഖ്യ പങ്കുണ്ട്.

മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങളിൽ വിദ്ദേശികളും സ്വദ്ദേശികളുമായ ക്രൈസ്തവ മിഷനറിമാർ നല്കിയ സംഭാവനകൾ അപഗ്രഥിക്കുന്നതിനുള്ള പഠന ശാഖയായി മിഷനറി മലയാളത്തെ വളർത്തുവാൻ ഡോ. സാമുവൽ ചന്ദനപ്പള്ളിക്കു കഴിഞ്ഞു. ഫ്യൂഡൽ വ്യവസ്ഥയുടെ കാഴ്ചപ്പാടിൽ പാതിരിമലയാളത്തിന് പതിത്വം കല്പിച്ച സാഹിത്യത്തിലെ വരേണ്യവർഗ്ഗത്തോടുള്ള കടുത്ത അമർഷവും പ്രതിഷേധവുമാണ് മിഷനറി ഗദ്യത്തിൽ ഗവേഷണം നടത്തുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

കേരള സംസ്ക്കാരത്തിലും സാഹിത്യത്തിലും ക്രൈസ്തവ സമൂഹവും വ്യക്തികളും വഹിച്ച പങ്കാളിത്തവും ഡോ. സാമുവൽ ചന്ദനപ്പള്ളി അന്വേഷിച്ചു. മലങ്കര സഭാ പിതാക്കന്മാരെക്കുറിച്ചുള്ള ഗവേഷണം മിഷനറി മലയാള ഗദ്യപഠനത്തിന്റെ ഭാഗമാണ്.

പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ (1848–1902) കല്പനകൾ, പ്രസംഗങ്ങൾ, ഡയറിക്കുറിപ്പുകൾ എന്നിവയുടെ അന്വേഷണത്തിലൂടെയാണ് ഈ ബ്രഹത് ഗ്രന്ഥം രൂപപ്പെട്ടത്.

മലയാള സഞ്ചാരസാഹിത്യം ഊർശ്ലേം യാത്രാവിവരണ (1895)ത്തിന്റെ പ്രാധാന്യം ആദ്യമായി (1980) അവതരിപ്പിച്ചത് ഡോ. സാമുവൽ ചന്ദനപ്പള്ളിയാണ്. പ്രഥമ ബൈബിൾ വിവർത്തകനായി കായംകുളം ഫീലിപ്പോസ് റമ്പാനേയും സാഹിത്യചരിത്രത്തിൽ പ്രതിഷ്ഠിച്ചു.

മലയാള ഗദ്യസാഹിത്യചരിത്രത്തിൽ മിഷനറി മലയാളത്തിന്റെ പ്രാധാന്യം ശാസ്ത്രീയമായി അവതരിപ്പിച്ച ഗവേഷണ പ്രതിഭയായിരുന്നു ഡോ. സാമുവൽ ചന്ദനപ്പള്ളി. മിഷനറി മലയാളത്തിൽ നടത്തിയ ഗവേഷണംകൊണ്ട് എന്തുനേടി എന്നതിന് അദ്ദേഹം നല്കുന്ന മറുപടി ശ്രദ്ധേയമത്രേ:

പാതിരി മലയാളത്തിന്റെ പതിത്വം നീക്കി അതു പഠനാർഹമായ വിഷയമാ

# ദൈവം കേട്ടശബ്ദം; സുഗന്ധം പരത്തിയ രചന; വിശുദ്ധി വിളങ്ങിയ മനസ്സ്

### ഫാ. ഡോ. ജേക്കബ് കുര്യൻ

ചന്ദനപ്പള്ളിസാറിന്റെ സാന്നിധ്യം അന്തരംഗങ്ങളിൽ അഭിമാനവും ആശ്വാസവും ആനന്ദവും പകർന്നിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാട് അന്തരാളത്തിൽ ഒരു ശൂന്യത സൃഷ്ടിച്ചിരിക്കയാണ്. ഒരുപക്ഷേ, ആകസ്മികത എന്നതിന് അദ്ദേഹത്തിന്റെ ജീവിതകഥയിൽ പ്രത്യേക സ്ഥാനം ഉണ്ടായിരുന്നിരിക്കാം. അത്യുജ്ജ്വലമായ അദ്ദേഹത്തിന്റെ വാഗ്ധോരണിയിൽ അടുക്കിയടുക്കിവയ്ക്കപ്പെടുന്ന വാക്കുകൾക്ക് ഒരാകസ്മികത ഉണ്ടായിരുന്നു. സ്വകീയമായ രചനാപരമ്പരയിൽ അദ്ദേഹം നിർദ്ദേശിച്ച പ്രമേയങ്ങൾക്കും ഒരാകസ്മികതയുണ്ടായിരുന്നു; പണവും പ്രതാപവും ലക്ഷ്യമാക്കാതെയുള്ള ആ ഏകാന്തപഥികന്റെ ജീവിതയാത്രയിൽ മനോഹരമായി കണ്ടതിനും കാണിച്ചുതന്നതിനും ഒരാകസ്മികതയുണ്ടായിരുന്നു. അവസാനം, ശാന്തിയുടെ തീരത്തേക്ക് അദ്ദേഹം തോണികയറിപ്പോയതും തികച്ചും ആകസ്മികമായിട്ടായിരുന്നു.

ചന്ദനപ്പള്ളിസാറിനെ കേൾക്കുന്നതായിരുന്നു എനിക്കേറ്റവും ഇഷ്ടം. വാഗാർത്ഥപ്രതിപത്തിയുടെ വാഗ്ഭടനായിരുന്നു അദ്ദേഹം. ആശയങ്ങളുടെ ആഴമനുസരിച്ച് ആരോഹണാവരോഹണശൈലി സ്വീകരിക്കുന്ന അദ്ദേഹത്തിലെ പദവിന്യാസവും ശൈലീഭദ്രതയും അനന്യമായിരുന്നു. ഒരു പ്രസംഗകനും ഗുരുവും ആയിട്ടായിരിക്കും അനേകരും അദ്ദേഹത്തെ ദർശിച്ചിട്ടുള്ളത്. ആ വാക്കുകളിൽ സ്നേഹത്തിന്റെ തൂവൽസ്പർശവും, വിമർശനത്തിന്റെ മുൾമുനയും സമന്വയിച്ചിരുന്നു. ആ മുഖത്ത് നിറവുള്ള അറിവിന്റെ ശാന്തത കളിയാടി. ആ കണ്ണുകളിൽ ഭാഷാചരിത്രത്തിലെയും സഭാചരിത്രത്തിലെയും മുൻവിധികളെ ദഹിപ്പിക്കുന്ന ധൈഷണിക കനലുകൾ ജ്വലിച്ചുനിന്നു.

ചന്ദനപ്പള്ളിസാറിനെ വായിക്കുന്നതും ആനന്ദകരമായിരുന്നു. അദ്ദേഹത്തിന്റെ തൂലിക വിവിധ വർണ്ണങ്ങളിൽ എഴുതി. മിഷണറി ഗദ്യം മുതൽ ജീവചരിത്രം വരെ അനേകം പവിത്രരചനകൾ അദ്ദേഹത്തിൽനിന്നും മലയാളത്തിനു ലഭിച്ചു. ഒരു വർഗ്ഗീയവാദിയല്ലെന്നു തെളിയിച്ചുകൊണ്ട്. ഭാഷാ ചരിത്രത്തിലെ വർഗ്ഗവൽക്കരണത്തിനെതിരായി പൊരുതിയ ഒരു രചനാവൈഭവം അദ്ദേഹത്തിന്റെ സ്വന്തമാണ്. സഭാപൈതൃകത്തിൽ അഭിമാനിക്കുവാനും ആദരിക്കുവാനും പലരും, പലതും, ഉണ്ടെന്നദ്ദേഹം തെളിയിച്ചു. പരുമല തിരുമേനിയെപ്പോലുള്ളവർ ഏതെങ്കിലും പ്രത്യേക സമൂഹത്തിന്റെ അനുഷ്ഠാനപദ്ധതിയിൽ തളച്ചിടപ്പെടുമ്പോൾ ചന്ദനപ്പള്ളി സാറിന്റെ തൂലിക അസ്വസ്ഥമായി പലതും കുറിച്ചുകൊണ്ടിരുന്നു.

ചന്ദനപ്പള്ളി സാറിന്റെ സൗഹൃദവലയത്തിൽ അനേകരുണ്ടായിരുന്നു. നർമ്മവും, നൈർമ്മല്യവും നിറഞ്ഞ ബന്ധങ്ങളിൽ അദ്ദേഹം അനേകരെ ബന്ധനസ്ഥരാക്കിയിരുന്നു. അവർക്കൊക്കെ ആ ബന്ധനം ഒരു ശക്തിസ്രോതസും, ഉണർത്തുപാട്ടും, പ്രോത്സാഹനവുമായി പരിണമിച്ചിരുന്നു.

സാമുവൽ എന്ന പേരിന്റെ അർത്ഥം ദൈവം കേട്ടുവെന്നാണ്. ചന്ദനത്തിന്റെ രഹസ്യം ഉള്ളിലെ സുഗന്ധമാണ്. പള്ളിയുടെ ഉൾക്കനം വിശുദ്ധിയാണ്. ചന്ദനപ്പള്ളി സാറിന്റെ ശബ്ദം ദൈവം കേട്ടതും ദൈവം കേൾപ്പിച്ചതുമായിരുന്നു. അദ്ദേഹത്തിന്റെ രചന മൗലിക ജ്ഞാനത്തിന്റെ സുഗന്ധം പരത്തി, അദ്ദേഹം വിശുദ്ധി വിളങ്ങിയ ഒരു മനസ്സിന്റെ ഉടമയുമായിരുന്നു. ○

# ചന്ദനവും പള്ളിയും

**പോൾ മണലിൽ**



മലങ്കര സഭാപിതാക്കന്മാർ എന്ന ബൃഹദ്ഗ്രന്ഥം എഴുതിക്കഴിഞ്ഞപ്പോൾ ഡോ. സാമുവൽ ചന്ദനപ്പള്ളി എന്നോട് പറഞ്ഞു, ഇനി സഭാസപര്യ നിർത്തുകയാണെന്ന്. അക്കാര്യം ആ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയ ഗ്രന്ഥകർത്താവിനെപ്പറ്റിയുള്ള കുറിപ്പിൽ ഞാൻ രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ അടുത്ത രചന 'ചന്ദനവും പള്ളിയും' എന്ന ഗ്രന്ഥമാണെന്നും സാഹിത്യസപര്യയിലേക്കുള്ള രണ്ടാമൂഴമായി പുതിയ കൃതിയെ കാണാമെന്നും ഡോ. ചന്ദനപ്പള്ളി പറഞ്ഞിരുന്നു.

പിന്നീടെത്തിയ 'ചന്ദനവും പള്ളിയും' എന്ന ഗ്രന്ഥം ഞാൻ ആർത്തിയോടെ വായിച്ചു. ഗ്രന്ഥനാമംതന്നെ തലക്കെട്ടായി സ്വീകരിച്ചിട്ടുള്ള അതിലെ ആദ്യ ലേഖനം എന്നെ ഏറെ ആകർഷിച്ചു. തന്റെ പേരിന്റെ പൊരുൾ വെളിപ്പെടുത്തുന്ന ഒരു ഉപന്യാസമായിരിക്കും അതെന്നു കരുതിയാണ് ഞാൻ വായിച്ചു തുടങ്ങിയതെങ്കിലും തന്റെ പേരിന്റെ ഭാഗമായി മാറിയ ഒരു ഗ്രാമത്തിന്റെയും സംസ്കാരത്തിന്റെയും ആത്മാവിലേക്കൊരു തീർത്ഥയാത്രയായിരുന്നു അത്യുത്കൃഷ്ടമായ ആ രചന.

സാഹിത്യത്തിലേക്കൊരു തിരിച്ചുവരവായി പ്രഘോഷിക്കപ്പെട്ട് രചിച്ച ചന്ദനവും പള്ളിയും ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ സഭാസപര്യയുടെ രണ്ടാമൂഴമായി പരിണമിക്കയാണ് ചെയ്തത്. സമുദായത്തിന്റെ തട്ടകത്തിലേക്കു അദ്ദേഹം പൂർവ്വാധികം കരുത്തോടെ ഇറങ്ങിവന്നു. സഭാസേവനത്തിന്റെ ഊഴങ്ങളും ഓട്ടങ്ങളും അദ്ദേഹം തികച്ചു. അന്തരിക്കുന്നതിനുമുമ്പ് അദ്ദേഹം തയ്യാറാക്കിയ ഗ്രന്ഥം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെപ്പറ്റിയായിരുന്നു. അതിന്റെ ഒന്നോ രണ്ടോ അദ്ധ്യായം കൂടി മാത്രമേ എഴുതിത്തീർക്കാൻ ഉണ്ടായിരുന്നുള്ളൂ. ഇതിനിടയിൽ അദ്ദേഹം നിരവധി സഭാപിതാക്കന്മാരെപ്പറ്റി എഴുതുകയും ഗവേഷണം നടത്തുകയും ചെയ്തു.

ചന്ദനപ്പള്ളിയുടെ ജീവിതവും സുഗന്ധവ്യാപിയായിരുന്നു. ചന്ദനം ഉരഞ്ഞില്ലാതാകുന്നപോലെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. സാഹിത്യത്തിന്റെയും രാഷ്ട്രീയത്തിന്റെയും വിശാലതയിൽ നിന്നു പൗരുഷം നഷ്ടപ്പെട്ട സമുദായത്തെ പ്രോജ്വലിപ്പിക്കാൻ അദ്ദേഹം എത്തി. അദ്ദേഹം സമുദായത്തിൽ സ്വയം പൂജ്യമായി മാറി. ആ പൂജ്യതയിൽനിന്നാണ് അദ്ദേഹം സംപൂജ്യനായി വളർന്നത്. ഈ കൊച്ചുസമുദായത്തിന്റെ പാരമ്പര്യവും ചരിത്രവും ആദരണീയമാണെന്നു അദ്ദേഹം നമുക്കു പറഞ്ഞു തന്നു.

സഭയെ സ്നേഹിക്കാനുള്ള സന്മനസ്സും ദൈവസ്നേഹം അനുഭവിക്കാനുള്ള സൗഭാഗ്യവും ഡോ. സാമുവൽ ചന്ദനപ്പള്ളിക്കുണ്ടായി. വലിയ സ്ഥാനങ്ങളോ പദവികളോ അദ്ദേഹം ആഗ്രഹിച്ചില്ല. വലിയ അധികാരകേന്ദ്രങ്ങളുടെ മുമ്പിൽ തലകുനിക്കാൻ അദ്ദേഹത്തിന്റെ പൗരുഷം സമ്മതിച്ചിരുന്നില്ല. അതിനാൽ സാഹിത്യത്തിലും രാഷ്ട്രീയത്തിലും സമൂഹത്തിലും ഡോ. ചന്ദനപ്പള്ളിക്കു അർഹമായതു ലഭിച്ചില്ല. മറ്റു രംഗങ്ങളിൽ നഷ്ടപ്പെട്ടതു തിരിച്ചുനല്കാൻ സമുദായത്തിനു കഴിഞ്ഞതുമില്ല. എന്നാൽ അദ്ദേഹം അതിലൊന്നും കുണ്ഠിതപ്പെട്ടില്ല. അദ്ദേഹം മരണം വരെയും സഭയെ സ്നേഹിച്ചു. കണ്ണിലെ കൃഷ്ണമണിപോലെ അദ്ദേഹം സഭയെ കരുതി.

ഡോ. ചന്ദനപ്പള്ളി എനിക്കു ഗുരുവും സഹോദരനുമായിരുന്നു. അദ്ദേഹമെന്നെ സ്നേഹിക്കുകയും ശാസിക്കുകയും ചെയ്തിട്ടുണ്ട്. മരണത്തെ സ്വീകരിക്കുന്നതിനുമുമ്പ്, ഓപ്പറേഷൻ തീയറ്ററിലേക്കു പ്രവേശിക്കുന്നതിനുമുമ്പ്, അദ്ദേഹമെന്നെ ഫോണിൽ വിളിച്ചു. ഞാൻ പറഞ്ഞു, പണ്ട് വെല്ലൂരിൽ ചികിത്സക്കുപോയി തിരിച്ചുവന്നപ്പോൾ സാറിനു കരുണയുടെ പാണികൾ എന്ന കൃതി എഴുതാൻ കഴിഞ്ഞു. ഇത്തവണയും സാറിനൊരു കൃതി എഴുതാൻ അവസരം കിട്ടും.

കരുണയുടെ പാണികർക്കു രണ്ടാം ഭാഗം എഴുതാൻ പക്ഷേ, ഡോ. ചന്ദനപ്പള്ളിക്കായില്ല. അദ്ദേഹത്തിന്റെ ആത്മകഥ എഴുതിത്തീർക്കാൻ കഴിയാത്ത ഒരദ്ധ്യായമാണ്. അദ്ദേഹം സ്വന്തം വേദനയും നൊമ്പരവും എഴുതുന്നതിനുപകരം മറ്റുള്ളവരുടെ പ്രത്യാശകൾ നമുക്കുവേണ്ടി എഴുതിവച്ചു. എന്താണ് ഡോ. ചന്ദനപ്പള്ളിയുടെ സംഭാവനയെന്നു ചോദിച്ചാൽ അതിനു ഒറ്റവാക്കിൽ ഉത്തരമില്ല. അതു മനസ്സിലാക്കാൻ കാലം ചന്ദനപ്പള്ളിയെപ്പറ്റി ഗവേഷണം നടത്തുമെന്നു എനിക്കു തീർച്ചയുണ്ട്.

എന്റെ വീക്ഷണത്തിൽ ചന്ദനപ്പള്ളിയുടെ സംഭാവന, പൈതൃകത്തിന്റെ പൗരുഷവും സംസ്ക്കാരത്തിന്റെ പൈതൃകവുമാണ്. നമ്മുടെ സഭാപിതാക്കന്മാരെ വിലയിരുത്തിയപ്പോൾ ഈ തിരിച്ചറിവാണ് അദ്ദേഹം നമുക്കു പറഞ്ഞു തന്നത്. നമുക്കു പൈതൃകമില്ലാത്ത ഒരു സഭയായി വളരാൻ പറ്റില്ല. സംസ്ക്കാരമില്ലാത്ത പൈതൃകം കൊണ്ടും കാര്യമില്ല. അദ്ദേഹം എഴുതിയതു മാത്രമല്ല, പ്രസംഗിച്ചതും ഇതൊക്കെ തന്നെയാണ്. പൈതൃകത്തിലും സംസ്ക്കാരത്തിലും അദ്ദേഹം പൗരുഷം കണ്ടെത്തി. ●

ണെന്നു പണ്ഡിതന്മാരുടെ ശ്രദ്ധയിൽപ്പെടുത്തി. പലരും ആ വഴിക്കു തിരിഞ്ഞു. മിഷനറി മലയാളത്തിൽ ഗവേഷണം നടത്താൻ എന്തെങ്കിലും ഉണ്ടോയെന്ന സംശയം നീക്കാൻ കഴിഞ്ഞു. ഇപ്പോൾ പലരും ആ രംഗത്തുണ്ട്. അവർക്കു പുതിയ വഴി കാണിച്ചുകൊടുക്കുവാൻ കഴിഞ്ഞല്ലോ എന്ന സംതൃപ്തിയുണ്ട്. (മലങ്കര സഭാ പിതാക്കന്മാർ (1990)

സുതാര്യമായ അവതരണശൈലി, ശുദ്ധമായ ഭാഷ, നിഗമനങ്ങളിലെ സൂക്ഷ്മനിരീക്ഷണത്വം, സഭാചരിത്രവിശ്വാസപരമായ കാര്യങ്ങളിലുള്ള അഗാധ പാണ്ഡിത്യം, അനിതര സാധാരണമായ ബുദ്ധി, കേരളസാംസ്ക്കാരിക-ചരിത്ര പശ്ചാത്തലങ്ങളുടെ അവബോധം എന്നിവ ഡോ. സാമുവേൽ ചന്ദനപ്പള്ളിയെ പ്രകാശം പരത്തുന്ന ഗവേഷണ പ്രതിഭയാക്കി.

ജീവിതത്തിന്റെ വിശുദ്ധിയും നൈർമ്മല്യവും വാക്കിലും എഴുത്തിലും കാത്തുസൂക്ഷിച്ചു. ചന്ദനത്തിന്റെയും പള്ളിയുടെയും വിശുദ്ധിയുടെ സുഗന്ധം മലയാളത്തിന് തിരികെ നല്കിയിട്ട് അറുപതാം വയസ്സിൽ ഡോ. സാമുവൽ ചന്ദനപ്പള്ളി യാത്രയായി. □





# അക്ഷരത്തിൽനിന്ന് ആത്മാവിലേക്ക്

**ഫാ. ഡോ. കെ.എം. ജോർജ്**



ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ വേർപാടിന്റെ ഓർമ്മ മനസ്സിൽ വരുമ്പോഴെല്ലാം ഹൃദയത്തിന്റെ ആഴങ്ങളിൽ എവിടെയോ നിന്ന് തേങ്ങലുകൾ ഉയരുന്നു. ഇത് അസാധാരണമായ അനുഭവമായി തോന്നുന്നു. സാധാരണഗതിയിൽ സ്നേഹിതർ അന്ത്യയാത്ര പറയുമ്പോൾ നമുക്കെല്ലാം ദുഃഖം ഉണ്ടാകും. യാത്രാവന്ദനം ചൊല്ലി കടുത്ത ദുഃഖത്തെയും നാം ഒതുക്കുന്നു. എന്നാൽ ഇവിടെ ഈ വേർപാടിനെ അംഗീകരിക്കാൻ അബോധമനസ്സ് കൂട്ടാക്കാത്തതുപോലെ താനുൾപ്പെട്ടു നില്ക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ ആധുനിക ചരിത്രത്തെക്കുറിച്ച് ഹൃദയ വ്യഥയോടെ അന്വേഷിച്ച പണ്ഡിതനായിരുന്നു സാമുവൽ ചന്ദനപ്പള്ളി.

മലങ്കരസഭയുടെ ആധുനിക ചരിത്രം വ്യവഹാരങ്ങളുടെ ദുരന്തകഥ മാത്രമല്ല, ആഴമേറിയ വിശ്വാസപരീക്ഷണങ്ങളുടെയും അവഗാഢമായ വേദശാസ്ത്രവിചിന്തനങ്ങളുടെയും പ്രതിബദ്ധതയാർന്ന സാമൂഹിക-മിഷണറി ദൗത്യത്തിന്റേതുമാണ് എന്ന് നമുക്ക് തെളിയിച്ചു തന്നത് ഡോ. ചന്ദനപ്പള്ളിയാണ്. കഴിഞ്ഞ ഇരുന്നൂറ് വർഷങ്ങളിലെ നമ്മുടെ സഭാചരിത്രത്തിന്, വസ്തുതകളുടെ അടിസ്ഥാനത്തിൽ പുതിയൊരു വ്യാഖ്യാനം നല്കാൻ അദ്ദേഹത്തെ ദൈവം ശക്തനാക്കി.

അക്ഷരങ്ങളെ സ്നേഹിച്ച് അനശ്വരനായിത്തീർന്ന ചന്ദനപ്പള്ളി മലയാള ഭാഷയുടെ ഒരു വലിയ വഴിത്തിരിവിന് സജീവ സാക്ഷിയായി നില്ക്കുന്നത് നാം ശ്രദ്ധിക്കേണ്ടതാണ്. മിഷണറി മലയാളത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ പതിനാറാം നൂറ്റാണ്ടിന്റെ അവസാനം നടന്ന ഉദയംപേരൂർ സുന്നഹദോസിൽ ആരംഭിക്കുന്നു. മിഷണറി ഗദ്യം അതിന്റെ എല്ലാ കുറവുകളോടുംകൂടി തന്നെ മലയാള ഭാഷയുടെ ആധുനിക യുഗത്തിലേക്കുള്ള കാൽവെയ്പ്പാണ്. അത് വേർതിരിച്ച് പഠിച്ച് ഒരു പ്രത്യേക ഗവേഷണ ശാഖയാക്കിയതിൽ ചന്ദനപ്പള്ളിയോട് കേരളം മുഴുവൻ കടപ്പെട്ടിരിക്കുന്നു. മലയാള ഭാഷയെ ഊർജ്ജസ്വലമാക്കി ദാർശനികവും സാഹിതീയവും ശാസ്ത്രീയവുമായ ആവിഷ്ക്കാരത്തിന് സജ്ജീകരിച്ച ആദ്യകാല ശക്തിയാണ് മിഷണറി ഗദ്യം. ക്രൈസ്തവ പാരമ്പര്യത്തിന്റെ സമുജ്ജ്വല സംഭാവന കൂടിയാണിത്. ഈ പഠനശാഖയുടെ തുടർച്ചയെന്നോണമാണ് മലങ്കര സഭാപിതാക്കന്മാരുടെ കൃതികളെക്കുറിച്ചുള്ള അന്വേഷണം താൻ ആരംഭിച്ചത് എന്ന് ചന്ദനപ്പള്ളി, പോൾ മണലിലുമായുള്ള അഭിമുഖത്തിൽ വ്യക്തമാകുന്നുണ്ട്.

സാമുവൽ ചന്ദനപ്പള്ളിയുടെ അനുപമ വ്യക്തിത്വത്തെ അലങ്കരിച്ചിരുന്ന രണ്ട് ഗുണങ്ങളെ പ്രത്യേകം എടുത്തു പറയേണ്ടതാണ്. ആത്മാർത്ഥത, ആന്തരിക വിനയം എന്നിവയായിരുന്നു അവ. താൻ ഏറ്റെടുത്ത എല്ലാ കാര്യങ്ങളിലും സമ്പൂർണ്ണമായ ആത്മസമർപ്പണം. ഇതാണ് ആത്മാർത്ഥതയുടെ ശരിയായ അർത്ഥം. അതുപോലെ, ബാഹ്യനേട്ടങ്ങളിൽ പതറിപ്പോകാതെ, പ്രശംസകളിൽ അടിതെറ്റാതെ ആത്മാവിന്റെ ആന്തരിക വിനയം അദ്ദേഹം കാത്തുസൂക്ഷിച്ചു. സമുന്നതരായ പലരെയും വിഭ്രമിപ്പിക്കുന്ന അധികാരമോഹവും ദ്രവ്യാഗ്രഹവും അദ്ദേഹത്തെ സ്പർശിച്ചില്ല.

സഭയുടെയും സമൂഹത്തിന്റെയും ജീവധാരയെ സുഗന്ധപൂരിതമാക്കാൻ നിയോഗം ലഭിച്ച വ്യക്തിയായിരുന്നു സാമുവൽ ചന്ദനപ്പള്ളി. അഹങ്കാരവും വഞ്ചനയും സ്വാർത്ഥതയും ഇല്ലാതെ അദ്ദേഹം തന്റെ ചുമതല നിറവേറ്റി. അകാലത്തിൽ സംഭവിച്ച ആ വേർപാട് നമുക്ക് തീരാദുഃഖമായി. കാരണം, ചന്ദനപ്പള്ളിയ്ക്ക് പകരം നിൽക്കാൻ നമുക്ക് മറ്റൊരാളില്ല. അദ്ദേഹം തന്റെ പ്രമുഖ കൃതിയെക്കുറിച്ചു പറയുന്നത് ശ്രദ്ധിക്കുക:

'ഒരു ചരിത്രനിയോഗം പോലെയാണ് എന്റെ റോൾ. ഞാൻ എന്തോ ചെയ്യുന്നു. ആരോ ചെയ്യിക്കുന്നു. ഒരു സാർവലൗകിക കാഴ്ചപ്പാടാണ് ഇതിനു പിന്നിൽ. ഇതിലെ ആശയവും ദർശനവും സർവ്വമനുഷ്യർക്കും വേണ്ടിയുള്ളതാണ്. അതിൽ സംതൃപ്തിയുണ്ട്.'

'മലങ്കരസഭ പിതാക്കന്മാർ' എന്ന പുസ്തകത്തിന് സ്വന്തം ജീവിതവും പ്രവർത്തനവും കൊണ്ട് ഒരു പുതിയ അദ്ധ്യായംകൂടി രചിച്ച ചന്ദനപ്പള്ളിയ്ക്ക് സമുന്നതരായ സഭാപിതാക്കന്മാർക്ക് തുല്യമായ അന്ത്യയാത്രയയപ്പാണ് ലഭിച്ചത്. കർത്താവ് തന്റെ വലിയ മഹത്വത്തിൽ നമ്മുടെ പ്രിയ സഹോദരനെ പങ്കാളിയാക്കട്ടെ. ◆

## സ്നേഹിതരുടെ/ശിഷ്യഗണങ്ങളുടെ ശ്രദ്ധയ്ക്ക്

ചന്ദനപ്പള്ളി സാറിന്റെ അകാലനിര്യാണം സ്നേഹിതർക്കും ശിഷ്യർക്കും അഭ്യുദയ കാംക്ഷികൾക്കും കനത്ത ആഘാതമായിരുന്നു. ദുഃഖത്തിന്റെ മഷിത്തുമ്പിൽ മുക്കിയ അനേകം ലേഖനങ്ങൾ മലങ്കരസഭയിൽ ലഭിച്ചു. നിർഭാഗ്യവശാൽ അതെല്ലാം പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചില്ല. തന്നിമിത്തം ലഭിച്ച ലേഖനങ്ങളുടെ സമാഹാരം പുസ്തകമായി പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു. സാറിനെയും സാറിന്റെ കൃതികളെപ്പറ്റിയുള്ള പഠനങ്ങൾ ക്ഷണിക്കുന്നു.

സാറിന്റെ സ്നേഹിതരും സഹൃദയരുമായ പ്രിയപ്പെട്ടവരോട് ഒരഭ്യർത്ഥന. ജീവിതം സാഹിത്യത്തിനും സഭയ്ക്കും വേണ്ടിയുഴിഞ്ഞുവച്ച ചന്ദനപ്പള്ളി സാറിന്റെ സ്മരണയ്ക്കുമുമ്പിൽ സമർപ്പിക്കുന്ന ഈ സമാഹാരത്തിന് നിങ്ങളാലാവുന്ന സാമ്പത്തിക സഹായം നല്കി ഈ ഉദ്യമത്തെ വിജയിപ്പിക്കണം.

ജീവകാരുണ്യ ധനസഹായാപേക്ഷകൾ ക്ഷണിക്കുന്നു

# മരുഭൂമിയിലെ നീരുറവ

## (സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ)

STOC OFFICE, Basil Jubilee Center ർ
Bathani Aramana, Thiruvalla, Kerala-689 101

ഈ കോൺഗ്രിഗേഷൻ പതിവുപോലെ 2000-ലും താഴെ പറയുന്ന ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

1. **ചികിത്സാ ധനസഹായം:** മാരക രോഗങ്ങൾ ബാധിച്ച നിരാലംഭരും സാധുക്കളുമായ രോഗികൾക്കു പരിമിതമായ ധനസഹായം നല്കുന്നു.
2. **വിവാഹ ധനസഹായം:** സാമ്പത്തീക പരാധീനതമൂലം വിവാഹം നടത്തുവാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ 25 പെൺകുട്ടികളുടെ വിവാഹത്തിനു 12,000 രൂപാ വീതം നല്കി സഹായിക്കുന്നു.
3. **ജീവസന്ധാരണ ധനസഹായം:** അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിലിലൂടെ ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം നല്കി സഹായിക്കുന്നു.
4. 45 വയസ്സിൽ താഴെയുള്ള വിധവകളുടെ അപേക്ഷയിൽനിന്നും STOCസ്ത്രീസമാജം ഭവനധനസഹായം നല്കുന്നു. ഇതിലേക്ക് കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽനിന്നും അപേക്ഷിക്കാവുന്നതാണ്.
5. **വിദ്യാഭ്യാസ ധനസഹായം:** നിർദ്ധനരും പഠനത്തിൽ സമർത്ഥരുമായവർക്ക് SSLC-ക്കു ശേഷമുള്ള വിദ്യാഭ്യാസത്തിന് ധനസഹായം നല്കുന്നു.
6. **MEDICAL CAMP:** കോൺഗ്രിഗേഷന്റെ Sponsorship-ൽ ഒരു സൗജന്യ Medical Camp നടത്തുവാൻ ആഗ്രഹിക്കുന്നു.
7. **SPECIAL PROJECT:** മലങ്കര സഭയിലെ ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ ഒരു പ്രത്യേക പദ്ധതിക്ക് 80,000 രൂപായിൽ കവിയാത്ത തുക നല്കുന്നതാണ്.
8. മലങ്കരസഭയുടെ മാർച്ചു ലക്കത്തിൽ കൊടുത്തിരുന്ന തീയതികൾക്കു മുമ്പു കിട്ടിയ അപേക്ഷകൾ പരിഗണനാർഹമല്ലെങ്കിൽ മാത്രം പുതിയ അപേക്ഷകൾ പരിഗണിക്കുകയുള്ളു. അപേക്ഷകൾ സെപ്തംബർ 30-ന് മുമ്പ് കിട്ടിയിരിക്കണം.

*Note:*

1. ചികിത്സാ സഹായത്തിന് ജാതിമത ഭേദമെന്യേ ആർക്കും അപേക്ഷിക്കാം. മറ്റു സഹായങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്കു മാത്രം നല്കുന്നു.
2. മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
3. അപൂർണ്ണവും, ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തവയും ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
4. കൂടുതൽ പരിഗണനാർഹമായ അപേക്ഷകൾ തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്.

അപേക്ഷാഫോറവും മറ്റു നിബന്ധനകളും മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ നിന്നോ STOC ഓഫീസിൽ നിന്നോ ലഭിക്കുന്നതാണ്.

**എന്ന് വർഗ്ഗീസ് തോമസ്**
സെക്രട്ടറി, for STOC





# സുവിശേഷസന്ദേശം

**ഫാ: കുര്യൻ ഡാനിയൽ**

**കൂടാരപ്പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച**
**വി. മത്തായി 21:28-32**

അവിശ്വാസവും അഹങ്കാരവുമുള്ള അധികാരവർഗ്ഗത്തോട് അനുതാപത്തിന്റെ അടിയന്തിരാവശ്യം യേശു ഉന്നയിക്കുന്ന രംഗമാണ് ഇന്നത്തെ വി. വേദഭാഗം.

കുടുംബജീവിതത്തിൽ പിതൃപുത്രബന്ധത്തെയും, സാമൂഹ്യ ജീവിതത്തിൽ കാർഷിക പശ്ചാത്തലത്തെയും കോർത്തിണക്കിക്കൊണ്ട് കർത്താവു പറയുന്ന ഉപമയാണ്. തന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്‌വാനുള്ള ക്ഷണം രണ്ടു മക്കളും തങ്ങളുടെ പിതാവിൽനിന്നു പ്രാപിക്കുന്നുവെങ്കിലും വ്യത്യസ്തമായ പ്രതികരണമാണ് രണ്ടുപേരും നല്കുന്നത്. എനിയ്ക്കു മനസ്സില്ല എന്നു പറഞ്ഞെങ്കിലും പിന്നീട് അനുതാപത്താൽ മനസ്സൊരുക്കം കാണിച്ച മകൻ ഒരു ഭാഗത്ത്. മനസ്സുണ്ടെന്ന് അഭിനയിച്ചുവെങ്കിലും പിതൃഹിതത്തിനു വിപരീതമായി പ്രവൃത്തിക്കുന്ന മകൻ മറുഭാഗത്ത്. "ഈ രണ്ടുപേരിൽ ആരാകുന്നു ആകുന്നു അപ്പന്റെ ഇഷ്ടം ചെയ്തത്?" തന്റെ ഈ ചോദ്യത്തിന് മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും നല്കിയ മറുപടി അടിസ്ഥാനപ്പെടുത്തിക്കൊണ്ട് യേശു പറഞ്ഞു: "ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നുവെന്ന് സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു" *വി. മത്തായി 21:31.* നീതിമാർഗ്ഗത്തിന്റെ ഉപദേശകനായിരുന്ന യോഹന്നാനെക്കുറിച്ച് അവർക്കുണ്ടായിരുന്ന അവിശ്വാസത്തിൽ അവരെ ശാസിച്ചുകൊണ്ട്, വിശ്വാസം അനുതാപം എന്നീ സദ്ഗുണങ്ങളിലൂടെ പ്രാപ്യമാക്കേണ്ട ദൈവരാജ്യ അനുഭവത്തിന്റെ മർമ്മങ്ങളെപ്പറ്റി താൻ അവരെ പഠിപ്പിച്ചു.

**1. പ്രയത്നത്തിനായുള്ള വിളി**

"മകനെ ഇന്ന് എന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേലചെയ്ക" *വി. മത്തായി 21:28* ഇവിടെ "എന്റെ" എന്ന പദം മലയാള പരിഭാഷയിൽ മാത്രം കടന്നുവന്നിട്ടുള്ളതാണ്. മൂല ഭാഷകളിലില്ല. എന്നാൽ, 'മകനെ' എന്ന വിളിയും 'ഇന്ന്' എന്ന പ്രയോഗവും പ്രാധാന്യമർഹിക്കുന്നു. യജമാന-ദാസബന്ധത്തിലുള്ള കല്പനയല്ല ഇത് മറിച്ച് പിതൃ-പുത്ര ബന്ധത്തിലുള്ള സ്നേഹപൂർവ്വമായ വിളിയാണ്. ഇന്ന് എന്ന പദം സൂചിപ്പിക്കുന്നത് ദൈവകല്പിതമായ വേലയുടെ വർത്തമാനകാല പ്രാധാന്യമാണ്. പലപ്പോഴും നമ്മുടെ പ്രവർത്തന പദ്ധതികൾക്ക് മന്ദതയേല്പിക്കുന്നത് ഇന്നലെകളെക്കുറിച്ചുള്ള നിരാശകളും നാളകളെക്കുറിച്ചുള്ള ആകുലതകളുമാണ്. എന്നാൽ ഇന്നത്തെ പ്രവൃത്തികൾക്കാണ് ദൈവദൃഷ്ടിയിൽ പ്രാധാന്യം . ധാർമ്മികമായും സാമൂഹ്യമായും എന്ത് ചുമതലയാണ് ദൈവം ഇന്ന് ഭരമേല്പിച്ചിരിക്കുന്നതെന്ന് കണ്ടെത്തുന്നവനാണ് ബുദ്ധിമാൻ. ഇവിടെ മുന്തിരിത്തോട്ടത്തിലെ വേലയ്ക്കായുള്ള വിളി കാലികപ്രാധാന്യമുള്ള ഒന്നാണ്. "ഇപ്പോൾ ആകുന്നു സുപ്രസാദകാലം ഇപ്പോൾ ആകുന്നു രക്ഷാദിവസം" *2 കോരി. 6:2.* സാക്ഷരകേരളത്തിൽത്തന്നെ അലസതയെന്ന പാപത്തിന്റെ ബന്ധനത്തിൽപ്പെട്ട് അനാരോഗ്യമനുഭവിക്കുന്ന എത്രയോ മനുഷ്യരെ നമുക്ക് കാണാനാവും. അവർക്ക് മനോധൈര്യവും ആശ്വാസവും നല്കുന്നതും നമ്മുടെ ജോലിയുടെ ഭാഗംതന്നെയാണ്. തലേരാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിക്കാതെ ദുഃഖിതനായിരുന്ന പത്രോസിന്റെ പടകിൽ കയറിയിരുന്നുകൊണ്ട് കർത്താവ് പറയുന്നത് "ആഴത്തിലേക്കു നീക്കി മീൻപിടുത്തത്തിനു വലയിറക്കുക എന്നാണ്" *വി. ലൂക്കോസ് 10:2* ആദിയിൽ വിലക്കപ്പെട്ട തോട്ടത്തിലെ അനുഭവഭാഗ്യത്തിലേക്ക് വീണ്ടുമൊരിക്കൽ കർത്താവിന്റെ ക്ഷണമാണ്. അവൻ ചന്തയിൽ മീനക്കെട്ടു നിൽക്കുന്നവരെയും വിളിച്ചു. ന്യായമായതു തന്നുകൊള്ളാമെന്നു പറഞ്ഞു.

> **സുസ്ഥിരമായ വളർച്ചയ്ക്ക് നമ്മെ സഹായിക്കുന്ന ബന്ധങ്ങളും എന്നാൽ ബന്ധനങ്ങൾക്ക് വഴിയൊരുക്കുന്ന ബന്ധങ്ങളുമുണ്ട്. ആപൽക്കരമായ ബന്ധവും കപടബന്ധവും നമ്മെ വളർത്തുകയില്ല. എന്നാൽ ഫലദായകമായ ബന്ധം നന്മനിറഞ്ഞ ഹൃദയാനുഭവത്തിൽ നിന്നു സംജാതമാകുന്നത് ദൈവീക സവിധത്തിലേക്കും മഹത്വത്തിലേക്കും നമ്മെ ഉയർത്തും.**

**2. അനുസരണത്തിനായുള്ള വിളി**

അനുസരണത്തിനും വിധേയത്വത്തിനുമായിട്ടാണ് മനുഷ്യനു നേരെയുള്ള ദൈവത്തിന്റെ വിളി. ഒന്നാമൻ തനിക്കു മനസ്സില്ല എന്നു പറഞ്ഞെങ്കിലും പിന്നീട് പശ്ചാത്തപിച്ച് അനുസരിച്ചു. രണ്ടാമൻ പോകാമെന്നു പറഞ്ഞു പോയില്ലതാനും. ഒരുവൻ അനുസരണം വാക്കിൽ മാത്രം പ്രകടിപ്പിച്ചു. മറ്റവൻ അനുസരണം പ്രവൃത്തിയിൽ കാണിച്ചു. അനുസരണം കാട്ടിയവനെപ്പറ്റി യേശു പറയുന്നത് അവൻ "അപ്പന്റെ ഇഷ്ടം ചെയ്തവൻ" എന്നാണ്. ഇവിടെ പിതാവിന്റെ ഇഷ്ടം സമ്പൂർണ്ണ അനുസരണത്തിലൂടെ നിറവേറ്റിയ പുത്രനായ കർത്താവു തന്നെയാണ് ഉത്തമമാതൃക. "അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപിടിച്ചു കൊള്ളേണമെന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു" *ഫിലിപ്യർ 2:6-8.*

**3. അനുതാപത്തിനായുള്ള വിളി**

ഉറച്ച തീരുമാനങ്ങളിലേക്ക് ദൈവവിളിയെ പരുവപ്പെടുത്തുന്ന ഘടകമത്രെ അനുതാപം. ഇതിന് വലിയ ഒരു ഉദാഹരണം ദൈവം യശയ്യാവിലൂടെ നല്കി. ഞാൻ ആരെ അയയ്ക്കേണ്ടു ആർ നമുക്കു വേണ്ടി പോകും? "എന്ന ദൈവീക ആഹ്വാനത്തിന്" അടിയൻ ഇതാ അടിയനെ അയയ്ക്കണമേ എന്നു മറുപടി നല്കിയ പ്രവാചക വാക്കുകൾ ശ്രദ്ധിക്കുക. "ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു" *യശയ്യാവ് 6:5.* ഇത് സ്വയശോധനയിൽ നിന്നുളവായ വാക്കുകളാണ്. സാമൂഹ്യ തിന്മകൾക്കും അധാർമ്മികതയ്ക്കുമെതിരെ ആഞ്ഞടിക്കുവാൻ വിളി കൊണ്ട ആമോസ് അഹങ്കാരിയായ അമസ്യാവോട് തന്റെ വിളിയെക്കുറിച്ചു പറയുന്നത് ശ്രദ്ധിക്കുക. "ഞാൻ പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമത്രെ" *ആമോസ് 7:14.* യോവേൽ പ്രവചനത്തിൽ നാം ഇപ്രകാരം വായിക്കുന്നു. "വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവീൻ" *യോവേൽ 2:13.*

ഇരുമനസ്സും കഠിനഹൃദയവുമുള്ള പരീശന്മാർക്ക് കർത്താവു നല്കുന്ന മുന്നറിയിപ്പ് ശ്രദ്ധേയമാണ്. "ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നുവെന്ന് സത്യമായും ഞാൻ നിങ്ങളോടു പറയുന്നു" *വി. മത്തായി 21:31.* വയലിലെ വേലയ്ക്ക് പോകാം എന്നു സമ്മതിച്ചിട്ട് പോകാതെയിരുന്ന മകനെപ്പോലെ പ്രതിബദ്ധതയിൽ നിന്നകന്ന് പുറംപൂച്ചിലായിരുന്ന യഹൂദസഭയ്ക്ക് യേശുവിന്റെ ഈ വാക്കുകൾ ഒരു പ്രഹരമായിയെന്നതിൽ അതിശയിപ്പാനില്ല.

യജമാനനും പിതാവുമായ ദൈവം നമ്മെ വിളിച്ച് വേലയ്ക്കാക്കിയിരിക്കുന്ന ഈ മുന്തിരിത്തോട്ടം നമുക്ക് കാണാം. വർഗ്ഗീയ വംശീയ കലാപങ്ങളാലും വൈരത്താലും ക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ ഇടവകയെ നമുക്ക് കാണാം. അദ്ധ്വാനത്തിനും അനുസരണത്തിനും അനുതാപത്തിനുമാണ് നമ്മുടെ വിളിയെന്നു മനസ്സിലാക്കി പ്രവൃത്തിക്കാം. അനുഗ്രഹങ്ങൾ ലഭിക്കുമെന്നതിന് സംശയമില്ല. "വിളിക്കപ്പെട്ടവർ അനേകർ തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം" *വി. മത്തായി 22:14.*

## വാങ്ങിപ്പിന്റെ ശേഷം ഒന്നാം ഞായറാഴ്ച
## വി. ലൂക്കോസ് 6:39–45

വി. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാളിനു (ശൂനോയോ) ശേഷം വരുന്ന ആദ്യത്തെ ആഴ്ചയാകുന്ന ഇന്ന് വ്യത്യസ്ഥങ്ങളായ വ്യക്തിബന്ധങ്ങളുടെ വിശദാംശങ്ങൾ വർണ്ണിക്കുന്ന വേദഭാഗമാണ് ധ്യാനവിഷയം. സമാന പ്രബോധനങ്ങൾ നിറഞ്ഞുനില്ക്കുന്ന ഒരു അദ്ധ്യായത്തിന്റെ ഒരു ഭാഗം മാത്രമാണിത്. വി. മത്തായിയുടെ സുവിശേഷം 5-ാം അദ്ധ്യായം The Sermon on the mount (ഗിരിപ്രഭാഷണം) എന്ന പേരിൽ പ്രസിദ്ധമാണെങ്കിൽ ഇന്നത്തെ വേദഭാഗം വി. ലൂക്കോസിന്റെ സുവിശേഷം 6-ാം അദ്ധ്യായം The sermon on the Plain (സമതലപ്രഭാഷണം) എന്ന പേരിൽ അറിയപ്പെടുന്നു.

സാമൂഹ്യവും ധാർമ്മികവുമായ ഭൗമബന്ധങ്ങൾ അഭ്യുന്നതിയ്ക്കും പരസ്പര വളർച്ചയ്ക്കും ഏതുപ്രകാരത്തിൽ ഉതകുന്നുവെന്ന് ലളിതമായ ഉപമാനങ്ങളിലൂടെ യേശു വ്യക്തമാക്കുന്നു. നിയമ പണ്ഡിതരും പുറംപൂച്ചുകാരുമായ യഹൂദപ്രമാണികളുടെ നേരേ തനിയ്ക്കുണ്ടായിരുന്ന വിമർശനപരമായ സമീപനം ഈ ഉപദേശങ്ങളിൽ നിഴലിച്ചു കാണുന്നുണ്ട്. ഗുരുശിഷ്യബന്ധത്തിന്റെയും സാഹോദര്യബന്ധത്തിന്റെയും ഉന്നത ഭാവങ്ങൾ യേശു ഇവിടെ അനാവരണം ചെയ്യുന്നു. സാദ്ധ്യമായ മൂന്നുതരം ബന്ധങ്ങളാണിവിടെ പരാമർശം.

**1. ആപൽക്കരമായ ബന്ധം**

"കുരുടനു കുരുടനെ വഴികാട്ടുവാൻ കഴിയുമോ? ഇരുവരും കുഴിയിൽ വീഴുകയില്ലയോ?" *വി. ലൂക്കോസ് 6:39.* ഇത് അന്ധന്മാർ തമ്മിലുള്ള സൗഹൃദത്തിന്റെ കാര്യമാണ്. ഫലമോ ഇരുവരുടെയും ദാരുണമായ പതനവും നിത്യജീവിതത്തിന്റെ എല്ലാ തുറകളിലും നാം ഇന്ന് അനുഭവിക്കുന്ന അപകടകരമായ ഒരു സ്ഥിതിവിശേഷമാണിത്. വേണ്ടത്ര ദർശനവും ശുദ്ധതയുമില്ലാത്തവർ വഴികാട്ടികളായി വരിക. അവർ അണികളെ അവതാളത്തിലാക്കുക. അങ്ങനെ സാമൂഹ്യ പുരോഗതിയും ഗുണപരമായ വളർച്ചയും സുസാദ്ധ്യമാകാതെ ചരിക്കുക. ഇത് ഒരു നിത്യ യാഥാർത്ഥ്യമായിരിക്കുന്നു.

**2. കപടബന്ധം**

"എന്നാൽ നീ സഹോദരന്റെ കണ്ണിലെ കരടുനോക്കുകയും സ്വന്തകണ്ണിലെ കോൽ വിചാരിക്കാതിരിക്കയും ചെയ്യുന്നതെന്ത്? അല്ല സ്വന്ത കണ്ണിലെ കോൽ നോക്കാതെ സഹോദരാ നില്ല് നിന്റെ കണ്ണിലെ കരട് എടുത്തു കളയട്ടെ എന്നു സഹോദരനോടു പറവാൻ നിനക്ക് എങ്ങനെ കഴിയും" *വി. ലൂക്കോസ് 6:41, 42* കണ്ണിന്റെ തെളിമ ബന്ധങ്ങളുടെ ദൃഢതയ്ക്ക് ആവശ്യമാണ്. സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളഞ്ഞ് അവന്റെ കണ്ണിന് തെളിവുണ്ടാക്കണമെന്ന ആഗ്രഹം നല്ലതുതന്നെ. എന്നാൽ ഈ ദൗത്യം ഫലകരമായി നിർവഹിക്കണമെങ്കിൽ നമ്മുടെ കണ്ണ് ശുദ്ധമാകണം. നാം സുസാദ്ധ്യമാക്കിത്തീർക്കാത്തത് മറ്റുള്ളവരിൽ സാധിച്ചു കാണണമെന്ന് നാം ആഗ്രഹിക്കുമ്പോൾ അവിടെ വിജയ സാദ്ധ്യത സംശയിക്കേണ്ടിയിരിക്കുന്നു. യേശുവിന്റെ ഭൗമജീവിതം പരിശോധിച്ചാൽ വാക്കും പ്രവൃത്തിയും താൻ ഒന്നുപോലെ ചൊവ്വുള്ളതാക്കിയെന്നു മനസ്സിലാക്കാനാവും. യേശു ഒരിക്കൽ യഹൂദപ്രമാണിമാരോട് പറഞ്ഞു "ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവ് എന്നിലും ഞാൻ പിതാവിലുമെന്ന് നിങ്ങൾ ഗ്രഹിച്ച് അറിയേണ്ടതിന് പ്രവൃത്തിയെ വിശ്വസിപ്പീൻ" *വി. യോഹന്നാൻ 10:37, 38.* മറ്റൊരിക്കൽ താൻ പറഞ്ഞു "എന്നെ അയച്ചവന്റെയിഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതുതന്നെ എന്റെ ആഹാരം" *വി. യോഹന്നാൻ 4:34.* ക്രിസ്തുവിനും തിരുവെഴുത്തുകൾക്കുംശേഷം സഭയ്ക്ക് അമൂല്യനിധിയായി പരിഗണിക്കപ്പെട്ടിരിക്കുന്ന പ. പൗലൂസ് ശ്ലീഹാ പറഞ്ഞു "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ." ഇവിടെയൊക്കെയും നാം കാണുന്നത് പൊയ്മുഖങ്ങളില്ലാത്ത, നിഷ്കപടമായ ബന്ധമാണ്, പ്രതിബദ്ധതയാണ്.

**3. ഫലദായകമായ ബന്ധം**

"നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു. ദുഷ്ടൻ ദോഷമായതിൽനിന്നും ദോഷം പുറപ്പെടുവിക്കുന്നു" *വി. ലൂക്കോസ് 6:45.* നന്മയുടെ നിക്ഷേപം ഹൃദയത്തിലുള്ളവനുമാത്രമേ നല്ല ബന്ധങ്ങൾ ഉണ്ടാക്കാനാവൂ. നന്മതിന്മകളുള്ള ഈ ലോകത്തിൽ നന്മനിറഞ്ഞ ഹൃദയത്തിന്റെ ഉടമയാവുക സുഖകരമായ കാര്യവുമല്ല. സങ്കീർത്തനപുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു "അവൻ മനുഷ്യപുത്രന്മാരുടെയൊക്കെയും ഹൃദയങ്ങളെ ഒരുപോലെ മെനഞ്ഞിരിക്കുന്നു" *സങ്കീർത്തനങ്ങൾ 33:15.* എന്നാൽ ഹൃദയത്തിൽനിന്നു വിതയ്ക്കപ്പെട്ടത് ദുഷ്ടൻ വന്ന് അപഹരിച്ചുകളയുന്ന ദയനീയമായ അനുഭവത്തെപ്പറ്റി കർത്താവ് സ്വർഗ്ഗരാജ്യത്തെപ്പറ്റിയുള്ള ഉപമയിൽ പറഞ്ഞു. വിത്തുകളുടെയും വിതക്കാരന്റെയും ഉപമ താൻ പറഞ്ഞപ്പോൾ "വഴിയരികിൽ വിതയ്ക്കപ്പെട്ട വിത്തി"ന്റെ അനുഭവത്തിലാണിത് പറഞ്ഞത്. *വി. മത്തായി 13:19* ദുഷ്ടൻ കൈവശപ്പെടുത്തിയ ഹൃദയം ഫലദായകമായ ബന്ധം പുറപ്പെടുവിക്കുന്നില്ല. സ്വന്തജനമായ യിസ്രയേലിനോടുള്ള ദൈവത്തിന്റെ പ്രവചനം പ്രസക്തമാണ്. "നിങ്ങളെ ഞാൻ സകല ജാതികളിലും വച്ചു തിരഞ്ഞെടുത്തു. ആകയാൽ നിങ്ങൾ നിങ്ങളുടെ ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്വിൻ. ഇനിമേൽ ദുശ്ശാഠ്യമുള്ളവരാകരുത്" *ആവർത്തനം 10:16.* "നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ" എന്ന് യാക്കോബ് ശ്ലീഹായും ഓർമ്മിപ്പിക്കുന്നു" *യാക്കോബ് 5:8.* "ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ" എന്നു ദാവീദിനെപ്പോലെ പ്രാർത്ഥിപ്പാൻ നാം സന്നദ്ധരാവണം. കാരണം മഹത്വത്തിന്റെ രാജാവ് നമ്മിൽ പ്രസാദിക്കുവാനുതകുന്ന നല്ല കൃതികൾ സംജാതമാകുന്നത് നന്മയാലും ശുഭചിന്തയാലും ഹൃദയം നിറയുമ്പോഴാണ്. "എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു. എന്റെ കൃതി രാജാവിനുവേണ്ടിയുള്ളത് എന്നു ഞാൻ പറയുന്നു" *സങ്കീർത്തനങ്ങൾ 45:1.*

സുസ്ഥിരമായ വളർച്ചയ്ക്ക് നമ്മെ സഹായിക്കുന്ന ബന്ധങ്ങളും എന്നാൽ ബന്ധനങ്ങൾക്ക് വഴിയൊരുക്കുന്ന ബന്ധങ്ങളുമുണ്ട്. ആപൽക്കരമായ ബന്ധവും കപടബന്ധവും നമ്മെ വളർത്തുകയില്ല. എന്നാൽ ഫലദായകമായ ബന്ധം നന്മനിറഞ്ഞ ഹൃദയാനുഭവത്തിൽ നിന്നു സംജാതമാകുന്നത് ദൈവീക സവിധത്തിലേക്കും മഹത്വത്തിലേക്കും നമ്മെ ഉയർത്തും. അതാണ് നമുക്കാവശ്യവും.

## വാങ്ങിപ്പിന്റെ ശേഷം രണ്ടാം ഞായറാഴ്ച
## വി. ലൂക്കോസ് 11:9–20

വി. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളിനുശേഷം വരുന്ന ഞായറാഴ്ചകളിൽ ദൈവപ്രസവിത്രിയായ അമ്മയുടെ ജീവിതവൈശിഷ്ട്യങ്ങളെ പ്രത്യക്ഷമായി പരാമർശിക്കുന്ന വേദഭാഗങ്ങളാണ് ധ്യാനവിഷയം. ഉയരത്തിൽനിന്ന് പരിശുദ്ധ ദൈവമാതാവിന് ലഭ്യമായ വചനിപ്പ് ശ്രദ്ധേയമാണ്. "പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിയ്ക്കപ്പെടും" *വി. ലൂക്കോസ് 1:35.* തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ സമൃദ്ധിയായി നല്കുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെപ്പറ്റിയാണ് യേശു തമ്പുരാൻ ഇന്നത്തെ വി. വേദഭാഗത്തിലൂടെ നമ്മോടു സംസാരിക്കുന്നത്. ലൗകീക പിതാക്കന്മാരിൽനിന്ന് സ്വർഗ്ഗസ്ഥനായ പിതാവിനെ വ്യത്യസ്ഥനാക്കുന്ന മുഖ്യഘടകവും ഇതുതന്നെയാണ്. ലൗകീക പിതാക്കന്മാർ മക്കൾക്കു നല്കുന്നത് ഭൗതീക പോഷണത്തിനുതകുന്ന അപ്പം, മീൻ, മുട്ട എന്നിവയാണെങ്കിൽ സ്വർഗ്ഗീയ പിതാവിന്റെ ദാനം സകലത്തിനും മതിയായ, സകല സത്യത്തിലും വഴിനടത്തുന്ന പരിശുദ്ധാത്മാവാണ്. നല്കുവാൻ സന്നദ്ധനായ ദൈവത്തിൽനിന്ന് പ്രാപിക്കുവാൻ ഒരുക്കമുള്ളവളായിത്തീർന്ന വി. മറിയാം പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഗണത്തിൽ പ്രഥമസ്ഥാനീയയാണ്.

മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്ന ലൗകീക മാതാപിതാക്കളോട് യേശു പറയുന്നത് അർത്ഥികൾക്ക് പരിശുദ്ധാത്മാവിനെ ലോഭം കൂടാതെ നല്കുന്ന സ്വർഗ്ഗസ്ഥപിതാവിനെപ്പറ്റിയാണ്. ഗാർഹിക പശ്ചാത്തലത്തിൽനിന്നുകൊണ്ട് ഉപദേശിക്കുന്ന കർത്താവ് ദൈവസന്നിധിയിലുള്ള അർത്ഥനയുടെ സ്വഭാവമഹിമയിലേക്ക് ശ്രദ്ധവയ്ക്കുന്നു. പ്രാർത്ഥനയുടെ ഫലം ലൗകീക പോഷണമായതിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതിനു കാരണം പ്രാർത്ഥനയുടെ സ്വഭാവമാണ്. യാചിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവന് തുറക്കുന്നു. വി. ലൂക്കോസ് 11:10. തുടർന്നുകൊണ്ടിരിക്കുന്ന മൂന്നു ക്രിയാരൂപങ്ങളായിട്ടാണ് മൂലഭാഷയിൽ ഇവ മൂന്നും പ്രയോഗിച്ചിട്ടുള്ളത്. യഥാർത്ഥ പ്രാർത്ഥനയുടെ മൂന്ന് മാനങ്ങളായിട്ട് ഇവയെ കരുതാം. യാചിച്ചുകൊണ്ടേയിരിക്കുന്നതാണ് പ്രാർത്ഥന, അന്വേഷിച്ചുകൊണ്ടിരിക്കുന്നതാണ് പ്രാർത്ഥന, മുട്ടിക്കൊണ്ടേയിരിക്കുന്നതാണ് പ്രാർത്ഥന.

**1. പ്രാർത്ഥന ഇടമുറിയാതെയുള്ള യാചനയാണ് (Prayer is Continuous asking):** ആധുനികചിന്തയിൽ പ്രാർത്ഥനയ്ക്ക് പരിമിതമായ ഒരു അർത്ഥം മാത്രമാണ് യാചന. എന്നാൽ പ്രാർത്ഥനയെന്ന പദം തന്നെ വിവക്ഷിക്കുന്നത് യാചനയെയാണ്. ഫലപ്രദമായും തീക്ഷ്ണതയിലും പ്രാർത്ഥിച്ച സ്വഭാവമാണ് യേശുവിൽ നാം കാണുന്നത്. പ്രാർത്ഥനയുടെ തീക്ഷ്ണതയിൽ ബലവാനായ ദുഷ്ടനെ ബന്ധിക്കുവാൻ താൻ പരസ്യശുശ്രൂഷയ്ക്കു മുമ്പ് മരുഭൂമിയിലേക്കുപോയി. പരസ്യശുശ്രൂഷയിൽ പല സന്ദർഭങ്ങളിലും താൻ പുരുഷാരത്തിൽ നിന്നു വേറിട്ട് മലയിലും വിജയപ്രദേശത്തും പ്രാർത്ഥിക്കുന്നതായി നാം വായിക്കുന്നു. *(വി. ലൂക്കോസ് 6:12, വി. മർക്കോസ് 1:35)* ഗത്സമനയിൽ താൻ പ്രാർത്ഥിച്ചപ്പോൾ തന്റെ രക്തം വിയർപ്പുതുള്ളികളായി ഒഴുകിയെന്നും നാം കാണുന്നു. *(വി. ലൂക്കോസ് 22:41–44).* ഉറങ്ങാതെ ഉണർന്നിരുന്നു പ്രാർത്ഥിപ്പാൻ താൻ വാത്സല്യശിഷ്യന്മാരോട് കല്പിച്ചു. *(വി. ലൂക്കോസ് 22:46)* മടികൂടാതെ തന്നോടു യാചിച്ച കനാന്യക്കാരിയ്ക്കും കുരുടനും പിശാചുബാധിതനും ഒക്കെയും താൻ അവരുടെ മനോഗതം സാധ്യമാക്കുന്നവനായി മാറി. പ്രാർത്ഥന യാചനയാണ്. അതിന് പരിധിയോ പരിമിതിയോ ഇല്ല.

**2. പ്രാർത്ഥന നിരന്തരമായ അന്വേഷണമാണ് (Prayer is continuous seeking):** വി. ലൂക്കോസിന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നത് ത്യാഗോജ്ജ്വലമായ നിരന്തര അന്വേഷണത്തിന് വന്നവരായ രണ്ടാളുകളെപ്പറ്റിയാണ്. നൂറ് ആടുകളിൽ ഒന്ന് നഷ്ടപ്പെട്ടുപോയ ഇടയനാണ് ഒരാൾ. അവൻ തൊണ്ണൂറ്റിയൊമ്പതിനെയും മരുഭൂമിയിൽ വിട്ടേച്ചു കാണാതെപോയതിനെ കണ്ടെത്തുംവരെ നോക്കി നടക്കുന്നു. മറ്റൊരാൾ പത്തു ദ്രഹ്മയിൽ ഒന്നു കാണാതെപോയ സ്ത്രീയാണ്. അവൾ വിളക്കു കത്തിച്ച് വീട് അടിച്ചുവാരി നഷ്ടപ്പെട്ടത് കണ്ടുകിട്ടും വരെ സൂക്ഷ്മതയോടെ അന്വേഷിക്കുന്നു. നിരന്തരമായ ഈ അന്വേഷണത്തിന്റെ ഫലമാവട്ടെ പറഞ്ഞറിയിക്കാനാവാത്ത സന്തോഷവും.

> **പലപ്പോഴും നമ്മുടെ പ്രവർത്തന പദ്ധതികൾക്ക് മന്ദതയേല്പിക്കുന്നത് ഇന്നലെകളെക്കുറിച്ചുള്ള നിരാശകളും നാളകളെക്കുറിച്ചുള്ള ആകുലതകളുമാണ്.**

"ഭാരത വർഷത്തിലെ പൂർവ്വരാം
ഋഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു പാർത്തു
കണ്ടറിഞ്ഞവർ"

എന്ന് കവി ആരെക്കുറിച്ച് പാടിയിരിക്കുന്നുവോ ആ സന്യാസിവര്യർക്ക് പ്രാർത്ഥന ഈശ്വര സാക്ഷാത്ക്കാരത്തിനായുള്ളതായിരുന്നു. അസത്യം എവിടെയും കണ്ട ഒരു ലോകത്തിൽ അവർ അന്വേഷിച്ചത് സത്യത്തെ മരണം മഥിച്ചിരുന്ന മനുഷ്യായുസ്സിനെ ഈശ്വരന് സമർപ്പിച്ച് അവർ അമൃതാവസ്ഥ ആഗ്രഹിച്ചു. അന്ധകാരം വ്യാപിച്ചിരുന്ന സമൂഹത്തിൽ അവർ ജ്യോതിസ്സുകളാവാൻ ആഗ്രഹിച്ചു. നമുക്കും പ്രാർത്ഥന നിരന്തരമായ ഒരു അന്വേഷണമാവണം; സത്യവും വെളിച്ചവും ജീവനും തേടിയുള്ള ഒരു അന്വേഷണം.

"അസതോ മസത് ഗമയ
തമസ്സോ മജ്യോതിർഗമയ
മൃത്യോ മ അമൃതം ഗമയ"

(അസത്യത്തിൽനിന്ന് സത്യത്തിലേക്കും ഇരുളിൽനിന്ന് വെളിച്ചത്തിലേക്കും മരണത്തിൽനിന്ന് അമരണാവസ്ഥയിലേക്കും നയിക്കണമേ) എന്ന പ്രാർത്ഥന ഉദാത്തമാണ്.

**3. പ്രാർത്ഥന അതീവ നിർബന്ധമാണ് (Prayer is importunity):** അർദ്ധരാത്രിയിൽ വന്ന വിരുന്നുകാർക്കുവേണ്ടി മൂന്നപ്പം വായ്പവാങ്ങുവാൻ സ്നേഹിതന്റെ വീട്ടിൽ മുട്ടിവിളിക്കുന്ന മനുഷ്യനെപ്പറ്റി നാം തിരുവചനത്തിൽ വായിക്കുന്നു. അവൻ എന്തു പ്രാപിക്കുന്നുവെന്നാണ് എഴുതിയിട്ടുള്ളത്?

"എഴുന്നേറ്റു തരുവാൻ കഴികയില്ല എന്ന് അകത്തുനിന്ന് ഉത്തരം പറഞ്ഞാലും അവൻ ലജ്ജ കൂടാതെ മുട്ടിക്ക നിമിത്തം (because of his importunity) എഴുന്നേറ്റ് അവന് വേണ്ടുന്നിടത്തോളം കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു" *വി. ലൂക്കോസ് 11:8.*

മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നുള്ളതിന് കർത്താവ് ഒരിക്കൽ ഒരു ഉപമ പറഞ്ഞു. ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ഒരു ന്യായാധിപന്റെ ഉപമയായിരുന്നു അത്. തന്റെ പ്രതിയോഗിയോട് പ്രതിക്രിയ നടത്തി രക്ഷിക്കാൻ ഒരു വിധവ ന്യായാധിപനോട് അപേക്ഷിച്ചു. ആദ്യം അതിനു മനസ്സുവയ്ക്കാതെയിരുന്ന ന്യായാധിപൻ പിന്നീട് പറയുന്നത് ശ്രദ്ധിക്കു "എനിക്കു ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ല എങ്കിലും വിധവ എന്നെ അസഹ്യമാക്കുന്നതുകൊണ്ട് yet because this widow bothers me) ഞാൻ അവളെ പ്രതിക്രിയ നടത്തി രക്ഷിക്കും" *വി. ലൂക്കോസ് 18:4,5.* തുടർന്ന് നാം വായിക്കുന്നു "ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോട് പറയുന്നു" *വി. ലൂക്കോസ് 18:7.*

ഇടമുറിയാതെയുള്ള യാചനയും, നിരന്തരമായ അന്വേഷണവും, ലജ്ജകൂടാതെയുള്ള മുട്ടിവിളിക്കലും നിമിത്തം പരിശുദ്ധാത്മാവിന്റെ അതിവർഷം നമ്മിലുണ്ടാവും. എന്നാൽ ആത്മീയ ജീവിതത്തിൽ നേരിടേണ്ടിവരുന്ന ഒരു വലിയ വെല്ലുവി

ളിയെപ്പറ്റിയും കർത്താവ് ഓർമ്മിപ്പിക്കുന്നുണ്ട്. ഊമയായ ഭൂതത്തെ താൻ പുറത്താക്കിയത് ബെയ്സബൂലെക്കൊണ്ടാകുന്നുവെന്ന് ചിലർ പറഞ്ഞപ്പോൾ യേശു പ്രതിവചിച്ചു "തന്നിൽത്തന്നെ ഛിദ്രിക്കുന്ന രാജ്യം പാഴായിപ്പോകും" *വി. ലൂക്കോസ് 11:17.* ദൈവരാജ്യത്തിലേക്കുള്ള പക്വമായ ആയോധനത്തിനും ഉൾപ്രവേശനത്തിനുമായിട്ടാണ് മൺകൂടാരത്തിൽ ദൈവം ആത്മാവിനെ പ്രതിഷ്ഠിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് മനുഷ്യനെ ഒരു ആരാധനാജീവി (Liturgical being) എന്നു വിളിക്കുന്നതും. ഈ ലക്ഷ്യം നാം വിട്ടുകളയുമ്പോൾ, പ്രാർത്ഥനാജീവിതത്തിൽ വ്യതിചലനങ്ങളും സ്തംഭനവുമുണ്ടാകുമ്പോൾ ആത്മീയമായ അന്തഃഛിദ്രം നമ്മിൽ ആരംഭിച്ചിരിക്കുന്നുവെന്ന് ഗ്രഹിക്കണം. ഇങ്ങനെയൊരനുഭവം അനർഗ്ഗളമായ ആത്മപ്രവാഹത്തിനും ഒരുപക്ഷേ, വിരാമമിട്ടേക്കാം.

## വാങ്ങിപ്പിന്റെ ശേഷം മൂന്നാം ഞായറാഴ്ച
### വി. മത്തായി 17:22–27

യേശുവിന്റെ പരസ്യശുശ്രൂഷാവേളയിൽ ഗലീലയിലും കപർന്നഹൂമിലും വച്ച് അരുൾചെയ്ത വചനങ്ങളും പ്രവൃത്തിച്ച അതിശയങ്ങളും ഉൾക്കൊള്ളുന്ന വേദഭാഗമാണ് ഇന്നത്തെ ധ്യാനവിഷയം. ആസന്നമായിരിക്കുന്ന തന്റെ മരണത്തെ വെളിവാക്കി ശിഷ്യന്മാരിൽ ദുഃഖം ദ്യുതിപ്പിച്ച യേശു തന്റെ കല്പനപ്രകാരം പത്രോസ് കടലിൽനിന്നു പിടിച്ച മത്സ്യത്തിന്റെ വായിൽ നിന്നു സ്വരൂപിച്ച ദ്വിദ്രഹ്മപ്പണത്താൽ അവരെ അതിശയിപ്പിച്ചു. ദൈവപുത്രനായ താൻ ലോകനീതിയനുസരിച്ച് നിശ്ചിതമായിരുന്ന ചുങ്കം നല്കിക്കൊണ്ട് അധികാരവർഗ്ഗത്തിന് ഇടർച്ച വരുത്താതെയുമിരുന്നു. ലളിതവും, ലഘുവുമായ ഈ വേദഭാഗം തന്റെ മനുഷ്യത്വത്തെയും ദൈവത്വത്തെയും രാജത്വത്തെയും പ്രതിഫലിപ്പിക്കുന്നതാണ്.

**1. യേശുവിന്റെ മനുഷ്യത്വം (Humanity of Jesus):** "അവർ ഗലീലയിൽ സഞ്ചരിക്കുമ്പോൾ യേശു അവരോട് മനുഷ്യപുത്രൻ മനുഷ്യരുടെ കൈയിൽ ഏല്പിക്കപ്പെടുവാറായിരിക്കുന്നു അവർ അവനെ കൊല്ലുകയും മൂന്നാംനാൾ അവൻ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും എന്നു പറഞ്ഞു. അവരോ ഏറ്റവും ദുഃഖിച്ചു" *വി. ലൂക്കോസ് 17:22,23.*

ത്രിത്വത്തിൽ ഒരുവനാണ് ദൈവമെങ്കിലും ശരീരത്തിൽ താൻ അനുഭവിക്കണമെന്ന സകല കാര്യങ്ങളും വിരൽചൂണ്ടുന്നത് താൻ പൂർണ്ണ മനുഷ്യനായിരുന്നുവെന്ന യാഥാർത്ഥ്യത്തിലേക്കാണ്. തന്റെ വത്സലശിഷ്യന്മാരുടെ ദുഃഖമോ എതിർപ്പുകളോ വകവയ്ക്കാതെതന്നെ ഇക്കാര്യം താൻ വെളിവാക്കുകയും ചെയ്തിരുന്നു. മറ്റൊരവസരത്തിൽ താൻ കഷ്ടതകൾക്കായി യരുശലേമിലേക്കു പോകാൻ ദൃഷ്ടിവച്ചപ്പോൾ ശിഷ്യസമൂഹത്തിൽനിന്ന് വിലക്കുണ്ടായി. കർത്താവേ അങ്ങയ്ക്ക് അത് സംഭവിക്കരുതേയെന്ന് അപേക്ഷിച്ച പത്രോസിനോട് യേശു കല്പിച്ചു. "സാത്താനേ എന്നെ വിട്ടുപോ നീ എനിക്ക് ഇടർച്ചയാകുന്നു നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രെ കരുതുന്നത്" *വി. മത്തായി 16:23.* ജഢത്തിൽ കഷ്ടതയനുഭവിച്ചുകൊണ്ട്, വാസ്തവമായും മരിച്ചുകൊണ്ട് പൂർണ്ണ മനുഷ്യത്വം താൻ കാണിച്ചു.

**2. യേശുവിന്റെ ദൈവത്വം (Divinity of Jesus:** പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമായിരുന്നു താൻ. യേശു പൂർണ്ണ ദൈവമായിരുന്നതിനാലാണ് ആരാലും ഉയിർപ്പിക്കപ്പെടാതെ താൻ സ്വയം ഉയിർത്തെഴുന്നേല്ക്കുമെന്നു പറഞ്ഞത്. തന്റെ സൃഷ്ടിയായ മത്സ്യത്തിന്റെ വായിൽ തനിക്കു കരം നല്കുവാനുള്ള ദ്രഹ്മപ്പണം താൻ മുൻകൂട്ടി കണ്ടു. ശൂന്യതയിൽനിന്നുപോലും സർവ്വത്തെയും ഉളവാക്കുവാൻ കെല്പുള്ള സാക്ഷാൽ ദൈവമാകുന്ന താൻ കന്യകയിൽനിന്നു ജനിച്ചത്, നിസ്സഹായനായി കാണപ്പെട്ടത്, കാൽവറിയിൽ മരിക്കപ്പെട്ടത് ഒക്കെയും മനുഷ്യത്വത്തെ കാണിക്കുന്നതിനായിരുന്നു. മത്സ്യത്തിന്റെ വായിൽ പണം കണ്ടെത്തിയ വേദാനുഭവത്തെ കന്യകാജനനമെന്ന മഹാത്ഭുതത്തിന്റെ മൂന്ന് ദൃഷ്ടാന്തങ്ങളിലൊന്നായി പിതാക്കന്മാർ വർണ്ണിക്കുന്നുണ്ട്. മറ്റ് രണ്ട് ദൃഷ്ടാന്തങ്ങൾ അപ്രതീക്ഷിതസാഹചര്യത്തിൽ ജലം പുറപ്പെടുവിച്ച തീക്കൽപാറയും യിസ്ഹാക്കിനു പകരമായി ബലിയർപ്പിക്കപ്പെടുവാൻ ഉത്ഭവിക്കപ്പെട്ട കുഞ്ഞാടുമാണ്.

കുഞ്ഞാടിനെ വൃക്ഷം നല്കി
തീക്കൽപാറ ജലം നല്കി
എസ്തിറാ മത്സ്യവുമേകി
കന്യാക്ഷേപകരെ മൂന്നും
പരിഹാസത്തൊടു വീക്ഷിപ്പൂ

എന്നാണല്ലോ നാം പാടുന്നത്. 1 യോഹ 5:20–ൽ നാം ഇപ്രകാരം വായിക്കുന്നു ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിയുവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു. നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നെയാകുന്നു. അവൻ സത്യദൈവവും നിത്യജീവനുമാകുന്നു.

**3. യേശുവിന്റെ രാജത്വം (Kingship of Jesus):** തങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നതിനെപ്പറ്റി പത്രോസ് നല്കിയ അനുകൂലമായ മറുപടിയെത്തുടർന്ന് യേശു പത്രോസിനോട് ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ വാങ്ങുന്നത് പുത്രന്മാരോടോ അന്യരോടോ എന്നു ചോദിച്ചു. അന്യരോട് എന്ന മറുപടിയിങ്കൽ യേശു പ്രതിവചിച്ചത് എന്താണ്? യേശു അവനോട് "എന്നാൽ പുത്രന്മാർ ഒഴിവുള്ളവരല്ലോ." എന്നു പറഞ്ഞു. ആധിപത്യം തന്റെ തോളിന്മേലിരിക്കുന്ന സമാധാനപ്രഭുവും നിത്യരാജാവുമെന്ന് നൂറ്റാണ്ടുകൾക്കുമുമ്പ് പ്രവചിക്കപ്പെട്ടിട്ടുള്ളതാൻ ഇവിടെ സ്വയം തന്റെ രാജത്വം വെളിപ്പെടുത്തുകയാണ്. എങ്കിലും താൻ അവർക്ക് ഇടർച്ചവരുത്തുവാൻ ആഗ്രഹിക്കുന്നില്ല. തന്റെ കരം നല്കുവാനുള്ള ക്രമീകരണം അവിടെ ചെയ്യുകയാണ്.

കിഴക്കുനിന്ന് എത്തിയ വിദ്വാന്മാർ ബേത്ലഹേമിൽ യേശുവിന് പൊന്നും മൂരും കുന്തിരിക്കവും കാഴ്ചവച്ചു വണങ്ങിയതിലൂടെ തന്റെ രാജത്വവും പ്രവാചകത്വവും പൗരോഹിത്യവുമാണ് സൂചിപ്പിക്കപ്പെട്ടതെന്നാണ് വേദവ്യാഖ്യാതക്കൾക്ക് പറയുവാനുള്ളത്. കൊലോസ്യ ലേഖനത്തിൽ പരിശുദ്ധനായ പൗലൂസ് ശ്ലീഹാ ഇപ്രകാരം പറയുന്നു "ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വ സൃഷ്ടിയ്ക്കും ആദ്യജാതനുമാകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും മൂല്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ, കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ചകൾ ആകട്ടെ, അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തിരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തിരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" *കൊലോസ്യർ 1:15, 16.*

യേശുവിന്റെ മനുഷ്യത്വവും ദൈവത്വവും രാജത്വവും പദവികളെന്നതിലുപരിയായി മുഖാന്തിരങ്ങളായാണ് താൻ കണ്ടത്. പിതാവാം ദൈവത്തോട് മനുഷ്യനെ അടുപ്പിക്കുന്ന സ്വയം ബലിയായിത്തീർന്ന യേശു രാജകീയ പുരോഹിതവർഗ്ഗമായി, സ്വന്ത ജനമായി, വിശുദ്ധവംശമായി നമ്മെയും തന്നോടു ചേർത്തിരിക്കുയാണ്. ദൈവരാജ്യത്തിലേക്കുള്ള തീർത്ഥയാത്രാസംഘമാകുന്ന സഭയ്ക്ക് പക്വമായ സാക്ഷ്യത്തിലൂടെ മുന്നേറാൻ ഈ സഖിത്വം ഉപകരിക്കപ്പെടേണ്ടതാണ്.

**ആവശ്യമുണ്ട്**

മലങ്കരസഭ മാസികയുടെ ഓഫീസിലേക്ക് *DTP ഓപ്പറേറ്ററെ* ആവശ്യമുണ്ട്. ബയോഡേറ്റാ സഹിതം ആഗസ്റ്റ് 31–നകം ഓഫീസുമായി ബന്ധപ്പെടുക.

മാനേജിംഗ് എഡിറ്റർ
മലങ്കരസഭ
ദേവലോകം, കോട്ടയം–38
ഫോൺ: 0481–573234



# യൂഹാനോൻ മാർ സേവേറിയോസ്: വ്യക്തിയും ദർശനവും

ഡോ. വി. മാത്യു കുര്യൻ, പ്രിൻസിപ്പൽ, എം.ഡി. കോളജ്, പഴഞ്ഞി

II

## തിരുമേനിയുടെ ജീവിതദർശനം: ഒരു ഹ്രസ്വവിശകലനം

ജീവിതത്തെ അതിന്റെ സമഗ്രതയിൽ ദർശിക്കാൻ ശ്രമിച്ച പ്രതിഭയായിരുന്നു പരിശുദ്ധ പിതാവ്. അദ്ദേഹത്തിന്റെ ജീവിതദർശനത്തെ ഒരു വാസ്തുശില്പത്തോടുപമിക്കാം. ഒരു കെട്ടിടത്തിന് അതിന്റെ ഘടനയിൽ അടിത്തറ, ബേസ്മെന്റ്, ഉപരിഘടനം എന്നീ മൂന്നുഭാഗങ്ങളുണ്ട്. ഇവ മൂന്നും പരസ്പരപൂരകങ്ങളായിരിക്കണം. ദുർബ്ബലമായ അടിത്തറയിൽ ബലമുള്ള ഉപരിഘടനയ്ക്ക് സ്ഥിതി ചെയ്യുവാൻ സാധിക്കുകയില്ല. ജീവിതവും ഇതുപോലെ തന്നെയാണ്. ജീവിതത്തിന്റെ അടിത്തറ ആത്മീകതയാണ്. ഇതാണ് ജീവിതത്തിന് അർത്ഥം ഉണ്ടാക്കിത്തരുന്നത്. ഭൗതീകഘടനയിലെ ബേസ്മെന്റിന്റെ സ്ഥാനമാണ് ജീവിതത്തിൽ ധാർമ്മികതയ്ക്ക്. ആത്മീകതയോടൊട്ടിനില്ക്കുന്നതാണ് ധാർമ്മികത. സമാധാനപൂർണ്ണമായ ജീവിതത്തിനിതനിവാര്യമാണ്. ആത്മീകതയ്ക്കും, ധാർമ്മികതയ്ക്കും ഇണങ്ങുന്ന ഒരു ഭൗതിക ജീവിതമാണാവശ്യം. അവിടെയാണ് സംതൃപ്തിയും, സന്തോഷവും, സമാധാനവും കളിയാടുക.

**1. ആത്മീകതയുടെ വിവിധ വശങ്ങൾ:** സേവേറിയോസ് പിതാവിന്റെ ആത്മീകതയ്ക്കാധാരം 'ഞാൻ വിശുദ്ധനായിരിക്കുന്നപ്രകാരം നിങ്ങളും വിശുദ്ധരായിരിപ്പിൻ' എന്ന ദൈവവചനമാണ്. മനുഷ്യർ വിശുദ്ധിയിൽ ജീവിച്ച് ദൈവത്തെപ്പോലെയാകുക എന്നതാണ് ജീവിതോദ്ദേശം. വ്യക്തിപരമായ ജീവിതത്തിൽ വിശുദ്ധി, പുണ്യം, പാപമോചനം, ക്ഷമ, സഹനം മുതലായവയിൽകൂടിയുള്ള വികസനം സാദ്ധ്യമാകുന്നതിനു ദൈവത്തിന്റെ സഹായവും, വിശുദ്ധന്മാരുടെ സഹകരണവും സമ്പാദിക്കണം. തിരുമേനി നമ്മോടു ചോദിക്കുന്നു: "സ്വർഗ്ഗസ്ഥപിതാവ് സൽഗുണസമ്പൂർണ്ണനായിരിക്കുന്നതുപോലെ നാമും സമ്പൂർണ്ണതയെ ലക്ഷ്യമാക്കി മുന്നോട്ടു പോകുവാൻ ദൈവസഹായം അഭ്യർത്ഥിക്കുന്നുണ്ടോ? ഏതെങ്കിലും പരിശുദ്ധന്റെ മദ്ധ്യസ്ഥത യാചിക്കാറുണ്ടോ?"

പരിശുദ്ധനായ പരുമല തിരുമേനിയായിരുന്നു സേവേറിയോസ് തിരുമേനിയുടെ 'ആത്മീക മാതൃക.' ആത്മീക നിറവിൽനിന്ന പരുമല തിരുമേനി മൂന്നുതരത്തിലുള്ള പോരാട്ടങ്ങൾ നടത്തിയതായി സേവേറിയോസ് തിരുമേനി 'പരുമല ബാവ' എന്ന തന്റെ ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഈ പോരാട്ടങ്ങൾ: 1. വിശ്വാസവിപരീതികളോടുള്ള പോരാട്ടം, 2. പ്രാർത്ഥനയിലുള്ള പോരാട്ടം, 3. സുവിശേഷപ്രചാരണത്തിനായുള്ള പോരാട്ടം. വേദവിപരീതത്തോട് സന്ധിയില്ലാ സമരം ചെയ്യുവാൻ പള്ളികൾതോറും സഞ്ചരിച്ച് ജനങ്ങളെ ഉൽബുദ്ധരാക്കുകയും, പരുമല സെമിനാരി സ്ഥാപിച്ച് ഉത്തമൻമാരും ഭക്തൻമാരുമായ വൈദികരെ കരുപ്പിടിപ്പിക്കാനായി അശ്രാന്ത പരിശ്രമം ചെയ്യുകയും ചെയ്തു.

പ്രാർത്ഥന ഒരു പോരാട്ടമാണ്. ദൈവത്തോടുള്ള പോരാട്ടം. എന്നാൽ ദൈവത്തിനെതിരായതല്ല. നോമ്പ്, ജാഗരണം,

**ക്രിസ്തീയ മിഷണറിമാർക്കും, ക്രൈസ്തവ സ്ഥാപനങ്ങൾക്കും നേരെ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങളെ തിരുമേനിയുടെ ദീർഘദൃഷ്ടി എത്രയോ മുമ്പെ കണ്ടുവച്ചിരുന്നു.**

തപസ്സ്, വി. കുർബാന ഇവയെല്ലാം പ്രാർത്ഥനയോടു ചേർന്നുള്ള പോരാട്ടമാണ്. ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്ന് അപ്പോസ്തോലൻ പറയുന്നത് പ്രാർത്ഥന നമ്മുടെ സ്വഭാവത്തിന്റെ ഒരു ഭാഗമായിത്തീരാനാണ്. പരുമലബാവാ നിയമാനുസൃതപ്രാർത്ഥനകൾക്കു പുറമെ, എപ്പോഴും രഹസ്യപ്രാർത്ഥനകളും ധ്യാനവും നടത്തി പ്രകാശം സമ്പാദിക്കുമായിരുന്നു.

മൂന്നാമത്തെ പോരാട്ടം സുവിശേഷപ്രചാരണത്തിനായുള്ളതാണ്. സുവിശേഷവേല വിസ്മൃതമായി കിടന്ന ഒരു കാലയളവിൽ, സുവിശേഷംമൂലം സഭാംഗങ്ങളായിത്തീരുന്നവരെക്കുറിച്ച് ഒരു പരിഗണന ഇല്ലാതിരുന്ന കാലയളവിൽ പരുമല തിരുമേനി അനേകരെ ഉപദേശിച്ച് മാമ്മോദീസാമുക്കി സഭയോട് ചേർക്കുകയും ചെയ്തിരുന്നു.

ഓർത്തഡോക്സ് സഭയുടെ സുവിശേഷപ്രവർത്തനങ്ങളിൽ സേവേറിയോസ് തിരുമേനി ഒട്ടും തൃപ്തനായിരുന്നില്ല. 'സുവിശേഷപ്രവർത്തനങ്ങളിൽ മുന്നേറുവാൻ' തിരുമേനി നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ രംഗത്തുള്ള സഭയുടെ നിസ്സംഗതയെ ഭയത്തോടെയാണ് തിരുമേനി വീക്ഷിച്ചിരുന്നത്. പ്രവാചകദൃഷ്ടിയോടെ വി. വേദപുസ്തകത്തെ തിരുമേനി ഉദ്ധരിക്കുന്നു: "പകലുള്ളപ്പോൾ എന്നെ അയച്ചവന്റെ പ്രവൃത്തികളെ ഞാൻ ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു." (യോഹന്നാൻ 9:4) അതുപോലെ, മതേതര രാഷ്ട്രമായ ഇന്ത്യയിൽ ഏതൊരു മതാനുയായിക്കും അയാളുടെ മതത്തിൽ വിശ്വസിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കെ ആ സ്വാതന്ത്ര്യം നമ്മൾ നിഷ്ഫലമാക്കിക്കൊണ്ടിരിക്കയാണെങ്കിൽ ഇക്കാര്യങ്ങൾ ചെയ്യണമെന്ന് നമ്മൾ ആഗ്രഹിച്ചാലും അതുചെയ്യാൻ സാധിക്കാത്തതായ ഒരു ഭാവി ഉണ്ടായെന്നു വരാം. അന്ന് ദുഃഖിച്ചതുകൊണ്ട് പ്രയോജനമില്ല (പരിശുദ്ധ പരുമല ബാവ). ക്രിസ്തീയ മിഷണറിമാർക്കും, ക്രൈസ്തവ സ്ഥാപനങ്ങൾക്കും നേരെ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങളെ തിരുമേനിയുടെ ദീർഘദൃഷ്ടി എത്രയോ മുമ്പെ കണ്ടുവച്ചിരുന്നു.

ആത്മീകതയുടെ കാര്യവിചാരിപ്പുകാരായി സേവേറിയോസ് പിതാവു കണ്ടത് പുരോഹിതന്മാരെയാണ്. ദൈവത്തിൽനിന്നും ആത്മീകാനുഗ്രഹങ്ങൾ സമ്പാദിച്ച് ജനങ്ങൾക്ക് വിതരണം നടത്താൻ വിധിക്കപ്പെട്ടവരാണ് പുരോഹിതന്മാർ. സഭാഗാത്രത്തിന്റെ ശിരസ്സാണ് പൗരോഹിത്യം. സഭയും വ്യക്തിസ്വാതന്ത്ര്യവും എന്ന ലേഖനത്തിൽ തിരുമേനി രേഖപ്പെടുത്തിയിരിക്കുന്നു: "... ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടാകുകയും ഓരോന്നിന്റെയും കൃത്യങ്ങൾ വ്യത്യാസപ്പെട്ടിരിക്കുകയും ഓരോരുത്തർക്കും വ്യത്യസ്തമായ ചുമതലകൾ ഉണ്ടായിരിക്കുകയും

ചെയ്യുന്നു... എല്ലാ അവയവങ്ങളിലും ഒരേ രക്തമാണ് വ്യാപരിക്കുന്നത്. ഇതുപോലെ സഭാംഗങ്ങളെന്ന നിലയിൽ വൈദികരും അവൈദികരും ആയ എല്ലാവരിലും ഒരേ ആത്മാവാണ് വ്യാപരിക്കുന്നതെങ്കിലും സ്ഥാനങ്ങൾക്ക് (വരങ്ങൾക്ക്) വ്യത്യാസമുണ്ട്. കൈയുടെ ഒരു വിരൽ മുറിഞ്ഞാൽ വേദനയുണ്ടാകുമെങ്കിലും അതുകൊണ്ട് ആ ആൾ മരിക്കുന്നില്ല. എന്നാൽ തലമുറിഞ്ഞാലോ ? മരണം നിശ്ചയം... വൈദികരും ജനങ്ങളും സഭാഗാത്രത്തിലെ ജീവന് തുല്യാവകാശികളാണ്. എങ്കിലും ചുമതലകളിൽ വ്യത്യാസമാണുള്ളത്... തല തലയുടെ പ്രവൃത്തി ചെയ്യുന്നതുകൊണ്ട് കൈകാലുകളുടെസ്വാതന്ത്ര്യത്തെ ഒരു തരത്തിലും ബാധിക്കുന്നില്ല. എന്നാൽ കാൽ കുഴിയിലോ മുള്ളിലോ പതിയാൻ ഇടയാകുമ്പോൾ അതിനെ നിയന്ത്രിക്കുവാൻ തലക്കുള്ളിൽ വല്ലതുമുണ്ടെങ്കിൽ സാധിക്കുന്നതാണ്."

ആദർശപൂർണ്ണനായ ഒരു വൈദികനെ മാർ സേവേറിയോസ് ദർശിച്ചത് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിലാണ്. പരിശുദ്ധ ബാവായുടെ ജീവിതവിജയരഹസ്യം പ്രധാനമായി ദൈവത്തോടും, രണ്ടാമത് സഭയോടും, മൂന്നാമതായി മറ്റുള്ളവരോടും താല്പര്യം പുലർത്തിപ്പോന്നുവെന്നതായിരുന്നു. പരിശുദ്ധ പിതാവ് ഏലിയായെപ്പോലെ തീക്ഷ്ണവാനും, യൂഹാനോനെപ്പോലെ വ്രതനിഷ്ഠയുമുള്ള ആളായിരുന്നു. ശത്രുക്കളിലും മിത്രങ്ങളെ ദർശിക്കാൻ ആ വലിയ മനസ്സിനു കഴിഞ്ഞിരുന്നു. ആർഷഭാരതത്തിലെ ഋഷീശ്വരനെയും, സർവ്വസംഗപരിത്യാഗിയായ സന്യാസിയെയും, അനുഗ്രഹിക്കുന്നതിനും ശപിക്കുന്നതിനുമുള്ള ദിവ്യശക്തിയോടുകൂടിയ യോഗിവര്യനെയും, രാജകീയ ദിനചര്യത്തിലും ദൈവസംസർഗ്ഗത്തിലും വരവണ്ണം തെറ്റാത്ത കുലപതിയെയും ഒന്നുപോലെ പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവായിൽ ശ്രദ്ധിക്കാമായിരുന്നു. (പ്രധാനാചാര്യനായി പിറന്ന മഹാനുഭാവൻ)

ശരിയായ ആത്മീകത വളർത്തുന്നതിൽ ആദ്ധ്യാത്മിക സംഘടനകളായ സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം, മർത്തമറിയം സമാജം, വിദ്യാർത്ഥിപ്രസ്ഥാനം, പ്രാർത്ഥനായോഗങ്ങൾ തുടങ്ങിയവയ്ക്ക് വലിയ പ്രാധാന്യം മാർ സേവേറിയോസ് പിതാവ് നല്കിയിരുന്നു. അദ്ദേഹത്തിന്റെ മരണപത്രം ഈ കരുതലിനൊരു തെളിവാണ്. "നല്ല വിശ്വാസികളായ തലമുറകളെ വാർത്തെടുക്കുന്നതിൽ ഇതര വിദ്യാലയങ്ങളോടൊപ്പം സൺഡേസ്കൂളും അതിന്റെ പങ്കു നിർവ്വഹിക്കുന്നുണ്ട്. സൺഡേസ്കൂൾ പഠനത്തെ പ്രോത്സാഹിപ്പിക്കുവാനായി വളരെ ആഗ്രഹിക്കുന്നു. ആയതിന് എന്റെ ബാങ്കു നിക്ഷേപങ്ങളിൽനിന്നും ഇരുപത്തി അയ്യായിരം രൂപ മാറ്റിവച്ച് പ്രത്യേകമായി ബാങ്കിൽ നിക്ഷേപിച്ച് കിട്ടുന്ന വാർഷിക പലിശ കൊല്ലംതോറും അതത് വർഷങ്ങളിലെ കൊച്ചി മെത്രാസനത്തിലെ സൺഡേസ്കൂൾ വിദ്യാർത്ഥികളിൽ ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥികൾക്കു നല്കേണ്ടതാണ്." (റവ. ജോസഫ് ചീരൻ, മലങ്കരയുടെ പ്രവാചകൻ)

**2. ധാർമ്മികതയുടെ അനിവാര്യത:** മനുഷ്യർ വിശുദ്ധിയിൽ തങ്ങളുടെ ജീവിതം നയിക്കുമ്പോൾ ധാർമ്മികത സ്വതവെ പരിരക്ഷിക്കപ്പെടും. എന്നാൽ, ഇന്ന് പാപപങ്കിലമായ ജീവിതമാണ് പൊതുവെ നാം കാണുന്നത്. ഇത് ധാർമ്മികതയെ സമൂഹത്തിൽനിന്നും സഭയിൽനിന്നുമൊക്കെ പുറന്തള്ളിക്കൊണ്ടിരിക്കുന്നു. ഈ ധാർമ്മികത്തകർച്ചയിൽ പരിശുദ്ധ പിതാവ് അതി ദുഃഖിതനായിരുന്നു.


## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626 ഫോൺ: 0479-312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

നേത്രചികിത്സാക്യാമ്പ്: ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രം കൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയും തുടർന്ന് ഒരു വർഷത്തെ തുടർപരിപാടികൾക്കുംകൂടി ഏകദേശം 2500/- രൂപ ചിലവുവരും. 2500/- രൂപാ നല്കി താങ്കൾക്ക് ഒരു തലമുറയെ രക്ഷപ്പെടുത്തുവാൻ സാധിക്കും. ഈ തുക ഗഡുക്കളായും അടയ്ക്കാവുന്നതാണ്. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626




'മഹത്വം ഇസ്രായേലിൽനിന്നും പൊയ്പ്പോയി' എന്ന ലേഖനത്തിൽ അധാർമ്മികത നാശത്തിലേയ്ക്ക് നയിക്കും എന്ന് തിരുമേനി സമർത്ഥിക്കുന്നു. പഴയനിയമകാലത്ത് ഏലിയുടെ മക്കളുടെ സാന്മാർഗ്ഗികാധഃപതനം ഇസ്രായേലിന്റെ നാശത്തിനു കാരണമായി. അധാർമ്മികത വർദ്ധിച്ചപ്പോൾ യഹോവയായ ദൈവം ഇസ്രായേൽക്കാരുടെ പെട്ടകത്തെ ഉപേക്ഷിച്ചു. ദൈവം ഇല്ലാത്ത പെട്ടകത്തിന് അവരെ സഹായിക്കാൻ കഴിഞ്ഞില്ല!

ഇസ്രായേൽ ചരിത്രത്തിലെ ഗതിവിഗതികൾ ആധുനികകാലത്തും ഒരു സാധനപാഠമായി കണക്കാക്കാം. മഹത്വം ഇസ്രായേലിൽനിന്ന് പൊയ്പോയതും സഭാപരവും സാമൂഹ്യവുമായ രംഗങ്ങളിൽ അധഃപതനവും മഹത്വം നഷ്ടപ്പെട്ട ഒരു അവസ്ഥയും പലപ്പോഴും ദർശിക്കുവാൻ സാദ്ധ്യതയുണ്ട്.

ഒരുകാലത്ത് പ്രൗഢിയിലും അന്തസ്സിലും ഇരുന്നിട്ട് പില്ക്കാലത്ത് പ്രൗഢിയെല്ലാം നഷ്ടപ്പെട്ട് പുരാതനത്വംകൊണ്ട് ജീർണ്ണത ഭവിച്ച് വീഴാറായിരിക്കുന്ന ചില കൂറ്റൻ കെട്ടിടങ്ങൾ നാം കണ്ടിട്ടുണ്ടല്ലോ. കാലാനുസൃതമായി ജീർണ്ണോദ്ധാരണം നടത്തുകയും വസ്തുവകകളിൽ അദ്ധ്വാനിച്ച് ആദായം ഉണ്ടാക്കുകയും ചെയ്യുന്നില്ലെങ്കിൽ ആ തറവാട് മഹത്വം നഷ്ടപ്പെട്ട് പോകുമെന്നതിൽ സംശയമില്ല. ഈ പ്രക്രിയ കെട്ടിടത്തിന്മേലും, സമൂഹത്തിന്മേലും, രാഷ്ട്രത്തിന്മേലും, സഭയിന്മേലും ബാധിക്കും. നമ്മിൽനിന്നും നമ്മുടെ സമൂഹത്തിൽനിന്നും മഹത്വം നഷ്ടപ്പെടുന്നുണ്ടോ എന്ന് ഇസ്രായേലിനെ താരതമ്യപ്പെടുത്തി ചിന്തിക്കാം.

അധാർമ്മികതക്കെതിരായ ശക്തമായ താക്കീതാണ് മലങ്കര ഓർത്തഡോക്സ് സഭയും സാമൂഹ്യബന്ധങ്ങളും എന്ന ലേഖനത്തിൽ കൂടെ നല്കുന്നത്. "ഇന്നത്തെ അത്യന്താധുനികമായ സാമൂഹ്യജീവിതത്തിൽ നിശാക്ലബ്ബുകൾ, സിനിമ, മദ്യപാനം,രതിവൈകൃതങ്ങൾ എന്നീ നീണ്ട പട്ടികകളുണ്ട്. എന്നാൽ അവയെല്ലാം സാമൂഹ്യജീവിതത്തിന്റെ അലംഘനീയ പരിപാടികളാണെന്നും അതുകൊണ്ട് പേരിന് മാത്രമെങ്കിലും അതിൽ പങ്കുകൊള്ളേണ്ടത് സാമൂഹ്യനിലനില്പിന് ആവശ്യമാണെന്നും വാദിക്കുന്നവർ കണ്ടേക്കും. ജീവിതമൂല്യങ്ങളിൽനിന്ന് വ്യതിചലിച്ചിട്ടുള്ള സാമൂഹ്യബന്ധങ്ങൾ മനുഷ്യന് വിനാശകരമായിട്ടേ പരിണമിക്കയുള്ളൂ."

മലങ്കര ഓർത്തഡോക്സ് സഭയിലെ കക്ഷിവഴക്കുകൾ സഭയെ ആത്മീകമായും ധാർമ്മികമായും നശിപ്പിക്കുന്നതിൽ തിരുമേനി വ്യാകുലനായിരുന്നു. വിശ്വാസത്തിൽ യോജിക്കാവുന്ന എല്ലാ സഭാ വിഭാഗങ്ങളും ഒന്നിച്ച് ഒരു ഭാരതസഭ രൂപപ്പെടേണ്ടത് ആത്മീകയും ധാർമ്മികവുമായ വളർച്ചയ്ക്ക് അനിവാര്യമാണെന്ന് അദ്ദേഹം കരുതിയിരുന്നു. 1958-ലെ സഭാസമാധാനത്തെത്തുടർന്ന് സമാധാനപാതയിൽ വിശ്രമമില്ലാതെ പണിയെടുക്കേണ്ടത് സമാധാന സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണെന്നദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. തിരുമേനിയുടെ താഴെക്കൊടുത്തിരിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക: "... സമാധാനം ഉണ്ടായിക്കഴിഞ്ഞു എന്ന് വിചാരിച്ച് ഇനിയുമൊന്നും ചെയ്യാനില്ലാത്തതുപോലെ നാം മൗനമായിരിക്കുകയല്ല വേണ്ടത്. അതുപോലെ ലൗകികമായ സന്തോഷപ്രകടനങ്ങളിലും സ്വീകരണസന്നാഹങ്ങളിലും മാത്രം നിമഗ്നരായി കഴിയുകയുമല്ല... ഈ സമാധാനത്തിന്റെ അടിസ്ഥാനത്തിൽ മറ്റു സമുദായങ്ങൾ കൂടി യോജിച്ച് ഏകയോഗമായ ഒരു ഭാരതീയ സഭ രൂപമെടുക്കുകയാണെങ്കിൽ ഭാരതത്തിലേക്ക് കൊടുക്കാവുന്നതിലേക്കും വലിയ സംഭാവനയായിരിക്കും അത്... വിലയേറിയ ഒരു സന്ദർഭം കർത്താവുതന്നിരിക്കുന്നു... സംഭവിച്ച കാര്യങ്ങൾക്കു നാം നന്ദിയുള്ളവരും സംഭവിപ്പാനുള്ള കാര്യങ്ങൾക്ക് നാം സന്നദ്ധതയുള്ളവരും ആയിരിക്കണം." (എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു, പു. 124-29)

**ആത്മീകതയ്ക്കും, ധാർമ്മികതയ്ക്കും ഇണങ്ങുന്ന ഭൗതീകത:** ആത്മീകതയ്ക്കും, ധാർമ്മികതയ്ക്കും കോട്ടംതട്ടാത്ത ഭൗതികജീവിതമാണാവശ്യം. ഈ ലോകത്ത് ജീവിക്കുവാൻ ഭൗതീകസമ്പത്ത് കൂടിയേ തീരു. എന്നാൽ സമ്പത്തിന്റെ ഉത്പാദനവും വിനിയോഗവും ദൈവേഷ്ടപ്രകാരമായിരിക്കണം. അധാർമ്മികമായി സ്വത്തു സമ്പാദിക്കുന്നതിനെയും, വിനിയോഗിക്കുന്നതിനെയും തിരുമേനി നിശിതമായി വിമർശിച്ചു. "ധനം, ലോകവിഭവങ്ങൾ, സാമൂഹ്യ ബന്ധങ്ങൾ ഇവ എങ്ങനെ കൈകാര്യം ചെയ്യപ്പെടണമെന്നും കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അത് പഠിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുന്നതിനുള്ള ഭാരമേറിയ ഒരു യജ്ഞമാണ് നാമോരോരുത്തരുടെമേലും അവശേഷിക്കുന്നത്. 'നിന്റെ രാജ്യം വരേണമെ' എന്നുള്ളത് അനിശ്ചിതമായ ഭാവിയിലെ ഒരു രാജ്യത്തെയല്ല ഈ വർത്തമാനകാലത്തിൽ നമ്മൾ അനുഭവിക്കുകയും കൈകാര്യം ചെയ്യേണ്ടിയതുമായ വ്യവസ്ഥിതിയെയാണ് ചൂണ്ടിക്കാണിക്കുന്നതെന്ന് ഗ്രഹിക്കേണ്ടിയിരിക്കുന്നു. ആ വ്യവസ്ഥിതിക്കെതിരായ നിലപാടുകളെ പ്രതിഷേധിക്കാതെ നമ്മുടെ ക്രിസ്തീയജീവിതം സാക്ഷ്യം പൂർണ്ണമാവുകയില്ല." (കും പൗലോസ്)

അമിതമായ തോതിൽ വർദ്ധിച്ചുവരുന്ന അസന്മാർഗ്ഗികത്വം, സുഖലോലുപത്വം, ദ്രവ്യാരാധന ഇവ അനേകായിരങ്ങളുടെ ജീവിതങ്ങളെ തകർത്തുകൊണ്ടിരിക്കയാണ്. ആ തകർച്ചയിൽനിന്നു മനുഷ്യരാശിയെ ഉദ്ധരിക്കുവാൻ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾക്കോ മസ്തിഷ്ക്കവികസനത്തിനോ സാദ്ധ്യമല്ല. ദൈവാത്മാവിനാൽ പ്രേരിതരായ പ്രവാചകന്മാർക്കു മാത്രമേ അത് കഴിയൂ. ഓരോ ക്രിസ്ത്യാനിയും ആ തോതിൽ പ്രവാചകനും അപ്പോസ്തോലനും ആയിരിക്കേണ്ടതത്രെ. (നിർമ്മലസുവിശേഷം)

### V

### ഉപസംഹാരം:

മാർ സേവേറിയോസ് പിതാവിന്റെ ദർശനം "മനുഷ്യർ വിശുദ്ധിയിൽ ജീവിച്ച് ദൈവത്തെപ്പോലെയാകുക" എന്നതാണ്. വിശുദ്ധിയിലുള്ള ജീവിതം ഈ ലോകപ്രശ്നങ്ങളിൽനിന്നും വ്യതിരിക്തനായി നാമമാത്രമായ ആത്മീകജീവിതം നയിക്കുക എന്നതല്ല! കർത്താവിന്റെ ജീവിതത്തെയും പഠിപ്പിക്കലുകളെയും തിരിച്ചറിഞ്ഞ് അതിനനുരൂപമായ ഒരു സമഗ്രജീവിതം കാഴ്ചവയ്ക്കുക എന്നതാണ്. സമ്പത്തിന്റെ ഉൽപാദന-വിനിയോഗങ്ങളിലും മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളിലും പ്രകൃതിയുമായുള്ള ബന്ധത്തിലുമൊക്കെ ദൈവീകതയാകുന്ന ഊർജ്ജം പ്രവർത്തിക്കണം. അപ്പോൾ ശരിയായ ആത്മീകതയിൽ ധർമ്മിഷ്ഠമായ ഒരു ഭൗതിക ജീവിതം കെട്ടിപ്പടുക്കാം. നിത്യജീവിതത്തിന്റെ തുടക്കം പ്രതീക്ഷയോടെ ഈ ലോകജീവിതത്തിൽ നമുക്കാരംഭിക്കാം. പരിശുദ്ധ സേവേറിയോസ് പിതാവിന്റെ ദർശനം ഇതിനൊരു വഴികാട്ടിയാകട്ടെ.

[തൃശ്ശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ 2000 മെയ് 21-ാം തീയതി ചെമ്പുക്കാവ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ സംഘടിപ്പിച്ച മൂന്നാമത് വാർഷിക സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം]

# പരിശുദ്ധ സുന്നഹദോസ് നിശ്ചയങ്ങൾ

**കോട്ടയം:** പുതുക്കിപ്പണിത പരുമല സെമിനാരി പള്ളിയുടെ കൂദാശ ഒക്ടോബർ 27, 28 തീയതികളിൽ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തുവാൻ പഴയ സെമിനാരിയിൽ ചേർന്ന എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. നിയുക്ത കാതോലിക്ക തോമസ് മാർ തീമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു.

ഭരണപരമായ കാര്യങ്ങളിൽ പ. കാതോലിക്കാബാവായെ സഹായിക്കുന്നതിന് നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ്, സുന്നഹദോസ് സെക്രട്ടറി തോമസ് മാർ അത്താനാസിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ് എന്നിവരെ ചുമതലപ്പെടുത്തി.

ഒറീസ്സാ ദുരിതാശ്വാസ പ്രവർത്തനത്തിന് സഭ 66 ലക്ഷം രൂപായുടെ പദ്ധതി നടപ്പാക്കി. കൂടുതൽ ഗ്രാമങ്ങൾ ദത്തെടുക്കും. ബാഹ്യകേരളത്തിൽ ദേശീയ ദുരിതങ്ങൾ ഉണ്ടാകുമ്പോൾ ഉടനടി ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നതിനായി ഗീവറുഗീസ് മാർ കൂറീലോസ് അദ്ധ്യക്ഷനും കെ.ഐ. ഫിലിപ്പ് റമ്പാൻ സെക്രട്ടറിയായും ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

സഭാ മാനേജിംഗ് കമ്മിറ്റി ശുപാർശ ചെയ്ത തീരുമാനങ്ങൾ അംഗീകരിച്ചു. മഹാജൂബിലി ഭാഗമായി എല്ലാ ഭദ്രാസന കേന്ദ്രങ്ങളിലും കൗൺസലിങ്ങ് സെന്ററുകൾ, ബുദ്ധിമാന്ദ്യമുള്ളവർക്കായി പുനഃരധിവാസ കേന്ദ്രങ്ങൾ, ആദ്ധ്യാത്മിക നവോത്ഥാന പദ്ധതികൾ എന്നിവ നടപ്പിലാക്കും.

സഭയുടെ പേരിൽ ട്രസ്റ്റുകൾ, സൊസൈറ്റികൾ എന്നിവ രജിസ്ട്രർ ചെയ്യുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ സംബന്ധിച്ച് ആലോചനയ്ക്കായി ഒരു കമ്മിറ്റിയെ നിയമിച്ചു.

പാർലമെന്റിൽ അവതരിപ്പിച്ച ക്രിസ്ത്യൻ വിവാഹബിൽ സംബന്ധിച്ച് ഓർത്തഡോക്സ് സഭയുടെ നിലപാട് വിശദീകരിച്ചുള്ള നിവേദനം കേന്ദ്ര സർക്കാരിന് സമർപ്പിക്കും.

നാഗപ്പൂർ-കോട്ടയം വൈദിക സെമിനാരികളിലെ അദ്ധ്യാപക നിയമനം, നടത്തിപ്പ് എന്നിവ സംബന്ധിച്ച റിപ്പോർട്ട് അംഗീകരിച്ചു. ബിരുദ-ബിരുദാനന്തര, ഡോക്ടറൽ തലത്തിൽ നാഗപ്പൂർ സെമിനാരിയെ ഉയർത്തും.

ബാഹ്യകേരളത്തിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികളുടെ ആത്മീയ കാര്യങ്ങൾക്കായി പ്രത്യേകം വൈദികരേ ചുമതലപ്പെടുത്തും. 1934-ലെ സഭാ ഭരണഘടനയും സുപ്രീംകോടതി വിധിയും അനുസരിച്ച് സഭാ സമാധാനത്തിന് പ. സുന്നഹദോസ് ആഹ്വാനം ചെയ്തു.

ജീവൻ ടി.വി. ഡയറക്ടർ ബോർഡിൽ സഭയെ പ്രതിനിധീകരിച്ച് ഫിലിപ്പോസ് മാർ യൗസേബിയോസിനെ നിയോഗിച്ചു. പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ ചരമ രജത ജൂബിലി വിവിധ പരിപാടികളോടെ നടത്തും.

അടുത്ത കഷ്ടാനുഭവശുശ്രൂഷകൾക്ക് പഴയ സെമിനാരിയിൽ തോമസ് മാർ അത്താനാസിയോസും പരുമല സെമിനാരിയിൽ സ്തേഫാനോസ് മാർ തേവോദോസ്യോസും നേതൃത്വം നല്കും.

മാത്യൂസ് മാർ എപ്പിഫാനിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, പൗലോസ് മാർ പക്കോമിയോസ് എന്നിവർ ധ്യാനം നയിച്ചു.

ഡൽഹി ആർച്ച് ബിഷപ്പ് അലൻഡി ലാസ്റ്റിക്ക്, ഗവേഷകനും ചരിത്രകാരനുമായ ഡോ. സാമുവൽ ചന്ദനപ്പള്ളി എന്നിവരുടെ ദേഹവിയോഗത്തിൽ പ. സുന്നഹദോസ് അനുശോചിച്ചു.

സുന്നഹദോസ് അംഗങ്ങളുടെ ധ്യാനം ഒക്ടോബർ 25-നും അടുത്ത സമ്മേളനം 2001 ഫെബ്രുവരി 20 മുതൽ 24 വരെ നടത്തുമെന്നും സുന്നഹദോസ് സെക്രട്ടറി തോമസ് മാർ അത്താനാസിയോസ് പറഞ്ഞു.

## ജോൺ ജോസഫ് വി.എച്ച്.പി.യുടെ വക്താവോ?

ദേശീയ ന്യൂനപക്ഷ കമ്മിഷൻ അംഗമായ ജോൺ ജോസഫ് നടത്തിയ പ്രസ്താവന അത്യന്തം പ്രതിഷേധാർഹമാണ്. ക്രൈസ്തവരുടെ വക്താവായി തെരഞ്ഞെടുക്കപ്പെട്ട ആൾ അവർക്കെതിരെ അടിസ്ഥാന രഹിതമായ ആരോപണം ഉന്നയിക്കുന്നത് കുറ്റകരമാണ്.

ചില ക്രൈസ്തവ തീവ്രവാദി സംഘങ്ങൾ ഹൈന്ദവർക്കും ക്ഷേത്രങ്ങൾക്കുമെതിരെ പോരാട്ടത്തിന് ഒരുങ്ങുന്നെന്നും, കേരളത്തിലും ഈ സംഘങ്ങൾക്ക് വേരുണ്ടെന്നും ജോൺ ജോസഫ് പ്രസ്താവിച്ചിരുന്നു. അത്യന്തം അപലപനീയമായ ഈ പ്രസ്താവനയ്ക്കെതിരെ കേരളത്തിലെ സമുദായ സംഘടനകൾ പ്രതിഷേധിച്ചിരുന്നു.

ജോൺ ജോസഫിന്റെ പ്രസ്താവനകൾ ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കേന്ദ്ര സർക്കാരും, ഹരിയാന, യു.പി. സർക്കാരുകളും പരാജയപ്പെട്ടതിൽനിന്നു ശ്രദ്ധതിരിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണെന്ന് ബിഷപ്പ് പൗലോസ് മാർ പൗലോസ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. നൈനാൻ കോശിയും സെക്രട്ടറി യൂഹാനോൻ മാർ മിലിത്തിയോസും കുറ്റപ്പെടുത്തി.

ജോൺ ജോസഫിന്റെ പ്രസ്താവനമൂലം അദ്ദേഹത്തിന് ന്യൂനപക്ഷ കമ്മീഷൻ അംഗമായിരിക്കാൻ യോഗ്യതയില്ലെന്ന് ശ്രീ. കെ.എം. മാണി എം.എൽ.എ. അഭിപ്രായപ്പെട്ടു.

രണ്ടാമതൊരു തവണകൂടി ന്യൂനപക്ഷ കമ്മീഷൻ അംഗമായി തുടരാൻ ജോൺ ജോസഫിന് കേന്ദ്രഗവൺമെന്റ് നല്കിയ അനുവാദത്തിന് പിന്നിൽ അവരുടെ വക്താവായി തുടരണമെന്ന് രഹസ്യ നിർദ്ദേശവും ഉണ്ടായിരുന്നു എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

എന്തായാലും ന്യൂനപക്ഷ കമ്മീഷന്റെ പ്രസ്താവനകളും പ്രവർത്തനങ്ങളും ക്രൈസ്തവർക്കു കമ്മീഷനോടുള്ള വിശ്വാസ്യതയെ നഷ്ടപ്പെടുത്തിയിരിക്കുകയാണ്.

## ഇടവക സന്ദർശനം

**ഒറീസ:** കട്ടക് സെന്റ് ജോർജ്ജ് ഇടവകയിൽ പ. കാതോലിക്കാ ബാവ സന്ദർശനം നടത്തി. വികാരി ഫാ. കെ.എസ്. ജോർജ്ജിന്റെ നേതൃത്വത്തിൽ എല്ലാ വിഭാഗത്തിലുംപെട്ട മലയാളികൾ പ. ബാവായ്ക്ക് സ്വീകരണം നല്കി. അഭി. ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും പ. കാതോലിക്കാ ബാവായോടൊപ്പം ഉണ്ടായിരുന്നു.

## മർത്തമറിയം സമ്മേളനം

**മല്ലപ്പള്ളി:** മല്ലപ്പള്ളി ഡിസ്ട്രിക്റ്റിൽപെട്ട 13 പള്ളികളിലെ സ്ത്രീസമാജങ്ങളുടെ ഗ്രൂപ്പ് മീറ്റിംഗ് പാതിക്കാട് ഓർത്തഡോക്സ് പള്ളിയിൽവച്ച് നടത്തപ്പെട്ടു. ഫാ. തോമസ് കല്ലോലിക്കൽ അദ്ധ്യക്ഷതവഹിച്ചു.





# ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ആശുപത്രി ഉദ്ഘാടനം

**കുണ്ടറ:** പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പാവനസ്മരണയെ നിലനിർത്തുന്നതിനായി ആരംഭിച്ചതാണ് കുണ്ടറ ബി.ജി.എം. ട്രസ്റ്റ് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ രക്ഷാധികാരിയായും അഭി. മാത്യൂസ് മാർ എപ്പിപ്പാനിയോസ് തിരുമേനി പ്രസിഡന്റായുമുള്ള 15 അംഗവർക്കിംഗ് കമ്മിറ്റിയാണ് ട്രസ്റ്റിന്റെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. സാധുക്കളായ ജനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു ആശുപത്രിയും വൃദ്ധഭവനവും സ്ഥാപിക്കാനായി 125 ലക്ഷം രൂപാ അടങ്കൽ തുകയുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് 5 നിലകളുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയുടെ പണി പൂർത്തീകരിച്ച് അതിൽ ആശുപത്രിയുടെ ഔട്ട്പേഷ്യന്റ് വിഭാഗം പ്രവർത്തിച്ചുവരികയാണ്. ഇതിന്റെ ഉദ്ഘാടനം പരി. ബാവാ തിരുമേനി നിർവ്വഹിക്കുകയുണ്ടായി. തുടർന്നുള്ള സമ്മേളനം ബഹു. കേരള ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻനായർ ഉദ്ഘാടനം ചെയ്യുകയും അഭി. ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ തുടങ്ങിയവർ പ്രസംഗിക്കുകയും ചെയ്തു.

## ശെമ്മാശനായി

**കോട്ടയം:** പാമ്പാടി കന്നുകുഴിയിൽ കെ.സി. മാണിയുടെ പുത്രൻ കുറിയാക്കോസ് മാണി ജൂൺ മാസം 19-ാം തീയതി പാമ്പാടി ദയറായിൽവച്ച് അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയിൽനിന്നും ശെമ്മാശ്ശപട്ടം സ്വീകരിച്ചു. കോട്ടയം ഭദ്രാസന ആദ്ധ്യാത്മിക സംഘടന ഓർഗനൈസിംഗ് സെക്രട്ടറിയായി ശെമ്മാശ്ശൻ ഇപ്പോൾ പ്രവർത്തിക്കുന്നു.

## ശിലാസ്ഥാപനം

**വാഴമുട്ടം:** വാഴമുട്ടം മാർ ബർസൗമാ പള്ളിയുടെ ശിലാസ്ഥാപനം 3-6-2000-ൽ മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവാ മോറാൻ മോർ ബസോലിയോസ് തിരുമേനി നിർവ്വഹിച്ചു. തുമ്പമൺ ഭദ്രാസനാധിപൻ ഫിലിപ്പോസ് മാർ യൗസേബിയോസ് കൊല്ലം ഭദ്രാസനാധിപൻ മാത്യൂസ് മാർ എപ്പിപ്പാനിയോസ് എന്നിവർ സഹകാർമ്മികരായിരുന്നു.

റോണി, കോടുകുളഞ്ഞി

ഉപ്പാണ്ടി മാപ്ല



# ശിശുക്കളുടെ ആത്മിക ശിക്ഷണം:
## മാർ ഈവാനിയോസിന്റെ വീക്ഷണം

ഫാ. റ്റി.ജെ. ജോഷ്വാ

കുഞ്ഞാടുകളെ മേയിക്കുക എന്നുള്ള അരുമനാഥന്റെ അന്തിമശാസനത്തെപ്പറ്റി സഭാപിതാവായ അലക്സാൻഡ്രിയായിലെ ക്ലിമ്മീസ് എന്തു പഠിപ്പിക്കുന്നു എന്നുള്ളത് മുൻലേഖനത്തിൽ നാം കണ്ടു. ഈ വിഷയത്തെപ്പറ്റി സ്വർണ്ണനാവുകാരൻ (ക്രിസോസ്റ്റം) എന്നറിയപ്പെടുന്ന മാർ ഈവാനിയോസ് (എ.ഡി. 347–407) എന്തു വെളിപ്പെടുത്തുന്നു എന്നാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

അന്ത്യോക്യയിൽ ജനിച്ച അദ്ദേഹത്തിന് ബാല്യത്തിൽത്തന്നെ പിതാവു നഷ്ടപ്പെട്ടു. മാതാവിന്റെ തീക്ഷ്ണമായ സംരക്ഷണയിലും ശിക്ഷണത്തിലുമാണു വളർന്നത്. ഇരുപത്തിമൂന്നാം വയസ്സിൽ മാമോദീസാ സ്വീകരിച്ചു. യവനതത്വശാസ്ത്രവും, പ്രഭാഷണവിദ്യയും നന്നായി അഭ്യസിച്ചു. മാർ ബസേലിയോസിന്റെ സതീർത്ഥ്യനും സുഹൃത്തുമായിരുന്നു. ആ സ്വാധീനത്തിൽ സന്യാസിയായി. വൈദികനായി അന്ത്യോക്യയിൽ പ്രവർത്തിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ അത്യന്തം ഹൃദ്യവും ശ്രദ്ധേയവുമായിരുന്നു. അങ്ങനെയാണ് 'സ്വർണ്ണനാവുകാരൻ' എന്ന വിശേഷണനാമം അദ്ദേഹത്തിന്റെ മരണത്തിനു ശേഷം ലഭ്യമായത്. കുസ്തന്തീനോപ്പോലീസിലെ ബിഷപ്പായി അവരോധിക്കപ്പെട്ടു. ചക്രവർത്തിയുടെ അപ്രീതി നിമിത്തം നാടുകടത്തപ്പെട്ടു. പ്രവാസി ആയിരിക്കുമ്പോൾ 407–ൽ ചരമമടഞ്ഞു.

സന്യാസിത്വത്തിന്റെ കഠിനപാത അദ്ദേഹം പിന്തുർന്നു. എന്നാൽ കുടുംബജീവിതത്തിന്റെ ആദ്ധ്യാത്മികതയെക്കുറിച്ചും, ശിശുക്കളുടെ ആത്മിക പരിപോഷണത്തെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ ആ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ അവഗാഹം വെളിപ്പെടുത്തുന്നു.

കർത്താവിനോടുള്ള ഭക്തിയിലും കർത്താവിനെക്കുറിച്ചുള്ളപരിജ്ഞാനത്തിലും കുഞ്ഞുങ്ങളെ വളർത്തുവാനുള്ള മാതാപിതാക്കളുടെ കർത്തവ്യത്തെപ്പറ്റി അദ്ദേഹം ഊന്നിപ്പറയുന്നു. അല്ലാത്തപക്ഷം ദൈവം മുമ്പാകെ അവർ ശിക്ഷാർഹരായിത്തീരുമെന്നാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

ഇതാണ് നമ്മുടെ കർത്തവ്യം; അതായത് നമ്മെയും നമ്മുടെ കുഞ്ഞുങ്ങളെയും ദൈവഭക്തിയിൽ അഭ്യസിപ്പിക്കുക; അല്ലാത്തപക്ഷം ക്രിസ്തുവിന്റെ ന്യായാസനത്തിൻമുമ്പാകെ എന്ത് ഉത്തരം നല്കുവാൻ നമുക്കു കഴിയും? അനുസരണമില്ലാത്ത മക്കളുടെ പിതാവായിട്ടുള്ളവൻ എപ്പിസ്കോപ്പാസ്ഥാനത്തിന് അർഹനല്ലെങ്കിൽ (തീത്തോ. 1:6) അവൻ ദൈവരാജ്യത്തിന് എങ്ങനെ അർഹനായിത്തീരും? നമുക്ക് അനുസരണമില്ലാത്ത, അനിയന്ത്രിതരായ മക്കളുണ്ടെങ്കിൽ നാം ദൈവംമുമ്പാകെ

> **നാം നമ്മുടെ കുഞ്ഞുങ്ങളെ ശരിയായി അഭ്യസിപ്പിക്കുമ്പോൾ, അവർ നന്മയിലും, സൗമ്യതയിലും, സഹനത്തിലും വളരുവാൻ സഹായിക്കുമ്പോൾ, അവർ ഔദാര്യത്തോടെ മറ്റുള്ളവരെ സ്നേഹിക്കുവാനും സഹായിക്കുവാനും നാം പഠിപ്പിക്കുമ്പോൾ, ഈ ലോകത്തിന്റെ കാര്യങ്ങൾ നശ്വരമെന്ന് എണ്ണുവാൻ അവരെ പ്രാപ്തരാക്കുമ്പോൾ അതാണ് ആത്മാവിന്റെ സുകൃതം**

അവരുടെ കണക്കു ബോധിപ്പിക്കേണ്ടതല്ലേ? അതേ, ദൈവത്തിനു കടപ്പെട്ടത് നാം കൊടുക്കുവാൻ നമുക്കു കഴിയുന്നില്ലെങ്കിൽ നമ്മുടെ വ്യക്തിഗത നീതികൊണ്ടു മാത്രം നാം രക്ഷപ്രാപിക്കുകയില്ല. ഒരു താലന്തു ലഭിച്ച മനുഷ്യൻ അതുകൊണ്ട് പ്രയോജനപ്പെടുത്താതെ മണ്ണിൽ കുഴിച്ചിട്ടതുമൂലം ശിക്ഷിക്കപ്പെട്ടുവെങ്കിൽ (മത്താ. 25:24–28) ഒരുവന്റെ സുകൃതങ്ങൾ മാത്രമല്ല, നമ്മെ ഭരമേല്പിച്ചിട്ടുള്ളവരുടെ സുകൃതങ്ങളും നമ്മുടെ രക്ഷയ്ക്ക് ആവശ്യമെന്നു വ്യക്തമാണ്.

ഇവിടെ ഉപമയിലെ താലന്തിനോട് കുഞ്ഞുങ്ങളെ സാമ്യപ്പെടുത്തുന്നു. അതിൽക്കൂടി കുഞ്ഞുങ്ങളുടെ അമൂല്യസ്ഥാനവും, അവർ ആത്യന്തികമായി നമ്മുടേതല്ല ദൈവത്തിന്റെ വകയാണെന്നും വെളിപ്പെടുത്തുന്നു. അവരെ ശരിയായി പരിശീലിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും ദൈവം ഭരമേല്പിച്ചിരിക്കുകയാണ്. അവരെപ്പറ്റി നാം ദൈവമുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടതുണ്ട്. ശിശുക്കൾ എങ്ങനെ ആയിത്തീരുന്നു എന്നുള്ളതിന് മാതാപിതാക്കൾ ഉത്തരവാദികളാണ്. അന്നത്തെ സമൂഹത്തിന്റെ ധാർമ്മികവും ആത്മികവുമായ നിലവാരം വളരെ താഴ്ന്ന തരത്തിലായിരുന്നു. മാതാപിതാക്കളുടെ കർത്തവ്യത്തെപ്പറ്റിപ്പറയുമ്പോൾ, ഇക്കാര്യത്തിൽ പരാജയപ്പെട്ട ഏലി എന്ന പുരോഹിതന്റെ ചിത്രം (1 ശമു. 3, 4) ഈവാനിയോസിന്റെ മനസ്സിൽ ഉണ്ടായിരുന്നു. ഏലിയെപ്പറ്റിയുള്ള പരാമർശം അതിനുമുമ്പുണ്ട്.

ദൈവമുമ്പാകെ കുഞ്ഞുങ്ങളും അവരുടെ ആത്മീയശിക്ഷണവും എന്തുകൊണ്ട് പ്രാധാന്യമർഹിക്കുന്നു എന്ന് ഈവാനിയോസ് തുടർന്നുള്ള ഭാഗത്തു പ്രസ്താവിക്കുന്നു:

'മക്കളെ ശിക്ഷണത്തിലും പഥ്യോപദേശത്തിലും വളർത്തുക' (എഫേ. 6:4) എന്നു പൗലോസ് ഉദ്ബോധിപ്പിക്കുന്നു. അങ്ങനെ ചെയ്താൽ നമുക്കു വലിയ ഒരു പ്രതിഫലം ലഭിക്കും. രാജാക്കന്മാരുടെ പ്രതിമ ഉണ്ടാക്കുകയും അതിനു ചായമിടുകയും ചെയ്താൽ വലിയ ബഹുമതി ലഭിക്കുമെങ്കിൽ, ദൈവത്തിന്റെ രാജകീയ പ്രതിരൂപങ്ങളെ (മനുഷ്യർ അതാണല്ലോ) നാം മനോഹരമാക്കുമ്പോൾ, എണ്ണമില്ലാത്ത നന്മകൾ നമുക്ക് ആസ്വദിക്കാൻ കഴിയും. നാം നമ്മുടെ കുഞ്ഞുങ്ങളെ ശരിയായി അഭ്യസിപ്പിക്കുമ്പോൾ, അവർ നന്മയിലും, സൗമ്യതയിലും, സഹനത്തിലും വളരുവാൻ സഹായിക്കുമ്പോൾ, അവർ ഔദാര്യത്തോടെ മറ്റുള്ളവരെ സ്നേഹിക്കുവാനും സഹായിക്കുവാനും നാം പഠിപ്പിക്കുമ്പോൾ, ഈ ലോകത്തിന്റെ കാര്യങ്ങൾ നശ്വരമെന്ന് എണ്ണുവാൻ അവരെ പ്രാപ്തരാക്കുമ്പോൾ അതാണ് ആത്മാവിന്റെ സുകൃതം.

റോമൻ ചക്രവർത്തിമാരുടെ പ്രതിമകളെ, ചക്രവർത്തിക്കനുയോജ്യമായ വിധത്തിൽ ആദരിക്കുകയും പൂജിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അത് അന്നത്തെ പൗരജീവിതത്തിന്റെ ഭാഗമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഈവാനിയോസ് മേൽപ്പറഞ്ഞ വിധത്തിൽ പരാമർശിക്കുന്നത്. ഓരോ മനുഷ്യനും ദൈവത്തിന്റെ പ്രതിരൂപമാണ്. മാത്രമല്ല, ദൈവസാദൃശ്യം ധരിക്കുവാൻ ഉദ്ദേശിക്കപ്പെട്ടവരുമാണ്. ആ സാദൃശ്യം സുകൃതങ്ങളിൽക്കൂടി പ്രതിഫലിക്കണം. നന്മ, സൗമ്യത, വിദ്വേഷരാഹിത്യം, ഔദാര്യം, സ്നേഹം എന്നിവ യഥാർത്ഥത്തിൽ ദൈവസ്വഭാവങ്ങളാണ്. ദൈവകൃപയാൽ ഈ സുകൃതങ്ങളിൽ നാം പങ്കുകാരായിത്തീരുന്നു. കുഞ്ഞുങ്ങൾ ദൈവത്തിന്റെ സ്വരൂപങ്ങളാണെന്നും, അവരെ ശരിയായ വിധത്തിൽ അഭ്യസിപ്പിക്കുമ്പോൾ മാതാപിതാക്കൾ വലിയ കർത്തവ്യമാണ് നിർവ്വഹിക്കുന്നതെന്നും ഈവാനിയോസ് പറയുന്നു.

എന്താണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം? ഇത് ആദിമ സഭാപിതാക്കന്മാർക്കു പ്രധാനപ്പെട്ട വിഷയമായിരുന്നു. ഈവാനിയോസ് പറയുന്നത്, കർത്താവിനെക്കുറിച്ചുള്ള പ്രബോധനവും ശിക്ഷണവും നല്കുകയും, അവരെ ദൈവികരാക്കിത്തീർക്കുകയുമാണ് യഥാർത്ഥ വിദ്യാഭ്യാസം. പ്രബോധനത്തിൽ ക്രിസ്തീയ വിശ്വാസസത്യങ്ങൾ ഉൾക്കൊള്ളണം. മാത്രമല്ല, വിശ്വാസത്തിനനുസരണമായ സ്വഭാവരൂപീകരണത്തിനു പ്രാധാന്യം നല്കണം. സുകൃതങ്ങളിൽ വളരുന്ന തലമുറയെ അഭ്യസിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം. എന്നാൽ, അക്കാലത്ത് തത്വചിന്ത അഭ്യസിക്കുക, പ്രസംഗകലയിൽ വൈദഗ്ദ്ധ്യം നേടുക എന്നുള്ളതായിരുന്നു ലക്ഷ്യം. അതിനായി ക്ലാസിക്കൽ സാഹിത്യം, തത്വചിന്ത, സംസ്ക്കാരം, പ്രഭാഷണകല എന്നിവ അഭ്യസിപ്പിച്ചു. സാമ്പത്തിക കഴിവുള്ള മാതാപിതാക്കൾ മേൽപ്പറഞ്ഞ രംഗത്ത് പ്രാവീണ്യം നേടിയവരുടെ അടുക്കൽ തങ്ങളുടെ മക്കളെ അയച്ചു പഠിപ്പിച്ചു. പില്ക്കാലത്ത് സാമ്പത്തികനേട്ടം കൈവരുത്താൻ ആ അഭ്യസനം സഹായിക്കുകയും ചെയ്തു. ഇന്നും നാം ചെയ്യുന്നത് സാമ്പത്തികനേട്ടം കൈവരുത്തുവാൻ ശാസ്ത്രസാങ്കേതികരംഗത്ത് മികവുള്ള വിദ്യാഭ്യാസം നല്കുകയാണ്. എന്നാൽ, അന്നത്തെ സഭാപിതാക്കന്മാർ ഈവാനിയോസ്, ബസേലിയോസ് തുടങ്ങിയവർ, കുഞ്ഞുങ്ങളെ ധാർമ്മികവും ആത്മികവുമായ പരിപോഷണത്തിനുതകുന്ന പരിശീലനം നല്കണമെന്ന് അനുശാസിച്ചു.

### ഈവാനിയോസ് മാതാപിതാക്കളോട് ആജ്ഞാപിച്ചു:

"ഈ ലോകത്തിൽ എപ്രകാരം ദീർഘായുസ്സ് ആസ്വദിക്കാമെന്ന് നിങ്ങളുടെ കുഞ്ഞുങ്ങളോടു ചോദിക്കരുത്. പിന്നെയോ വരുവാനിരിക്കുന്ന ലോകത്തിൽ അന്തമില്ലാത്ത നിത്യജീവിതം ആസ്വദിക്കാൻ എങ്ങനെ കഴിയുമെന്നു ചോദിക്കു. നിങ്ങളുടെ മകനെ സമർത്ഥനായ ഒരു പ്രസംഗകനാക്കാനല്ല; പിന്നയോ യഥാർത്ഥ ജ്ഞാനം സ്നേഹിക്കാൻ അവനെ പഠിപ്പിക്കുക. നിപുണമായ വാക്കുകൾ അവനില്ലാത്തതുകൊണ്ട് നഷ്ടപ്പെടാനില്ല എന്നാൽ, യഥാർത്ഥ ജ്ഞാനം അവനില്ലെങ്കിൽ അവന്റെ വാചകക്കസർത്ത് അവനെ സഹായിക്കയില്ല. പൊള്ളയായ പ്രസംഗങ്ങളല്ല, ധന്യമായ ഒരു ജീവിതശൈലിയാണ് ആവശ്യമുള്ളത്; സാമർത്ഥ്യമല്ല, സ്വഭാവദാർഢ്യമാണാവശ്യം; വാക്കുകളല്ല, പ്രവൃത്തിയാണു വേണ്ടത്. ഇക്കാര്യങ്ങൾ ദൈവരാജ്യം സ്വായത്തമാക്കാനും ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കാനും സഹായിക്കും. അവന്റെ നാക്കിനെ മൂർച്ചപ്പെടുത്തുകയല്ല, ആത്മാവിനെ ശുദ്ധീകരിക്കുകയാണാവശ്യം. ലൗകികവിജ്ഞാനം നിഷ്പ്രയോജനമെന്ന് പറയുന്നില്ല, എന്നാൽ അതു മാത്രമായിരിക്കരുത് നമ്മുടെ ലക്ഷ്യം. മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ശരിയായ ഭൗതിക വിദ്യാഭ്യാസം നല്കരുതെന്നല്ല എന്നാൽ ക്രിസ്തീയ വിശ്വാസത്തിനും, സ്വഭാവത്തിനും പരമമായ പ്രാധാന്യം നല്കണമെന്നാണ് ഊന്നിപ്പറയുന്നത്. മാർ ഈവാനിയോസിന്റെ വീക്ഷണം ഇന്നുള്ള നമ്മുടെ കണ്ണുകൾ തുറക്കാൻ പര്യാപ്തമാകട്ടെ എന്നാശംസിക്കുന്നു.

◆

ഭക്തിഗാനം

### പ്രാർത്ഥന

കെ.സി. അലക്സാണ്ടർ, പുനലൂർ

**നിത്യമതാം നിൻ വചനങ്ങൾ**
**സത്യമതായി ഗ്രഹിച്ചീടാൻ;**
**ബുദ്ധിയെനിക്കങ്ങേകേണം**
**കരുണാകരനാം കർത്താവേ!**

**സാത്താനെന്നിൽ വസിക്കാതെ**
**ചിത്തം ശുദ്ധമതാക്കീടാൻ;**
**നീയങ്ങെന്നിൽ വസിക്കേണം**
**അബ്ബാ! എന്നുടെ സ്രഷ്ടാവേ!**

**എന്നരിചീറിയടുക്കുമ്പോൾ**
**ക്ഷമകൊണ്ടവനെയടക്കീടാൻ**
**കഴിവും ബുദ്ധിയുമേകേണം**
**അറിവിന്നുറവയതല്ലോ നീ.**

**വലുതായുള്ളൊരു ക്ലേശങ്ങൾ**
**കഠിനമതായി ഞെരുക്കുമ്പോൾ**
**നിൻതണലങ്ങു ലഭിച്ചീടാൻ**
**തുണയേകേണം കർത്താവേ!**

**കഴിവിൽ പഞ്ഞമെനിക്കുണ്ട്**
**അറിവിൽ ഞാനൊരു ശിശുവാണ്;**
**രണ്ടും തന്നിഹ പോറ്റേണം**
**കൃപയുടെ കടലാം കർത്താവേ!**

മദ്ധ്യസ്ഥതയിൽ അഭയംപ്രാപിക്കുന്നു



**K.N. Varghese**
106, Diamond Park, Chulna, Babola Road, Vasai (W) Mumbai 401 202

Molly Varghese, Soumya Varghese,
Seena Varghese & Seeba Varghese

**ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി**
**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ IOL കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053-ഉം രൂപയുടെ സൗജന്യചികിത്സ അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവർത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. **മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)





# പരിസ്ഥിതിയുടെ ആത്മീയത

പ്രൊഫ. കെ.പി. ജോയി

തുടർച്ച II

## എന്താണ് പരിസ്ഥിതി?

പരിസ്ഥിതി, പ്രകൃതി എന്നീ വാക്കുകൾ വേദപുസ്തകത്തിൽ വളരെ ചുരുക്കമായേ ഉപയോഗിച്ചിട്ടുള്ളു. പകരം സൃഷ്ടി, ഭൂമി, ജീവൻ എന്നീ പ്രയോഗങ്ങളാണ് കൂടുതൽ.

'ജീവൻ' എന്ന പ്രതിഭാസത്തെ നിർവചിക്കുവാൻ കഴിയാത്തതുപോലെ പരിസ്ഥിതിയെ നിർവചിക്കുക എന്നതും ബുദ്ധിമുട്ടുള്ള കാര്യമാണ്. ചുരുക്കിപ്പറഞ്ഞാൽ ജീവജാലങ്ങളുടെ നിലനില്പിനാധാരമായ എല്ലാ ബാഹ്യഘടകങ്ങൾക്കും പൊതുവായി പരിസ്ഥിതി എന്നു പറയാം. 'പരി:', 'സ്ഥിതി' എന്നീ രണ്ടു സംസ്കൃത ധാതുക്കൾ ചേർന്നുണ്ടായതാണ് 'പരിസ്ഥിതി' എന്ന വാക്ക്. വാച്യാർത്ഥത്തിൽ 'ചുറ്റുപാടുകൾ' അല്ലെങ്കിൽ "വലയം ചെയ്തിരിക്കുന്നത്" എന്നൊക്കെ ഇതിനെ പറയാം. അങ്ങനെ ഒരു ജൈവഘടനയെ സ്വാധീനിക്കുന്ന എല്ലാ ഘടകങ്ങളെയും പരാമർശിക്കുവാൻ പരിസ്ഥിതി എന്ന വാക്ക് ഉപയോഗിക്കാം. അതായത്; വായു, ജലം, മണ്ണ്, കാലാവസ്ഥ, ആഹാരലഭ്യത എന്നിങ്ങനെ നിരവധി ബാഹ്യാവസ്ഥകൾ-മനുഷ്യൻ സൃഷ്ടിച്ചതും, അല്ലാത്തതുമായ എല്ലാം- ഇതിന്റെ പരിധിയിൽപെടുന്നു. ചുരുക്കത്തിൽ ജീവജാലങ്ങളുടെ വളർച്ചയെയും നിലനില്പിനെയും ബാധിക്കുന്ന എല്ലാ ബാഹ്യാവസ്ഥകളുടെയും സ്വാധീനങ്ങളുടെയും ആകെത്തുകയാണ് പരിസ്ഥിതി.

ഇപ്പോൾ ഇവിടെ ഒരു ചോദ്യം ഉന്നയിക്കാം. പരിസ്ഥിതിയെന്നു പറയുന്നത് നമ്മുടെ ഏറ്റവും അടുത്തുള്ള ചുറ്റുപാടുകൾ മാത്രമാണോ, അതോ ഒരു ജീവി അധിവസിക്കുന്ന പ്രത്യേക ഇടമാണോ? അല്ലെങ്കിൽ ഒരു ജൈവഘടനയുടെ നിലനില്പിനെ ബാധിക്കുന്ന ബാഹ്യഘടകങ്ങൾ മാത്രമാണോ? ഈ വിഷയത്തെക്കുറിച്ച് അടുത്തകാലത്തു ലഭ്യമായിട്ടുള്ള അറിവുകളുടെ വെളിച്ചത്തിൽ പരിസ്ഥിതിയെന്നത് കുറേക്കൂടി അർത്ഥവ്യാപ്തിയുള്ള പദമാണെന്നു വ്യക്തമായിട്ടുണ്ട്.

ജീവനുള്ളതും ഇല്ലാത്തതും അറിയപ്പെടുന്നതും അറിയപ്പെടാത്തതും എത്ര ശ്രമിച്ചാലും അറിയാൻ കഴിയാത്തതുമായ എല്ലാം, മാത്രമല്ല അവ തമ്മിലുള്ള പരസ്പരബന്ധവും പ്രതിപ്രവർത്തനങ്ങളും; ഈ ബന്ധങ്ങളുടെയും പ്രവർത്തനങ്ങളുടെയും അനന്തരഫലങ്ങളും അങ്ങനെ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന എല്ലാമാണ് പരിസ്ഥിതി. നമ്മുടെ അസ്തിത്വത്തിനാസ്പദമായ എല്ലാ ജൈവ-അജൈവഘടകങ്ങളുമുൾപ്പെടുന്ന ഏക സത്തയാണ് പരിസ്ഥിതി. അതു ജീവൻ തന്നെയാണ്. ഈശ്വരന്റെ പ്രകടമായ കരവേലയാണ്.

## ജൈവ-അജൈവ ഘടകങ്ങളും സാമൂഹിക സാംസ്ക്കാരിക ഘടകങ്ങളും

ഈ ഗ്രഹത്തിലെ ജീവന്റെ നിലനില്പ്, ചേതനവും (ജൈവ) അചേതനവു (അജൈവ)മായ ഘടകങ്ങളുടെ അന്യോന്യം വേർപെടുത്താനാവാത്ത പരസ്പരാശ്രയത്വം, പരസ്പരബന്ധം, പ്രതിപ്രവർത്തനം, എന്നിവയെ ആശ്രയിച്ചിരിക്കുന്നു. മാത്രമല്ല, ഭൗതികവും ജൈവപരവുമായ ഘടകങ്ങൾക്കുപരിയായി മനുഷ്യന്റെ സാമൂഹികവും രാഷ്ട്രീയവും സാംസ്ക്കാരികവും സാമ്പത്തികവും സൗന്ദര്യാസ്വാദനപരവും മതപരവുമായ ഘടകങ്ങൾക്കൂടി പരിസ്ഥിതിയിൽ ഉൾപ്പെടുന്നു എന്നു മനസ്സിലാക്കാം. "ഈ ഗ്രഹത്തിലെ ജീവനെ സ്വാധീനിക്കുന്ന ഭൗതികവും ജൈവപരവും സാമൂഹികവും, സാംസ്ക്കാരികവും ആയ ഘടകങ്ങളുടെ ആകെത്തുകയാണ് പരിസ്ഥിതി". (യുനെസ്കോ-1985) അങ്ങനെ, പരിസ്ഥിതിയെ മൊത്തമായി കണക്കിലെടുക്കുമ്പോൾ മൂന്ന് അടിസ്ഥാന ഘടകങ്ങൾ ഇതിൽപെടുന്നതായി കാണാം.

### 1. അജൈവ ഘടകങ്ങൾ

പ്രകൃതിജന്യമായതും (ഉദാ: പ്രകാശം, ഊഷ്മാവ്, കാറ്റ്, ശീതോഷ്ണസ്ഥിതി, ഉയരം, പാറക്കെട്ടുകൾ, മണ്ണ് ആദിയായവ) മനുഷ്യനിർമ്മിതമായതുമായ (ഉദാ: വാഹനങ്ങൾ, കെട്ടിടങ്ങൾ, മറ്റുസാമഗ്രികൾ) എല്ലാ ഘടകങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഭൗതികഘടങ്ങളെല്ലാം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇവയുടെ പരസ്പരബന്ധം നിലനില്പിനെ സഹായിക്കുന്ന അനുകൂലമായ അവസ്ഥകൾ ഉളവാക്കുന്നു.

### 2. ജൈവഘടകങ്ങൾ

സസ്യങ്ങൾ, മൃഗങ്ങൾ, സൂക്ഷ്മജീവികളായ ബാക്ടീരിയ വൈറസ് തുടങ്ങിയ എല്ലാ ജീവജാലങ്ങളും അവയുടെ ജൈവാവശിഷ്ടങ്ങളും ഇതിൽപ്പെടുന്നു. മാത്രമല്ല, അവ തമ്മിലുള്ള അന്യോന്യബന്ധം. സന്തുലിതാവസ്ഥ, പരിസ്ഥിതിയുമായുള്ള അവയുടെ പൊരുത്തം എന്നിവയും ജൈവഘടകങ്ങളുടെ ഭാഗമാണ്.

### 3. സാമൂഹിക സാംസ്ക്കാരിക ഘടകങ്ങൾ

സാമൂഹികം, രാഷ്ട്രീയം, സാമ്പത്തികം, ആസ്വാദനപരം, മതപരം മുതലായ ഘടകങ്ങൾ, ചുരുക്കത്തിൽ, പരിസ്ഥിതിയിലെ ഭൗതികഘടകങ്ങളെയെല്ലാം സാമൂഹിക-സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കുവേണ്ട അസംസ്കൃത പദാർത്ഥങ്ങളായി മനുഷ്യൻ കണക്കാക്കുന്നു. "ചുറ്റുപാടുമുള്ള ലോകത്തെ മനുഷ്യൻ വീക്ഷിക്കുന്നത് അവന്റെ സംസ്ക്കാരം. സ്വഭാവം എന്നിവയെ പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടിയിലൂടെയാണ്. അങ്ങനെ പ്രകൃതിവസ്തുക്കളെ തന്റെ വിഭവങ്ങളായി അവൻ രൂപാന്തരപ്പെടുത്തുന്നു." (സിമെൻസ്-1977)

വ്യാപകമായി ചിന്തിച്ചാൽ പരിസ്ഥിതിയുടെ സാമൂഹിക സാംസ്ക്കാരിക ഘടകങ്ങൾക്ക് ജൈവ-അജൈവ ഘടകങ്ങളോളം തന്നെ പ്രാധാന്യമുള്ളതായി കണക്കാക്കേണ്ടിയിരിക്കുന്നു. കാരണം മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. പരിസ്ഥിതിയിലെ സങ്കീർണ്ണങ്ങളായ ഘടകങ്ങളുമായി അവൻ പ്രതിപ്രവർത്തിക്കുന്നു. തന്റെ സംഘത്തിലുള്ള മറ്റംഗങ്ങളുമായി ബന്ധപ്പെടുകയും ചെയ്യുന്നു. ഇത്തരം പരസ്പരപ്രവർത്തനങ്ങളും ബന്ധങ്ങളും പല സ്വഭാവങ്ങളിലുള്ളതാണെന്നു മനസ്സിലാക്കാം - സ്നേഹവും വിദ്വേഷവും, യോജിപ്പും വിയോജിപ്പും, ഐക്യവും അനൈക്യവും, നീതിയും അനീതിയും, യുദ്ധവും സമാധാനവും, തെറ്റും ശരിയും അങ്ങനെ പലതും. ഈ പ്രവർത്തനങ്ങളും ബന്ധങ്ങളുമെല്ലാം വ്യത്യസ്ത ഇനങ്ങളിൽപ്പെടുന്നുവെങ്കിലും അവയെല്ലാം പൊതുവായി സാമൂഹിക സാംസ്ക്കാരിക ഘടകങ്ങൾ എന്ന പേരിലറിയപ്പെടുന്നു. ജൈവ-അജൈവ ഘടകങ്ങളും, സാമൂഹിക സാംസ്ക്കാരിക ഘടകങ്ങളും തമ്മിലുള്ള പ്രതിപ്രവർത്തനം മനുഷ്യന്റെ ഭൗതികേതരങ്ങളായ വ്യാപാരങ്ങൾ-ബുദ്ധി-വികാരം-വിശ്വാസം- എന്നിവ കൊണ്ട് വിവക്ഷിക്കാം.

## പരിസ്ഥിതി-ബന്ധങ്ങളുടെ കഥ

ജൈവം, അജൈവം, സാമൂഹിക-സാംസ്ക്കാരികം എന്നിങ്ങനെയുള്ള ത്രിമാന പരിസ്ഥിതി സിദ്ധാന്തമാണ് ഇന്നു പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഘടകങ്ങൾക്കല്ല പ്രാധാന്യം, അവ തമ്മിലുള്ള ബന്ധത്തിനാണ്. ഒരു ജീവിക്കും തനിച്ചു നിലനില്ക്കാൻ സാധ്യമല്ലെന്ന് പ്രകൃതി നമ്മെ പഠിപ്പിക്കുന്നു.

അവയെല്ലാം ഭൗതികവും ജൈവപരവും സാമൂഹിക-സാംസ്ക്കാരികവുമായ ചുറ്റുപാടുകളുമായി അവിഭക്തമായി ബന്ധപ്പെട്ടിരിക്കുന്നു. 8-ാം സങ്കീർത്തനത്തിൽ ദൈവവും, മനുഷ്യനും, ഭൂമിയും, ആകാശവും, സമുദ്രവും ഒക്കെ പരസ്പരബന്ധത്താൽ അനുഗ്രഹീതരാണെന്ന് സമർത്ഥിച്ചിട്ടുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ, ഈ ബന്ധം നാം മനസ്സിലാക്കുന്നില്ല. പക്ഷികളെയും മരങ്ങളെയും കുറിച്ചു നാം പഠിക്കുന്നു. അതുപോലെതന്നെ ചിത്രശലഭങ്ങളെയും പുഷ്പങ്ങളെയും കുറിച്ചും. എന്നാൽ ഇവ തമ്മിലുള്ള അന്യോന്യബന്ധം നാം വിസ്മരിച്ചുപോകുന്നു. ഈ ബന്ധത്തിലാണ് ജീവന്റെ നിലനില്പ്.

പാരിസ്ഥിതിക ബന്ധം ചലനാത്മകവും പ്രതിപ്രവർത്തനക്ഷമവും കൂടിയാണ്. ഒരു നെൽച്ചെടിയുടെ കാര്യംതന്നെ എടുക്കുക. അത് വേരുകളിൽക്കൂടി മണ്ണിൽനിന്ന് ജലവും ലവണങ്ങളും ആഗിരണം ചെയ്ത് സൂര്യപ്രകാശത്തിന്റെയും കാർബൺഡൈയോക്സൈഡിന്റെയും സഹായത്താൽ ഇലകളിൽ ഭക്ഷണം പാകം ചെയ്യുന്നു. ഈ പ്രക്രിയയുടെ ഫലമായി ഓക്സിജൻ ഉല്പാദിപ്പിക്കപ്പെടുന്നു. മനുഷ്യനും മൃഗങ്ങളും ഉച്ഛ്വസിക്കുന്ന കാർബൺഡൈയോക്സൈഡ് ചെടികൾ വീണ്ടും വലിച്ചെടുത്ത് ഭക്ഷണോല്പാദന പ്രക്രിയ തുടരുന്നു. ഇവിടെ ഏതെല്ലാം ജൈവ - അജൈവ ഘടകങ്ങളാണ് അന്യോന്യം ബന്ധപ്പെടുകയും പ്രതിപ്രവർത്തനം നടത്തുകയും ചെയ്യുന്നതെന്ന് ശ്രദ്ധിക്കുക. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിഭിന്നങ്ങളായ ഇത്തരം ബന്ധങ്ങളുടെ കഥയാണ് പരിസ്ഥിതി; ബന്ധങ്ങളുടെ ഒരു പഠനശാല - മരവും പക്ഷിയും പറവകളും പൂക്കമ്പും തവളയും ചെറുപ്രാണികളും ഇതിനെല്ലാമുപരി മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം മനുഷ്യന്റെ ഇടപെടൽമൂലം ഈ ബന്ധങ്ങളെല്ലാം തകരാറിലായിരിക്കുന്നുവെന്നതാണ് ഇന്നത്തെ യഥാർത്ഥ പരിസ്ഥിതി പ്രശ്നങ്ങൾ. നേരത്തെ സൂചിപ്പിച്ച സാമൂഹിക സാമ്പത്തിക വികസന അസമത്വത്തിന്റെ തുടക്കവും ഇവിടെനിന്നാണ്.

### പരിസ്ഥിതിയിലെ സന്തുലിതാവസ്ഥ

എല്ലാത്തരം ബന്ധങ്ങളും പ്രകൃതിയിൽ നിലനില്ക്കുന്ന സന്തുലിതാവസ്ഥയുടെ സൂചികകളാണ്. അതായത് ജൈവ വ്യവസ്ഥിതിയും അതിന്റെ ചുറ്റുപാടുമുള്ള ഘടകങ്ങളും തമ്മിലുള്ള സന്തുലിതാവസ്ഥ. പ്രകൃതിയിൽ ഒരു ജീവി മറ്റൊരു ജീവിയുടെ ആഹാരമാണ്. ഒരു കുളത്തിലെ കാര്യം തന്നെയെടുക്കുക. പായലും വാലുമാക്രിയും തവളയും മത്സ്യവും പാമ്പും പക്ഷിയും എല്ലാം ഒരു ജൈവവലയുടെ കണ്ണികളാണ്. പായലുകളെയും ചെറുജീവികളെയും ഭക്ഷിച്ച് വാൽമാക്രികളും തവളകളും, തവളകളെയും മത്സ്യങ്ങളെയും ഭക്ഷിച്ച് പാമ്പും, അവയെ ഭക്ഷിച്ച് പക്ഷികളും, അങ്ങനെ ഇവയെല്ലാം ഒരു ആഹാരശൃംഖലയുടെ ഭാഗമാകുന്നു. അതുകൊണ്ടുതന്നെ ഇവയിൽ ഒന്നിന്റെയും സംഖ്യ ക്രമാതീതമായി വർദ്ധിച്ച് പരിസ്ഥിതിക്കു താങ്ങുവാനാവാത്ത പ്രശ്നം സൃഷ്ടിക്കുന്നില്ല. ഏതെങ്കിലും കാരണത്താൽ (ഉദാ: രോഗങ്ങൾ, അമിത ഉപയോഗം, കാലാവസ്ഥാമാറ്റം, മനുഷ്യന്റെ ഇടപെടൽ) ഈ സന്തുലിതാവസ്ഥയ്ക്കു മാറ്റം സംഭവിച്ചാൽ ബന്ധങ്ങളുടെ കണ്ണികൾ പൊട്ടും. അപ്പോൾ പരിസ്ഥിതി പ്രശ്നം ഉടലെടുക്കുകയായി.

### ബന്ധങ്ങളുടെ തകർച്ചയെക്കുറിച്ചുള്ള പഠനമാണ് പരിസ്ഥിതി

അപ്പോൾ 'പരിസ്ഥിതി' എന്നത് പ്രകൃതിയിൽ ജീവൻ നിലനിർത്തുന്ന വിഭിന്ന ഘടകങ്ങളുടെ മാത്രമല്ല, അവ തമ്മിലുള്ള ആരോഗ്യകരമായ സന്തുലിതാവസ്ഥയുടെയും കൂടിയുള്ള പഠനമാണ്. പാരിസ്ഥിതിക വ്യവസ്ഥിതികളുടെ മേൽ മനുഷ്യൻ വലിയ സ്വാധീനമാണ് പ്രയോഗിക്കുന്നത്. അതുകൊണ്ട് ജൈവവും അജൈവവുമായ ഘടകങ്ങളിൽ പലവിധത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നു. അങ്ങനെ അവൻ പ്രകൃതിയുടെ സന്തുലിതാവസ്ഥ താറുമാറാക്കുന്നു. എത്രമാത്രം കൂടുതൽ സ്വാഭാവിക സന്തുലിതാവസ്ഥയെ തകിടംമറിക്കുന്നുവോ അത്രമാത്രം നാം നമ്മെത്തന്നെ അപകടത്തിലാക്കുകയാണ് ചെയ്യുന്നത്.

അന്യോന്യബന്ധമില്ലാതെ കിടക്കുന്ന വസ്തുക്കളും സംഭവങ്ങളുമല്ല പരിസ്ഥിതിയെന്ന് നാം മനസ്സിലാക്കിക്കഴിഞ്ഞു. അതുകൊണ്ട് ഇവയേയെല്ലാം ഉൾക്കൊള്ളുന്ന ഒരു സമഗ്രവീക്ഷണമാണ് ആവശ്യം. ബന്ധങ്ങളും സന്തുലിതാവസ്ഥയും നമ്മെ ഇങ്ങനെയൊരു സമഗ്രവീക്ഷണത്തിന്റെ ആവശ്യകതയിലേക്കു നയിക്കുന്നു. 'വിവിധഘടകങ്ങളുടെയും അവയുടെ ധർമ്മങ്ങളുടെയും ആകെത്തുകയെക്കാൾ മഹത്തരമാണ് സമ്പൂർണ്ണത.' നിർഭാഗ്യകരമെന്നു പറയട്ടെ, ആധുനികശാസ്ത്രം എല്ലാറ്റിനെയും അതിരുകവിഞ്ഞ സൂക്ഷ്മപഠനത്തിന് വിധേയമാക്കുന്നതിനാൽ ഒരു സമ്പൂർണ്ണസമീപനത്തിൽ നിന്നു നാം അകന്നു പോകുന്നു. അതു പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നു. പരിസ്ഥിതിയെ സംബന്ധിച്ചിടത്തോളം സമ്പൂർണ്ണ സമീപനത്തിലേക്കുള്ള മാറ്റമാണാവശ്യം. പ്രകൃതിയിലുള്ള എല്ലാറ്റിനെയും ഒന്നായി കാണണം, ഒന്നിന്റെ വിഭിന്ന മുഖങ്ങളായി.

### വേണം ഒരു പരിസ്ഥിതി ധർമ്മബോധം

നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും പാരിസ്ഥിതികമായി ശരിയോ തെറ്റോ? ഇതു മനസ്സിലാക്കാൻ സഹായിക്കുന്ന ധാർമ്മികമൂല്യങ്ങൾക്കാണ് ധർമ്മശാസ്ത്രം അഥവാ നീതിബോധം എന്നു പറയുന്നത്. "രാജ്യം, ദേശം, ജാതി, മതം, വർണ്ണം, വർഗം, ലിംഗം, വിശ്വാസം എന്നീ വ്യത്യാസങ്ങളില്ലാതെ സാമൂഹിക നീതിയിലധിഷ്ഠിതമായ മാനുഷിക നീതിബോധം തന്നെയാണ് അടിസ്ഥാനപരമായി പാരിസ്ഥിതിക ധർമ്മശാസ്ത്രം." (യുണെസ്കോ). പാരിസ്ഥിതിക ധർമ്മബോധം പ്രകൃതിയെ സംബന്ധിച്ച നമ്മുടെ തീരുമാനങ്ങളെ സ്വാധീനിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നാം വച്ചുപുലർത്തുന്ന ധാർമ്മിക മൂല്യങ്ങളും തത്ത്വങ്ങളും നമ്മുടെ ഓരോ പ്രവൃത്തിയും വിശ്വാസവും പരിസ്ഥിതിക്ക് ഗുണകരമോ, ദോഷകരമോ എന്ന് വിലയിരുത്താൻ സഹായിക്കുന്നു. ഉദാഹരണമായി, കുടിവെള്ളത്തിന്റെ അഭാവം നമ്മുടെ ഉൾനാടുകളിൽ പോലും ഇന്നൊരു വലിയ പ്രശ്നമാണ്. കുടിവെള്ളത്തിനു വേണ്ടിയുള്ള ക്യൂവിന്റെ ദൈർഘ്യം വർഷംതോറും കൂടുന്നു. സാധാരണക്കാരും പാവപ്പെട്ടവരും ഭക്ഷണം പാകംചെയ്യാനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കും ഉപയോഗിക്കുന്ന ഇതേ വിഭവം സമ്പന്നർ അവരുടെ സ്വകാര്യ വാഹനങ്ങൾ കഴുകുന്നതിനും പുൽത്തകിടികൾ നനയ്ക്കുന്നതിനും ഉപയോഗിക്കുന്നത് ശരിയാണോ? പരിസ്ഥിതിയെക്കുറിച്ചുള്ള ഓരോ മനുഷ്യന്റെയും നീതിബോധമാണ് ഇതിനുത്തരം നല്കേണ്ടത്.

വൈരുദ്ധ്യമുള്ള രണ്ടു ചിന്താഗതികൾ ഈ കാര്യത്തിൽ കാണാം. വിഭവങ്ങൾ മനുഷ്യന്റെ ഉപയോഗത്തിനുവേണ്ടിയുള്ളതാണെന്നും, അതുകൊണ്ട്, പ്രകൃതിയിൽ അവ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും നോക്കാതെ, മനുഷ്യന്റെ പുരോഗതിക്കുവേണ്ടി ആവശ്യാനുസരണം ഉപയോഗിക്കാമെന്നുള്ള ധാരണ പണ്ടുമുതലേ ചിലർ വച്ചുപുലർത്തിയിരുന്നു. സാമ്പത്തിക അഭിവൃദ്ധിയാണ് പ്രകൃതിസംരക്ഷണത്തെക്കാൾ പ്രാധാന്യം എന്നവർ വിശ്വസിച്ചിരുന്നു. അമിത ഉപയോഗംമൂലം ഏതെങ്കിലും വിഭവത്തിനു ശോഷണം സംഭവിച്ചാൽ അതു പുനരുല്പാദിപ്പിക്കുന്നതിനോ കൃത്യമായി നിർമ്മിക്കുന്നതിനോ പരിചംക്രമണം ചെയ്യുന്നതിനോ മനുഷ്യനു സാധിക്കും. ശാസ്ത്രത്തിനും സാങ്കേതിക വിദ്യയ്ക്കും മലിനീകരണം മുതലായ പരിസ്ഥിതി പ്രശ്നങ്ങളെ വളരെ വിദഗ്ദ്ധമായി പരിഹരിക്കുവാൻ കഴിയുമെന്നുള്ള വിശ്വാസവും ഇക്കൂട്ടർ വച്ചു പുലർത്തുന്നു.

ഇതിനു ഘടകവിരുദ്ധമായി നിലനില്ക്കുന്ന ചിന്താഗതിയാണ് വികസനധർമ്മബോധം. വിഭവങ്ങൾക്ക് പരിമിതികൾ ഉണ്ടെന്നും അതുകൊണ്ട് അവയെ വിവേകപൂർവ്വം ഉപയോഗിക്കണമെന്നും ഈ ധർമ്മശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്നും പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്യുവാനുള്ള


## ST. GREGORIOS BALAGRAM, YACHARAM, RANGA REDDY DISTRICT, ANDHRA PRADESH 501509

The Balagram, run by the Malankara Orthodox Syrian Church is setting up a modern eye Hospital at its Yacharam Campus, 50 km from Hyderabad, on the Nagarjunasagar Highway, in partnership with I-CARE of the LV Prasad Eye Institute, Hyderabad.

The proposed hospital requires on **OPHTHALMOLOGIST WITH AN MS IN OPHTHALMOLOGY**. Doctors with Post-Graduate Diploma in Ophthalmology and about one year's experience in intra-ocular surgery will also be considered. The selected candidate will be trained at the LV Prasad Eye Institute in the latest techniques in eye care and surgery, before being posted to the Hospital.

The selected candidate is expected to serve the hospital for a minimum period of three years.

Applications may be sent within two weeks, with bio-data and copies of certificates to:

**Isaac Thomas**
**Flat no. 102**
**Padmini Apartments**
**Cheekotti Gardens, Begumpet**
**Hyderabad-5000016**



## BEHIND EVERY SUCCESSFUL EVENT THERE'S HOST !

When you wish to turn a great event into a grand one all you need is the Host's touch. From the simplest to the most elaborate, our gifted out door catering team can cater for 2 to 2000 people absolutely anywhere.

Created to offer excellence without compromise, it combines dramatic architecture, attentive service, superb cuisine, Qualified & friendly staff with 'state of the art' technology.

Our service includes, church choir, Stage Music (Live) Stage Decorations, Car hire&Car decorations, Bridal make-up and Bouquet, Flower arrangements, Video & Photography, as well as skilled staff who will ensure your event will run smoothly.

For more information call - 0473 - 321110
Jomy Mathews SMHCIMA (England)
Former Executive of Hilton International London



THE HOST
HOSPITALITY & CATERING PEOPLE
YOUR HOST IN EVERY NEED

Opp: Salem Marthoma Church, Mylapra P.O, Pathanamthitta, Kerala - 689 671
E-mail: thehost10@usa.net ☎ 0473 - 321110

അധികാരം മനുഷ്യനില്ലെന്നുമുള്ള വിശ്വാസമാണ് ഈ ധർമ്മശാസ്ത്രത്തിലുള്ളത്. ഉത്തരവാദിത്വമുള്ള കാര്യവിചാരകത്വമാണ് മനുഷ്യനിൽനിന്നു പ്രതീക്ഷിക്കുന്നത്.

വൈരുദ്ധ്യാത്മകമായ ഈ രണ്ടു ചിന്താഗതികളിൽ ഏതാണ് ശരിയെന്നത് നാം തന്നെ തീരുമാനിക്കു. എന്തായാലും പ്രകൃതിയുമായി താദാത്മ്യപ്പെട്ട് പ്രകൃതിനിയമങ്ങൾ അനുസരിച്ചു ജീവിച്ചെങ്കിൽ മാത്രമെ നമ്മുടെ നിലനില്പ് സാധ്യമാകുകയുള്ളൂ എന്നതിന് തെളിവുകൾ വർദ്ധിച്ചുവരികയാണ്.

ചില അസുഖകരമായ ചോദ്യങ്ങൾ ഇപ്പോൾ നമ്മുടെ മനസ്സിൽ ഉയരാം. ഉദാഹരണമായി, ഭാവിതലമുറയ്ക്കുവേണ്ടി ആരോഗ്യകരമായ പരിസ്ഥിതിയെ നിലനിർത്തണമെന്നാണ് ധർമ്മശാസ്ത്രം അനുശാസിക്കുന്നത്. പക്ഷേ, ദാരിദ്ര്യം അനുഭവിക്കുന്ന ഒരു ജനസഞ്ചയത്തെ ക്ഷാമകാലത്ത് പ്രകൃതിസംരക്ഷണത്തിന്റെ പേരിൽ പട്ടിണിക്കിടുന്നത് ശരിയാണോ? വിശന്നു ജീവിക്കുന്ന ആയിരങ്ങളുടെ മദ്ധ്യത്തിൽ ഒരു ദേശീയ ഉദ്യാനത്തെയോ അന്യം നിന്നുപോകുന്ന ഒരു ജീവിയെയോ സംരക്ഷിക്കുന്നത് നീതീകരിക്കാവുന്നതാണോ? ഇത്തരം സന്ദർഭങ്ങളിൽ വനം വെട്ടിത്തെളിച്ച് ആഹാരസാധനങ്ങളുണ്ടാക്കാൻ കൃഷി ചെയ്യുന്നത് സ്വാഭാവികമല്ലേ? വിശക്കുന്നവന്റെ മുമ്പിൽ ഈശ്വരൻപോലും അപ്പത്തിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നതെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. പക്ഷേ, മറുവശം എന്താണ്? വനനശീകരണം മൂലം ക്ഷാമവും പട്ടിണിയും കൂടുതൽ വർദ്ധിക്കുന്നു എന്നതാണ് അനന്തരഫലം. ഇത്തരം പ്രശ്നങ്ങളെ പ്രായോഗികമായി എങ്ങനെ പരിഹരിക്കാം? മനുഷ്യന്റെ ജീവിതാവശ്യങ്ങളും പ്രകൃതിസംരക്ഷണവും തമ്മിൽ ഏറ്റമുട്ടുമ്പോൾ സ്വാഭാവികമായി ചില വിട്ടുവീഴ്ചകൾക്ക് തയ്യാറാകേണ്ടിവരും. അത് ഏതു പരിധി വരെ ആകാം? വ്യാപകമായ ചർച്ചകളിലൂടെയാണ് മനുഷ്യനെയും പ്രകൃതിയെയും നിലനിർത്തുന്നതിനാവശ്യമായ ധാർമ്മികമൂല്യങ്ങൾക്കു രൂപം നല്കേണ്ടത്.

1972-ൽ സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക് ഹോമിൽ യു.എൻ.ഒ.യുടെ ആഭിമുഖ്യത്തിൽ ചേർന്ന ആഗോള പരിസ്ഥിതി സമ്മേളനത്തിൽ ഇന്ദിരാഗാന്ധി ചോദിച്ചു: "ദാരിദ്ര്യവും ഇല്ലായ്മയുമല്ലേ ഏറ്റവും വലിയ മലിനീകരണ ഉപാധികൾ? അടിസ്ഥാന ആവശ്യങ്ങളെപ്പോലും തൃപ്തിപ്പെടുത്താൻ സാധിക്കാത്ത അശരണരോട് ഒരു വന്യജീവിയെ സംരക്ഷിക്കണമെന്നു പ്രേരിപ്പിക്കാൻ എങ്ങനെ സാധിക്കും? ഗ്രാമങ്ങളിലും ചേരികളിലും ദുരിതമനുഭവിച്ച് ജീവിക്കുന്നവരോട്, അവർക്ക് അവരുടെ തന്നെ ചുറ്റുപാടുകളെ ശുചിയായി സൂക്ഷിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, പ്രകൃതിയിലെ വായുവും നദിയും സമുദ്രവുമൊക്കെ ശുചിയായി സംരക്ഷിക്കണമെന്ന് എങ്ങനെ പറയാൻ കഴിയും?"

പരിസ്ഥിതി ധർമ്മശാസ്ത്രജ്ഞനും എഴുത്തുകാരനുമായ ലിന്റൻ കെ. കാൽഡ്വെൽ പറയുന്നു: "പാരിസ്ഥിതിക തകർച്ച നമ്മുടെ മനസ്സിന്റെയും ആത്മാവിന്റെയും തകർച്ചയുടെ ബാഹ്യപ്രകടനമാണ്. ഇതിനെ വന്യജീവികളുടെ തിരോധാനമായോ മനുഷ്യസൃഷ്ടിയായ മലിനീകരണമായോ മാത്രം ചിത്രീകരിക്കുന്നതിൽ കവിഞ്ഞ തെറ്റിദ്ധാരണ മറ്റൊന്നുമില്ല. അതൊക്കെ പരിസ്ഥിതിതകർച്ചയുടെ ഭാഗം മാത്രമാണ്. എന്നാൽ ഏറ്റം പ്രാധാന്യമേറിയത് നാം ഏതു തരം ജീവിയാണ്, നിലനില്പിനായി നാം എന്തു ചെയ്യണം, എന്തായിത്തീരണം എന്നതാണ്." മനുഷ്യന്റെ നിലനില്പിനും അഭിവൃദ്ധിക്കുംവേണ്ടി പ്രകൃതിയുമായി പൊരുത്തപ്പെടാൻ സഹായിക്കുന്ന ഒരു പുതിയ ധർമ്മശാസ്ത്രത്തിന്- സസ്യങ്ങളും ജന്തുക്കളും മനുഷ്യരും ഉൾപ്പെടുന്ന ജീവിതശൈലിയ്ക്ക് - രൂപം നല്കണം. ഇതിനാവശ്യമായ പെരുമാറ്റരീതി വളർത്തിയെടുക്കേണ്ടത് പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ ധർമ്മമാണ്.

(തുടരും)

*അടുത്ത ലക്കത്തിൽ 'ഭൂമി ഒരു രോഗിണി'*


മദ്ധ്യസ്ഥതയിൽ അഭയംപ്രാപിക്കുന്നു



**K.N. Varghese**

106, Diamond Park, Chulna, Babola Road, Vasai (W) Mumbai 401 202

Molly Varghese, Soumya Varghese,
Seena Varghese & Seeba Varghese




# പതിനൊന്നാമത് C.C.A. ജനറൽ അസംബ്ലി

യാക്കോബ് മാർ ഐറേനിയസ്

അരനൂറ്റാണ്ടു പിന്നിട്ട C.C.A. (Christian Conference of Asia) യുടെ പതിനൊന്നാമത് ജനറൽ അസംബ്ലി 2000 മേയ് 31 മുതൽ ജൂൺ 6 വരെ ഇന്തോനേഷ്യയിലെ നാലാമത്തെ ഏറ്റവും വലിയ ദ്വീപായ സുലാവേസിയിലെ Tomohon എന്ന സ്ഥലത്തുവച്ചു നടന്നു. മിനഹാസ എന്ന ജില്ലയിലെ ഒരു "ഗ്രാമീണ നഗര"മാണ് Tomohon (Country town). ഉത്തര സുലാവേസിയിലെ Christian Evangelical Church of Minahasa (GMIM) ആയിരുന്നു അസംബ്ലിക്ക് ആതിഥേയത്വം വഹിച്ചത്. ഇന്തോനേഷ്യയിൽ ക്രിസ്ത്യാനികൾ തിങ്ങിപ്പാർക്കുന്ന കേന്ദ്രങ്ങളിലൊന്നാണ് മിനഹാസ. അവിടുത്തെ ഗവർണറും മേയറും എല്ലാം ക്രിസ്ത്യാനികൾ തന്നെ.

ഏഷ്യയുടെ തെക്കുകിഴക്കായും, ആസ്ത്രേലിയയ്ക്കു വടക്കുപടിഞ്ഞാറായും സ്ഥിതിചെയ്യുന്ന 13700 ഓളം ദ്വീപുകൾ അടങ്ങുന്ന രാജ്യമാണ് ഇന്തോനേഷ്യ. ജനസംഖ്യയിൽ ലോകത്ത് നാലാം സ്ഥാനമാണ് ഇന്തോനേഷ്യയ്ക്ക്. ജക്കാർത്തയാണ് തലസ്ഥാനം. ഏകദേശം 210 മില്യൻ (21 കോടി) വരുന്ന ജനസംഖ്യയിൽ 90 ശതമാനവും ഇസ്ലാം മതവിശ്വാസികളാണ്. അങ്ങനെ ലോകരാഷ്ട്രങ്ങളിൽ ഏറ്റവും അധികം മുസ്ലിങ്ങൾ പാർക്കുന്ന രാജ്യമെന്ന പ്രത്യേകതയും ഇന്തോനേഷ്യയ്ക്കുണ്ട്. 10 ശതമാനത്തോളം ക്രിസ്ത്യാനികളാണ്, അതിൽ ഭൂരിഭാഗവും പ്രൊട്ടസ്റ്റന്റ് സഭാവിശ്വാസികളാണ്. റോമൻ കത്തോലിക്കർ 2.5 ശതമാനം വരും. ഒരു കാലത്ത് ഈ ഭൂപ്രദേശത്ത് ഒരു നിർണ്ണായക സ്വാധീനശക്തിയായിരുന്ന ഹിന്ദുമതം ഇന്ന് ബാലിദ്വീപിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. നൂറുകണക്കിന് ഭാഷകൾ സംസാരിക്കുന്ന ഈ രാജ്യത്ത് ഭാഷാ "ഇന്തോനേഷ്യ"യാണ് ഔദ്യോഗിക ഭാഷാ. ഇന്തോനേഷ്യയിൽ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്നതും ഈ ഭാഷതന്നെ. മലയ് ഭാഷയാണ് ഈ ഭാഷയുടെ മൂലം.

കലാ-സാംസ്ക്കാരിക മേഖലകളിൽ സമ്പന്നമായ ഈ രാജ്യം, തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടും പാർലമെന്റുമുള്ള ഒരു റിപ്പബ്ലിക്കാണ്. എന്നാൽ പ്രസിഡണ്ടും മന്ത്രിമാരും വളരെ വിപുലമായ അധികാരം കയ്യാളുന്നുണ്ട്.

## ക്രിസ്തുമതം ഇന്തോനേഷ്യയിൽ

16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ ആഗമനത്തോടെ റോമൻ കത്തോലിക്കാ മിഷനറിമാർ ഇന്തോനേഷ്യയിലെത്തി. 16-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ഡച്ചുകാരുമെത്തിയതോടെ പ്രൊട്ടസ്റ്റന്റ് സഭകളും ഇന്തോനേഷ്യയിൽ വേരോടി. 1950-ൽ വിവിധ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾചേർന്ന് National Council of Churches രൂപീകരിച്ചു. 1984-ൽ ഈ കൂട്ടായ്മയുടെ പേര് Communion of Churches in Indonesia എന്നാക്കി. ഈ സംയുക്തസഭയുടെ കീഴിൽ 16381 പള്ളികളോ ആരാധനാ സമൂഹങ്ങളോ ഉണ്ട്. Christian Evangelical Church of Minahasa (GMIM) രൂപമെടുത്തത് 1934-ലാണ്. ഏറെക്കുറെ ഡച്ച് രീതികളും വാസ്തുകലാരൂപങ്ങളും ഇന്നും നിലനിർത്തിവരുന്നു. GMIM-ൽ ഉദ്ദേശം 1000 വൈദികർ (Pastors) ഉള്ളതിൽ 60 ശതമാനം സ്ത്രീവൈദികരാണ്. ഈ സഭയും W.C.C.യിൽ അംഗമാണ്.

കഴിഞ്ഞ ജനറൽ അസംബ്ലി കൊളംബോയിൽവച്ച് നടന്ന (1995) ഈ വർഷം അസംബ്ലി നടന്ന മിനഹാസയിലെ ക്രിസ്ത്യാനികൾക്ക് ഒരാഴ്ചക്കാലം അക്ഷരാർത്ഥത്തിൽ ഉത്സവകാലമായിരുന്നു. അവർ ആടിയും പാടിയും, തെരുവീഥികൾ അലങ്കരിച്ചും, ഭക്ഷ്യവസ്തുക്കൾ എത്തിച്ചും, വോളണ്ടിയർമാരായി പ്രവർത്തിച്ചും അസംബ്ലി പരിപാടികൾ കൊങ്കേമമാക്കാൻ ശ്രമിച്ചത് പ്രതിനിധികൾക്ക് ഏറെ കൗതുകകരമായിത്തോന്നി.

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധികളായി വെരി. റവ. ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പാ (മലേഷ്യ), ശ്രീമതി സൂസൻ ജേക്കബ് (മദ്രാസ്) ഈ ലേഖകൻ എന്നിവരെ കൂടാതെ പത്രപ്രവർത്തകരായ റവ. ഫാ. സജി തോമസ് (മൂവാറ്റുപുഴ), ശ്രീ. പോൾ മണലിൽ (മലയാളമനോരമ) എന്നിവരും ഉണ്ടായിരുന്നു.

ജനസംഖ്യയിൽ ഭൂരിപക്ഷം ക്രിസ്ത്യാനികളുള്ള മിനഹാസയിൽ, ജക്കാർത്തയിലെപ്പോലെ മതസംഘട്ടനങ്ങളൊന്നുമില്ല. മിനഹാസ ഒരു കാർഷികമേഖലയാണ്. അഗ്നിപർവ്വതങ്ങളുടെ സാമീപ്യം മൂലമാകാം, അവിടുത്തെ മണ്ണ് ഏറെ ഫലഭൂയിഷ്ഠമാണ്. C.C.A. Assembly നടത്തിപ്പിൽ തദ്ദേശിയരായ ജനങ്ങൾ പ്രകടിപ്പിച്ച അതീവ ഉത്സാഹം, മറ്റേതെങ്കിലും ദിക്കിൽ ഇത്തരമൊരു സമ്മേളനത്തിനു കിട്ടുമോ എന്നത് സംശയകരമാണ്. അത്രയ്ക്ക് ഗംഭീരമായിരുന്നു നാട്ടുകാരുടെയും പള്ളികളുടെയും സഹകരണം. സമ്മേളനപ്രതിനിധികളിൽ നല്ല പങ്കും സമീപത്തുള്ള ക്രിസ്തീയ ഭവനങ്ങളിലാണ് താമസിച്ചത്. മിനഹാസക്കാരുടെ ആതിഥ്യമര്യാദ അനന്യവും ശ്ലാഘനീയവുമായിരുന്നു.

C.C.A. അഖിലലോക സഭാ കൗൺസിലിന്റെ ഒരു അനുബന്ധ സംഘടനയും ഏഷ്യയിലെ ക്രിസ്തീയ സഭകളുടെ സഹകരണവേദിയുമാണ്. 1957-ൽ ഇന്തോനേഷ്യയിലെ (Prapat) പ്രാപാട്ടിൽ വച്ചാണ് C.C.A. രൂപമെടുത്തത്.

C.C.A. എന്ന പേര് ഔദ്യോഗികമായി രൂപീകരിച്ചത് 1973-ൽ സിംഗപ്പൂരിൽ സമ്മേളിച്ച ജനറൽ അസംബ്ലിയിൽവച്ചായിരുന്നു. C.C.A. യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുംപ്രകാരമാണ്.

"Beliving that the purpose of God for the Church in Asia is life together in a common obedience of witness to the mission of God in the world, C.C.A. exists as an organ and a forum of continuing cooperation among the churches and national christian bodies in Asia within the framework of the wider ecuminical movement. C.C.A. is committed to the equal participation of women, men, youth, clergy and party in church and society."

ഏഷ്യയിലെ പതിനാല് രാജ്യങ്ങളിലെ സഭകളുടെ നാഷനൽ കൗൺസിലുകൾ, നൂറോളം സഭകൾ എന്നിവ C.C.A.യിൽ അംഗങ്ങളാണ്. ഇക്കഴിഞ്ഞ അസംബ്ലിയിൽ പുതുതായി അംഗത്വം നേടിയ സഭകളുടെ കൂട്ടത്തിൽ കേരളത്തിൽ നിന്നുള്ള മലബാർ സ്വതന്ത്രസുറിയാനിസഭ (തൊഴിയൂർ)യും ഉൾപ്പെടുന്നു. റോമൻ കത്തോലിക്കാസഭ W.C.C. യിൽ എന്നപോലെതന്നെ C.C.A.യിലും അംഗമല്ല; എങ്കിലും തമ്മിൽ കഴിയുന്നത്ര സഹകരിക്കുന്നുണ്ട്. ഇതിന്റെ ഉദാഹരണമാണ് 1978-ൽ റോമിൽ നടന്ന ഏഷ്യൻ കത്തോലിക്കാ ബിഷപ്പുമാരുടെ അസംബ്ലിയിൽ C.C.A. പ്രതിനിധികളും പങ്കെടുത്തത്. മലങ്കര ഓർത്തഡോക്സ് സഭ C.C.A. യിൽ അംഗമാണ്. Tomohon Assembly യിൽ ഏഷ്യയിലെ 91 അംഗസഭകളുടെ പ്രതിനിധികൾ പങ്കെടുത്തിരുന്നു.

ഏഷ്യൻ രാജ്യങ്ങളും സഭകളും നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരശ്രമങ്ങൾ നടത്തുകയുമാണ് C.C.A. യുടെ പ്രധാന പരിപാടി. വിനിമയം, വിദ്യാഭ്യാസം, അന്താരാഷ്ട്രപ്രശ്നങ്ങൾ, മിഷൻ ആൻഡ് ഇവാഞ്ചലിസം, വേദശാസ്ത്രം, സ്ത്രീജനക്ഷേമം, വംശീയ പ്രശ്നങ്ങൾ യുവജനങ്ങൾ, സമാധാനവും നീതിയും

തുടങ്ങിയ മേഖലകളിലെല്ലാം C.C.A. ശ്രദ്ധ ചെലുത്തുന്നുണ്ട്. നാലുപേരടങ്ങുന്ന പ്രിസീഡിയം, ജനറൽ സെക്രട്ടറി, ട്രഷറർ, 16 പേരുടെ ജനറൽ കമ്മിറ്റി, അതിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മറ്റി, പ്രോഗ്രാം കമ്മിറ്റികൾ എന്നിവയാണ് C.C.A. യുടെ അനുദിന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

മെയ് 30-ന് മനാഡോ വിമാനനിലയത്തിലിറങ്ങിയ പ്രതിനിധികൾക്ക് പരമ്പരാഗതമായ വരവേല്പു ലഭിച്ചു. ലഘുഭക്ഷണത്തിനുശേഷം പ്രത്യേക ബസുകളിൽ പ്രതിനിധികൾ ഏകദേശം 1 മണിക്കൂർ യാത്രചെയ്ത് അസംബ്ലിവേദിയായ GMIM University-യിൽ എത്തി. GMIM Church Center-ലെ വിശാലമായ Auditorium ആയിരുന്നു പ്രധാന വേദി. Programme meetings University-യുടെ മറ്റു ഭാഗങ്ങളിലായി ക്രമീകരിച്ചിരുന്നു. മനാഡോ വിമാനത്താവളത്തിനടുത്തുള്ള വിശാലമായ സ്റ്റേഡിയത്തിൽവച്ച് മെയ് 31-ന് വൈകുന്നേരം വിപുലമായ ഉദ്ഘാടന പരിപാടി നടന്നു. പ്രഭാഷണം നടത്തിയത് GMIM-ന്റെ മുൻ പ്രസിഡണ്ട് Rev. Dr. Willy A Roeroe ആയിരുന്നു. ഉദ്ഘാടനത്തിന് അകമ്പടിയായി നാടോടിനൃത്തം, ആയോധന കലാപ്രദർശനം Skit, സംഗീതം തുടങ്ങിയവയുണ്ടായിരുന്നു. സ്റ്റേഡിയത്തിന്റെ ഒരു ഭാഗത്തെ വിശാലമായ ബാൽക്കണിയിൽ തിങ്ങിനിറഞ്ഞിരുന്ന സ്കൂൾ വിദ്യാർത്ഥികൾ അവരുടെ കൈയിലിരുന്ന വിവിധ നിറത്തിലുള്ള പതാകകൾ ഉപയോഗിച്ച് കോൺഫറൻസിന്റെ ചിന്താവിഷയം, സ്വാഗതവാക്യം തുടങ്ങിയവ പ്രദർശിപ്പിച്ചത് നയനാനന്ദകരമായിരുന്നു. ഉദ്ഘാടനത്തിലെ ഒരു പ്രധാന ഇനം ഇന്തോനേഷ്യൻ രീതിയിൽ മരക്കഷണങ്ങളിലും മുളംകുറ്റികളിലും തട്ടി ശബ്ദമുണ്ടാക്കുന്നതായിരുന്നു.

ജൂണിൽ C.C.A. ഭരണഘടനാഭേദഗതികൾ അംഗീകരിക്കുന്നതിനുള്ള Extra ordinary Assembly Session ആയിരുന്നു. ദീർഘമായ ചർച്ചകൾക്കുശേഷം Standing Orders, മിക്കവാറും ഭേദഗതി എന്നിവ പാസാക്കി. എന്നാൽ ഭേദഗതികൾ അംഗസഭകൾ നേരത്തെ പരിഗണിച്ചതാകയാൽ ചർച്ചകൂടാതെ പാസാക്കാമെന്നൊരു ധാരണ അന്നു വൈകുന്നേരമായപ്പോഴേയ്ക്കും ഉരുത്തിരിഞ്ഞു. അവശേഷിച്ചിരുന്ന ഭേദഗതികൾ അങ്ങനെ ചർച്ചകൂടാതെ അംഗീകരിച്ചു. ഓരോ പ്രമേയവും വോട്ടിനിട്ട് പാസാക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്തു. വോട്ടവകാശമുള്ള പ്രതിനിധികൾക്ക് പ്രത്യേക ഇരിപ്പിടം നല്കിയിരുന്നു.

ജൂൺ 2-നാണ് ജനറൽ അസംബ്ലി സമ്മേളനങ്ങൾ ആരംഭിച്ചത്. അന്നുകാലത്ത് Prstestiat രീതിയിൽ Lima Liturgy ഉപയോഗിച്ച് ഒരു തിരുവത്താഴ ശുശ്രൂഷയുണ്ടായിരുന്നു. എല്ലാ പ്രതിനിധികളും അതിൽ പങ്കെടുത്തു. ഏറ്റം കൗതുകകരമായി തോന്നിയത് റോമൻ കത്തോലിക്കാ പ്രതിനിധികൾ ഉൾപ്പെടെ (മലങ്കര ഓർത്തഡോക്സ് സഭാപ്രതിനിധികൾ ഒഴികെ) എല്ലാവരും തിരുവത്താഴം (Communion) സ്വീകരിച്ചതാണ്. ഇതേപ്പറ്റി ചോദിച്ചപ്പോൾ കത്തോലിക്കാ സഭയുടെ പ്രതിനിധിയായ ഒരു കന്യാസ്ത്രീ പ്രതിവചിച്ചത് ഇത് വിശ്വാസകാര്യമൊന്നുമല്ല, പൊതുവായ ഒരു Sharing മാത്രം എന്നായിരുന്നു. ഇത് റോമാസഭയുടെ ഔദ്യോഗിക നിലപാടാണോ എന്നറിയില്ല.



ഇൻഡോനേഷ്യയിൽ നടന്ന സി.സി.എ. സമ്മേളനത്തിൽ പങ്കെടുത്ത ഓർത്തഡോക്സ്, മാർത്തോമ്മാ പ്രതിനിധികൾ

ജൂൺ ഒന്നിന് വൈകുന്നേരം National Delegations-ന്റെ സമ്മേളനങ്ങൾ നടന്നു. അവിടെവച്ചാണ് Presidence, General Committee, Programme Committee എന്നിവയിലേക്ക് ഓരോ രാജ്യത്തുനിന്നുള്ള Nominations നടത്തിയത്. President-പദത്തിലേക്ക് ഇരുപതു വർഷത്തിലൊരിക്കലുള്ള ഇന്ത്യയുടെ ഊഴം ഇത്തവണയായിരുന്നു. മാർത്തോമ്മാസഭയിലെ ജോസഫ് മാർ ഐറേനിയസ് സഫ്രഗൻ മെത്രാപ്പോലീത്തായെയാണ് 4 പ്രസിഡണ്ടർമാരിൽ ഒരാളായി നോമിനേറ്റ് ചെയ്തത്. എല്ലാ നോമിനേഷനിലും Clergy/laity/women/ youth എന്ന രീതിയിലുള്ള balance ആവശ്യമാണ്. Youth-ൽ പ്രാതിനിത്യം കുറഞ്ഞുപോയി എന്നുപറഞ്ഞ് അവർ അല്പം ഒച്ചപ്പാടുണ്ടാക്കുകയും ചെയ്തു. നോമിനേഷൻ കമ്മിറ്റിയുടെ report Assembly അംഗീകരിച്ചു. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രാതിനിധ്യം മേല്പറഞ്ഞ സമിതികളിൽ ഇല്ലാത്തതിൽ സഭാപ്രതിനിധികൾ പ്രതിഷേധിച്ചപ്പോൾ ഒരു ഓർത്തഡോക്സ് പ്രതിനിധിയെ പ്രോഗ്രാം കമ്മിറ്റിയിലേക്ക് co-opt ചെയ്യാമെന്ന് അദ്ധ്യക്ഷൻ പ്രസ്താവിച്ചു. C.C.A. യുടെ ഇതുവരെയുള്ള ചരിത്രത്തിൽ 1995-2000 കാലത്ത് ഒരു പ്രതിനിധി ഒരു programme Committee യിലും അതിനുമുമ്പ് ഒരാൾ General Committee-യിലും അംഗമായിരുന്നിട്ടുണ്ട്.

ജൂൺ 3, 4 തീയതികളിൽ മൂന്ന് Niles Lectures ഉണ്ടായിരുന്നു. "Time for fullness of life for au" എന്ന അസംബ്ലിയുടെ പൊതുവിഷയത്തെ അധികരിച്ചുള്ളതായിരുന്നു ഇവ. മൂന്നു ദിവസം ഡലിഗേറ്റുകൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ബൈബിൾ പഠനങ്ങൾ ഉണ്ടായിരുന്നു.

ജൂൺ 3-ന് ഇന്തോനേഷ്യൻ പ്രസിഡണ്ട് അസംബ്ലി സന്ദർശിച്ച് പ്രതിനിധികളെ അഭിസംബോധനചെയ്ത് സംസാരിച്ചു. ഏറ്റവും ഒടുവിലത്തെ ഭരണഘടനാഭേദഗതികൾ അനുസരിച്ച് പ്രോഗാം ഏരിയാ കമ്മിറ്റികളുടെ എണ്ണം 9ൽനിന്ന് മൂന്നായി കുറച്ചു.

1. Faith Mission and unity - Urban Rural Concers

2. Justice, International Affairs, Development of Service

3. Ecucational & Ecuminical Formation Youth, Women's concerns

സൗകര്യപ്രദവും ചിലവുചുരുക്കലിന്റെ ഭാഗമായിട്ടാണ് ഈ പുനഃക്രമീകരണം എന്ന് യോഗത്തിൽ വിശദമാക്കപ്പെട്ടു. ഹോങ്കോങ്ങ് ആസ്ഥാനമായ C.C.A. യ്ക്ക് ഇപ്പോൾ അവിടെ സ്വന്തമായ ആഫീസും മറ്റു സൗകര്യങ്ങളുമുണ്ട്.

ജൂൺ 4നു ഞായറാഴ്ച പ്രതിനിധികൾ മിനഹാസയിലുള്ള പള്ളികളിൽ സന്ദർശനം നടത്തി. അവിടവിടങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു. ജൂൺ 6ന് സമാപന യോഗത്തിൽ പുതിയ പ്രസിഡണ്ട് ചുമതലയേറ്റു. പ്രതിനിധികൾ അവരെ അഭിവാദനം ചെയ്തതോടെ 11-ാം C.C.A. General Assembly യ്ക്കു തിരശ്ശീല വീണു.



# ഒറീസ്സായിൽ ഓർത്തഡോക്സ് സഭ നിർമ്മിച്ച വീടുകളുടെ താക്കോൽ ദാനം നടത്തി

1999 ഒക്ടോബറിൽ, ഒറീസ്സായിൽ ആഞ്ഞടിച്ച കൊടുങ്കാറ്റിൽ തകർന്ന പ്രദേശത്ത് ഓർത്തഡോക്സ് സഭ ഏറ്റെടുത്ത് പുനരധിവാസം നടത്തുന്ന ഗ്രാമങ്ങളിൽ ആദ്യത്തെ ഗ്രാമമായ ഇന്ദിരാഗ്രാമിൽ നിർമിച്ച 40 വീടുകളുടെ താക്കോൽ ദാനകർമ്മം ഒറീസ്സാ ഗവർണർ ശ്രീ എം.എം. രാജേന്ദ്രൻ ജൂൺ 23-ാം തീയതി നിർവ്വഹിച്ചു. പ. ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ കട്ടക്ക് കളക്ടർ ശ്രീ പി.കെ. ജെന പ്രസംഗിച്ചു. മിഷൻ ബോർഡ് പ്രസിഡന്റായ മാർ ഒസ്താത്തിയോസ് തിരുമേനി സ്വാഗതവും, ശ്രീ ബാബു മാത്യു, (ചീഫ് മാനേജർ, ബാങ്ക് ഓഫ് ഇന്ത്യ) കൃതജ്ഞതയും പറഞ്ഞു. പ്രൊജക്ട് മാനേജർ ഫാ. കെ.എസ്. ജോർജ്ജ് റിപ്പോർട്ട് സമർപ്പിച്ചു.

ദുരിതാശ്വാസപ്രവർത്തനങ്ങളെ സംബന്ധിച്ച് പ. ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മിഷൻ ബോർഡ് ഒരു കോടി രൂപാ സമാഹരിച്ച് 200 വീടുകൾ പണിയുവാനാണ് തീരുമാനിച്ചത്. ഇന്ദിരാഗ്രാം, ശിഖർസാഹി, ഹരിജൻ ഭോയിസാഹി, നുആതൊട്ടസാഹി, കുദാസാഹി എന്നീ അഞ്ചു ഗ്രാമങ്ങളിലായിട്ടാണ് നമ്മൾ വീടുകൾ പണിയുന്നത്. ശിഖർസാഹിയിൽ ഒരു കമ്മ്യൂണിറ്റിഹാളും പണിയുന്നുണ്ട്.

203 ച. അടിയുള്ള വീടുകളുടെ ഏകദേശ നിർമ്മാണച്ചെലവ് 40,000 രൂപയാണ്. ആദ്യം പണി തുടങ്ങിയ ഇന്ദിരാഗ്രാമിലെ വീടുകളുടെ പണി പൂർത്തിയാക്കി. ശിഖർസാഹിയും ഹരിജൻഭോയി സാഹിയിലും പണി നടന്നുകൊണ്ടിരിക്കുന്നു. പ്രൊജക്റ്റ് ഡയറക്ടർ വെരി റവ. ഫിലിപ്പ് റമ്പാൻ ഭുവനേശ്വറിൽ താമസിച്ച് പണിയുടെ മേൽനോട്ടം വഹിക്കുന്നു. അദ്ദേഹത്തിന്റെ ഉത്സാഹവും അക്ഷീണപരിശ്രമവുമാണ് ഇത്രയും വേഗം പണിപൂർത്തിയാക്കാൻ സാധിച്ചതിന്റെ മുഖ്യകാരണം. ഭുവനേശ്വർ ഇടവകയുടെ പാർസണേജിലാണ് മിഷൻ പ്രൊജക്റ്റ് ഓഫീസ്. ഇടവകാംഗങ്ങളുടെ നിർലോഭസഹകരണം മിഷന്റെ ഈ പ്രവർത്തനത്തിലുണ്ടായിരുന്നു എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. സ്വന്ത ഇടവകയുടെ പദ്ധതിപോലെതന്നെ ഇടവകാംഗങ്ങളും വികാരിയും ഒന്നുചേർന്നു പ്രവർത്തിക്കുന്നു എന്നത് വളരെ സന്തോഷകരവും അനുഗ്രഹപ്രദവുമായ അനുഭവമാണ്. ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിൽ പല സംഘടനകളും പുനരധിവാസ പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങൾ മാത്രമേ ഇത്ര ഭംഗിയായി നടക്കുന്നുള്ളൂ. ആദ്യമായി പൂർത്തിയായതും സഭയുടെ പ്രൊജക്ററിന്റെ ഭാഗമാണ്. അതുകൊണ്ടായിരിക്കാം ദൂരദർശനും, ഒ.ടി.വി.യും, പത്രങ്ങളും നല്ല പ്രാധാന്യം കൊടുത്ത് വാർത്ത പ്രസിദ്ധീകരിച്ചത്.

അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി സ്വാഗതപ്രസംഗം നടത്തി. ഒറീസ്സായിൽ നടന്ന ദുരന്തം ഓർത്തഡോക്സ് സഭയെ ഉണർത്തുവാൻ കാരണമായി എന്നദ്ദേഹം പ്രസ്താവിച്ചു. ഒരു അത്യാഹിതം സംഭവിക്കുമ്പോൾ അത് ഒരു അത്യാഹിതമായിട്ടല്ല, മറിച്ച് മനുഷ്യമനസ്സിനെ ഉണർത്തുവാനായുള്ള ദൈവത്തിന്റെ പദ്ധതിയായി നാം കാണണം.

പരി. ബാവതിരുമേനിക്ക് വളരെ ശാരീരികക്ലേശമുണ്ടായിരുന്നിട്ടും അദ്ദേഹത്തിന്റെ ആവേശോജ്വലമായ പ്രസംഗം സഭയെ കോരിത്തരിപ്പിച്ചു. ഓറീസ്സയിലെ ജനങ്ങൾക്ക് സംഭവിച്ച നാശനഷ്ടത്തിൽ ദുഃഖം ഉണ്ടെങ്കിലും ഈ സന്ദർഭം തന്റെ ജീവിതത്തിലെ വിലപ്പെട്ട നിമിഷമാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലുമാണ്. ലോകത്തിലുള്ള ഏതൊരു വസ്തുവിനെക്കാളും വിലപ്പെട്ടത് മനുഷ്യനാണ്. അതുകൊണ്ട് നാം അന്യോന്യം സ്നേഹിക്കണം. ദൈവസ്നേഹമാണ് യേശുക്രിസ്തുവിന്റെ മനസ്സിൽ നിറഞ്ഞു നിന്ന അടിസ്ഥാനഘടകം. ഈ പ്രവർത്തിയിലും പ്രകടമാകുന്നത്, ആ സ്നേഹമാണ്. ലോകത്തെ നിയന്ത്രിക്കുന്ന ഘടകം, പരസ്പര സ്നേഹമായിരിക്കണം. അങ്ങനെ ലോകത്തിൽ നിലനില്ക്കുന്ന ഉള്ളവനും ഇല്ലാത്തവനും എന്ന വേർതിരിവ് ഇല്ലാതാക്കണം. ഉള്ളവന്റെ ചുമതലയാണ് ഇല്ലാത്ത

## ഒറീസാ ഫണ്ടിലേക്ക് ഒരാൾ 28 ലക്ഷം രൂപാ നല്കി

ഒറീസ ദുരിതാശ്വാസ നിധിയിലേക്ക് അമേരിക്ക ബ്രോങ്ക്സ് സെന്റ് മേരീസ് ഇടവകയിൽ കൂടി നടക്കുന്ന ശ്രീ. തോമസ് ഇടുക്കുള 28 ലക്ഷം രൂപാ സംഭാവന നല്കി. 62 വീടുകളും, ഒരു കമ്മ്യൂണിറ്റിഹാളും ചേർന്ന ഒരു ഗ്രാമം മുഴുവൻ പൂർത്തിയാക്കുവാൻ ഈ പണം ഉപകരിക്കും. അനേകം



*28 ലക്ഷം രൂപായുടെ ചെക്ക് ബ്രോങ്ക്സ് പള്ളി വികാരി ഫാ. എ.കെ. ചെറിയാനെ മി. ഇടുക്കുള എല്പിക്കുന്നു. സമീപം മിസ്സിസ് മറിയക്കുട്ടി ഇടുക്കുള മി. ഇടുക്കുള, ഫാ. എ.കെ. ചെറിയാൻ, മിസ്സിസ് സാറാമ്മ തോമസ് (ഇടുക്കുളയുടെ മാതാവ്)*

ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്ന വ്യക്തിയാണ് ശ്രീ തോമസ് ഇടുക്കുള. അദ്ദേഹം വാഗ്ദാനം നല്കിയ തുകയുടെ ചെക്ക് ബ്രോങ്ക്സ് പള്ളി വികാരി ഫാ. എ.കെ. ചെറിയാനെ ഏല്പിച്ചു.

വനുകൊടുക്കുകയെന്നുള്ളത്. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഉത്തമം എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ഈ ദാനധർമ്മങ്ങളുടെ ഉദ്ദേശം മതപരിവർത്തനമല്ല. മറിച്ച് ദൈവസ്നേഹത്തിന്റെ പ്രകടനമാണ്. ഈ ലോകത്തിൽനിന്നും നാം പോകുമ്പോൾ ഒന്നുംകൂടെ കൊണ്ടുപോകുന്നില്ല. എന്നാൽ ദാനധർമ്മങ്ങൾ നേരത്തെ അയയ്ക്കുന്ന സമ്പാദ്യങ്ങളായിരിക്കും.

ഒറീസാ ഗവർണർ ശ്രീ. എം.എം. രാജേന്ദ്രൻ ഉദ്ഘാടനപ്രസംഗം നടത്തി. പല സംഘടനകളും ദുരിതാശ്വാസപ്രവർത്തനത്തിലേർപ്പെട്ടെങ്കിലും ചുരുക്കം ചിലർ മാത്രമേ പുനരധിവാസപ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളു. ഒറീസ്സായിൽ ഓർത്തഡോക്സ് സഭയുടെ പ്രാധിനിത്യം കുറവാണെങ്കിലും പുനരധിവാസത്തിന് ഒരു കോടി രൂപയുടെ പദ്ധതിയാണ് അവർ ഏറ്റെടുത്തിരിക്കുന്നത്. ഒരു ഗ്രാമത്തിന്റെ പണി ആദ്യം പൂർത്തിയാക്കിയതും ഓർത്തഡോക്സ് സഭ തന്നെയാണ്. മറ്റു സംഘടനകൾ അവരെ മാതൃകയാക്കണം.

കട്ടക്ക് ജില്ലാ കളക്ടർ ആശംസാപ്രസംഗം നടത്തി. ഓർത്തഡോക്സ് സഭ ആദ്യമായി ഒരു ഗ്രാമം പുനരധിവസിപ്പിച്ചതിൽ അദ്ദേഹത്തിന്റെ അതിയായ സന്തോഷം പ്രകടിപ്പിച്ചു. ഈ ജില്ലയിൽ ഏകദേശം രണ്ടരലക്ഷം ജനങ്ങൾ ദുരിതമനുഭവിക്കുന്നു എന്നദ്ദേഹം പറകയുണ്ടായി. ഫിലിപ്പു റമ്പാച്ചനെ ഞാൻ കണ്ടപ്പോൾ ഹാർദ്ദമായി സ്വാഗതം ചെയ്തു. അദ്ദേഹത്തെ എനിക്ക് കളഹാണ്ടിയിൽ വച്ചു തന്നെ പരിചയമുണ്ട്. കട്ടക്ക് ജില്ലയിൽ പുനരധിവാസത്തിലേർപ്പെട്ടിട്ടുള്ള രണ്ടു മൂന്നു സംഘടനകളിൽ ഓർത്തഡോക്സ് സഭയാണ് ആദ്യം വീടിന്റെ പണി പൂർത്തിയാക്കിയത്. ഈ ജില്ലയെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ പ്രാധാന്യമുള്ള കാര്യമാണ്.

പ്രൊജക്ട് മാനേജർ ഫാ. കെ.എസ്. ജോർജ്ജ് റിപ്പോർട്ടു സമർപ്പിച്ചു. ആന്ധ്രായിലും, ജബൽപൂരിലും മറ്റും ദുരന്തങ്ങൾ സംഭവിച്ചപ്പോഴും സഭ ദുരിതാശ്വാസ, പുനരധിവാസപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഒറീസ്സായിൽ നാശനഷ്ടമുണ്ടായതിനെത്തുടർന്ന് ഏതാണ്ട് 4000 ഭവനങ്ങൾക്ക് ഭക്ഷണസാധനങ്ങളും തുണിയും മറ്റും എത്തിച്ചുകൊടുത്തു. യുവജനങ്ങളുടെ പരിശ്രമഫലമായി ഡൽഹിയിൽനിന്നും ശേഖരിച്ച സാധനങ്ങളാണ് ഭുവനേശ്വർ, കട്ടക്ക് ഇടവകാംഗങ്ങൾ വിതരണം ചെയ്തത്. തുടർന്ന് പുനരധിവാസ പ്രവർത്തനത്തിനായി ഒരു കോടി രൂപാ സമാഹരിച്ച് പ്രവർത്തിക്കാനും സഭാ മിഷൻ ബോർഡ് തീരുമാനിച്ചു. ആ പ്രവർത്തനങ്ങളുടെ ആദ്യപടി ഇവിടെ പൂർത്തിയായിരിക്കുന്നു. മറ്റു ഗ്രാമങ്ങളിൽ പണി ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. പണിക്ക് നേതൃത്വം കൊടുക്കുന്ന ഫിലിപ്പ് റമ്പാച്ചന്റെ അക്ഷീണപരിശ്രമവും ഇടവകാംഗങ്ങളുടെ നിർലോഭ സഹായവുമാണ് പണിയുടെ ആദ്യപടി ഇത്ര വേഗം പൂർത്തിയാക്കാൻ സഹായിച്ചത്. എല്ലാറ്റിനും സഹായവും സംരക്ഷണവും തരുന്ന സർവ്വശക്തനായ ദൈവത്തോടുള്ള കടപ്പാട് അറിയിച്ചു.



ഇന്ദിരാഗ്രാമിൽ നിർമ്മിച്ച വീടുകളുടെ താക്കോൽ ദാനം പ. ബാവാ തിരുമേനി നിർവഹിക്കുന്നു

ശ്രീ. ബാബു വി. മാത്യു, കൃതജ്ഞത അർപ്പിച്ചു. ചുരുങ്ങിയ വാക്കുകളിൽ അദ്ദേഹമർപ്പിച്ച കൃതജ്ഞത ശ്രേഷ്ഠാതിഥികളേയും സദസ്സിനെയും പുളകമണിയിച്ചു. ●

## 13-ാം ചരമവാർഷികം

22-8-2000



**ഫാ. വി.സി. എബ്രഹാം (കാട്ടൂരച്ചൻ)**

വയലത്തല സ്ലീബാ പള്ളിയിൽ വി. കുർബ്ബാനയോടുകൂടെ ആചരിക്കുന്നു.

*Inserted by:*

FAMILY MEMBERS

## 8-ാം ചരമവാർഷികം

10-8-2000



**REV. FR. M.K. JACOB**

Achariya Christu Sishya Ashramam, Thadagom

*Inserted by:*

Beloved Brother T.K. Punnoose & Family
Mathakasserilaya Parayil Bunglow
Thrukkothamangalam





# ജോലി ലഭിക്കാത്തത് കൂടോത്രം മൂലമാണോ?

## ഫാ. ഡോ. ഒ. തോമസ്

**ചോദ്യം:** *ഞാൻ 28 വയസ്സുള്ള ഒരു ബിരുദധാരിയാണ്. വളരെ നാളുകളായി ഒരു ജോലിക്ക് ശ്രമിക്കുന്നു. ഗൾഫിൽ പോകാനും ശ്രമം നടത്തി. എല്ലാം ഒത്തു വരുമ്പോൾ എന്തെങ്കിലും തടസ്സം പറഞ്ഞ് അതുമാറിപ്പോകും. എന്റെ സങ്കടം ഒരു സുഹൃത്തിനോടു പറഞ്ഞപ്പോൾ നിനക്ക് ആരെങ്കിലും ദോഷം ചെയ്തിട്ടുണ്ടായിരിക്കാം. നമുക്ക് ഒന്നു നോക്കാം എന്നു പറഞ്ഞു. അങ്ങനെ ഒരു പ്രശ്നംവെപ്പുകാരന്റെ അടുക്കൽ ചെന്നു. അയാൾ നോക്കിയിട്ട് ഞങ്ങളുമായി കലഹമുള്ള അയൽവീട്ടുകാർ കൂടോത്രം ചെയ്തതായി കണ്ടു. അതിനുള്ള പ്രതിവിധിയൊക്കെ ചെയ്തു. പക്ഷേ, ഫലം ഒന്നും ഉണ്ടായില്ല. പിന്നീട് മറ്റൊരാൾ പറഞ്ഞ് പ്രവചനവരമുള്ള ഒരച്ചനെ കണ്ടു. അച്ചനും പൈശാചികമായ ഉപദ്രവം ഉള്ളതിനാൽ ഉപവാസവും ചില പുണ്യകേന്ദ്രങ്ങളിൽ നേർച്ചകഴിക്കലും നിർദ്ദേശിച്ചു. അതുമെല്ലാം നിർവഹിച്ചു. എന്നിട്ടും എന്റെ അവസ്ഥയ്ക്ക് മാറ്റം ഒന്നും ഉണ്ടായില്ല. ഇപ്പോൾ ഞാൻ ആകെ നിരാശയിലാണ്. ഇനി എന്തു ചെയ്യണമെന്ന് ഉപദേശിച്ചാൽ കൊള്ളാം.*

*ബിനു, തേവലക്കര*

**ഉത്തരം:** ജീവിതത്തിൽ സംഭവിക്കുന്നതിനെല്ലാം കാരണം കണ്ടെത്താൻ എല്ലാവരും ശ്രമിക്കാറുണ്ട്. അതോടൊപ്പം പ്രതീക്ഷകൾ സഫലീകരിക്കുന്നതിനുവേണ്ടിയുള്ള കുറുക്കുവഴികളും. ബിരുദധാരിയായ നിങ്ങൾ ജോലി കിട്ടാഞ്ഞതിനെക്കുറിച്ച് ദൈവംതന്ന യുക്തി ഉപയോഗിക്കാതെ മറ്റുള്ളവരുടെ ആലോചനയ്ക്കു വഴങ്ങുകയാണുണ്ടായത്. ചുറ്റുപാടുമൊന്നു കണ്ണോടിച്ച് യാഥാർത്ഥ്യം എന്തെന്ന് മനസ്സിലാക്കുവാൻ ശ്രമിക്കുക. ഒരു വേക്കൻസിക്ക് നൂറുകണക്കിന് അപേക്ഷകർ ഉള്ള നാട്ടിലാണ് നാം ജീവിക്കുന്നത്. ബിരുദധാരിയായ നിങ്ങൾക്ക് ജോലിയേക്കുറിച്ച് ചില പ്രതീക്ഷകളൊക്കെ കാണും. അത്തരത്തിലുള്ള ജോലിക്കായി കാത്തിരിക്കുമ്പോൾ അനന്തമായ കാത്തിരിപ്പ് ഇനിയും ഉണ്ടാകാം. എല്ലാ ബിരുദധാരികൾക്കും അവരാഗ്രഹിക്കുന്ന തലത്തിലുള്ള ജോലി തരുവാൻ കേന്ദ്ര-കേരള ഗവണ്മെന്റുകൾക്കാവില്ല. എല്ലാവരെയും ഉൾക്കൊള്ളുവാൻ ഗൾഫ് രാജ്യങ്ങൾക്കും സാദ്ധ്യമല്ല. ആഗ്രഹിക്കുന്ന തരത്തിലുള്ള ജോലി കിട്ടിയില്ലെങ്കിലും ചെറിയ കണക്കെഴുത്തുപോലെ എന്തെങ്കിലും ജോലിചെയ്യാൻ തയ്യാറായിരുന്നെങ്കിൽ ഒരുപക്ഷേ അത്തരത്തിൽ എന്തെങ്കിലും ലഭിക്കുമായിരുന്നു. അന്യനാട്ടുകാർ കേരളത്തിൽ വന്ന് ജോലി ചെയ്യുന്നുണ്ട്. ശരീരാദ്ധ്വാനം ആവശ്യമായി വരുന്ന വേലകളാണ് അവ. വിദ്യാഭ്യാസത്തിൽ നിർഭാഗ്യവശാൽ നാം മുൻപന്തിയിലായിപ്പോയതിനാൽ അവയൊന്നും ചെയ്യുവാൻ നമുക്കു ലഭിച്ച വിദ്യാഭ്യാസം പ്രേരണ തന്നിട്ടില്ല. ഇവിടെ അയൽക്കാർ കൂടോത്രം ചെയ്തില്ലെങ്കിലും നിങ്ങളാഗ്രഹിക്കുന്ന തരത്തിലുള്ള ജോലികിട്ടാൻ അത്രവേഗം സാധിക്കുകയില്ല. അദ്ധ്വാനത്തിന്റെ മഹത്ത്വം മനസ്സിലാക്കി ഏതു ജോലിയും ചെയ്തു തുടങ്ങുന്നവർക്കേ ഈ സമൂഹത്തിൽ വിജയം നേടാനാവുകയുള്ളൂ. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ നിങ്ങൾ കൂടോത്രക്കാരനെ പഴിച്ചു. പിശാചിനെ ഓടിച്ചുവിടാൻ നിങ്ങൾ അച്ചന്റെ അടുക്കലും പോയി. രണ്ടു പ്രശ്നക്കാരെയും രണ്ടു പ്രവചനക്കാരെയും കണ്ടാൽ അവർ നാല് അഭിപ്രായം പറയുമെന്നുള്ളതും ഇതിനോടകം വ്യക്തമായല്ലോ. അവരുടെ അടുക്കൽ ഓടി നടന്ന് നിങ്ങളുടെ സമയം വൃഥാ പോവുകയേ ഉള്ളൂ. മന്ത്രവാദികളും കൂടോത്രക്കാരുമൊക്കെ എന്നും ഇവിടെ കാണും. അവരെ, അവരുടെ വഴിക്കു വിടുക. നിങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ ദൈവം കഴിഞ്ഞാൽ നിങ്ങൾക്കു മാത്രമേ സാദ്ധ്യമാവൂ! ജീവിതത്തിന്റെ ഉത്തരവാദിത്വം നിങ്ങൾതന്നെ ഏറ്റെടുക്കുക. നിങ്ങളുടെ ഇപ്പോഴത്തെ പരിതസ്ഥിതിയിൽ കിട്ടാവുന്ന ചെറിയ ജോലിയാണെങ്കിലും ചെയ്തു തുടങ്ങുക. സ്വയം സഹായിക്കുന്നവരെ ദൈവം സഹായിക്കും. എന്ന് ഓർത്ത് പ്രവർത്തിക്കുവാൻ കഴിയണം. ദൈനംദിന പ്രാർത്ഥനയും ഞായറാഴ്ച ആരാധനയും സഭ കല്പിച്ചിട്ടുള്ള നോമ്പുകൾ ആചരിച്ചും, ആവുന്നതു മനുഷ്യർക്ക് നന്മചെയ്ത് ജീവിച്ചാൽ മതി. അങ്ങനെയായാൽ ഒരു കൂടോത്രക്കാരനും മന്ത്രവാദിയും നിങ്ങളെ ഒന്നുംചെയ്യുവാൻ സാധിക്കുകയില്ല. ദൈവംതന്ന ബുദ്ധികൂടി ഉപയോഗിച്ച് ധൈര്യമായി മുന്നോട്ടു പോവുക. ബഹുമാനപ്പെട്ട സി.സി. ചെറിയാനച്ചൻ രചിച്ച അന്ധവിശ്വാസത്തിന്റെ ബന്ധനങ്ങൾ വായിച്ചു പഠിച്ചാൽ കൂടുതൽ ഉൾക്കാഴ്ച നിങ്ങൾക്കു ലഭിക്കും. ജീവിതവിജയത്തിന് കഠിനാദ്ധ്വാനമല്ലാതെ കുറുക്കുവഴികളില്ല. ഒപ്പം യഥാർത്ഥ ദൈവാശ്രയ ബോധവും. ○

## 55-ാം ജന്മദിനാശംസ

19-7-2000



കുന്നംകുളം അടുപ്പുട്ടി സെന്റ് മേരി മഗ്ദലന കോൺവെന്റ് അന്തേവാസികൾ

## യു. എ. ഇ. സൺഡേസ്കൂളുകൾ

സുശക്തവും സുസംഘടിതവുമാണ് യു.എ.ഇ.യിലെ സൺഡേസ്കൂളുകൾ. അവ അബുദബി, അലൈൻ, ദുബായ് റാസ് അൽ കൈമ, ഷാർജ എന്നിവയാണ്. എല്ലായിടത്തുംകൂടി 1473 വിദ്യാർത്ഥികളുണ്ട്. അദ്ധ്യാപകരും രക്ഷകർത്താക്കളും സൺഡേസ്കൂളിന്റെ അഭിവൃദ്ധിക്ക് അക്ഷീണം യത്നിക്കുന്നു. ഇടവകകളിൽ നിന്ന് ആവശ്യമായ സാമ്പത്തിക സഹായവും മറ്റു പ്രോത്സാഹനങ്ങളും ലഭിക്കുന്നു.

പത്താംക്ലാസ്സിലെ വാർഷികപ്പരീക്ഷ മേയ് 12-ാം തീയതി നടത്തി. ആ പരീക്ഷയിൽ ഉന്നതവിജയം നേടിയ മൂന്നു വിദ്യാർത്ഥികളെ പ്രത്യേകം അനുമോദിക്കുന്നു



ഇന്ദു എലിസബേത്ത് ജോൺസൺ
(ഫസ്റ്റ് റാങ്ക് – 83.5 % മാർക്ക്)
ഷാർജാ ഇടവക.



ബോബ് കോശി ടോം
(സെക്കന്റ് റാങ്ക് – 80.5%)
ദുബായ് ഇടവക.



റോഷൻ റീബാ ജോസഫ്
(തേർഡ് റാങ്ക് – 73%)
അബുദബി ഇടവക.

**പുതിയ വർഷത്തേക്കുള്ള സാരഥികൾ.**

2000–2001 വർഷത്തേക്ക് അബുദബി ഇടവക വികാരി ഫാദർ സാം വി. ഗബ്രിയേൽ ഡിസ്ട്രിക്റ്റ് ഡയറക്ടറും, മി. വറുഗീസ് ഡാനിയേൽ (അബുദബി) ജനറൽ സെക്രട്ടറിയും, മി. ജേക്കബ് പി. വറുഗീസ് (ഷാർജ) ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറുമായി പ്രവർത്തിക്കുന്നതാണ്.

വാർഷിക മത്സരങ്ങൾ: അഞ്ചു സൺഡേ സ്കൂളുകളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധ മത്സരങ്ങൾ 2000 സെപ്തംബർ 22-ാം തീയതി നടത്തപ്പെടും. കഴിഞ്ഞ വർഷത്തെ മത്സരങ്ങളിൽ ഡയറക്ടർ ജനറൽ ഫാദർ റ്റി.ജെ. ജോഷ്വാ സന്നിഹിതനായിരുന്നു.

**സർക്കുലറുകൾ ശ്രദ്ധിക്കുക:**

കേന്ദ്രപ്രവർത്തനങ്ങളെക്കുറിച്ചും, ഓരോ യൂണിറ്റും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും വിശദമാക്കുന്ന സർക്കുലറുകൾ കേന്ദ്ര ഓഫീസിൽനിന്ന് ഇൻസ്പെക്ടറന്മാർക്ക് അയച്ചുകൊടുക്കുന്നു. അവർ യഥാസമയം ഓരോ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർക്കും അത് എത്തിച്ചുകൊടുക്കുകയും ഹെഡ്മാസ്റ്റർ, അദ്ധ്യാപക കൗൺസിലിൽ അവ വായിക്കയും ചെയ്യേണ്ടതാണ്. കേന്ദ്രത്തിൽനിന്ന് ഓരോ സമയത്തും അറിയിക്കുന്ന നിർദ്ദേശങ്ങൾ പലരും ശ്രദ്ധിക്കുന്നില്ല എന്നു തോന്നുന്നു.

**സൺഡേസ്കൂൾ ദിനപ്പിരിവ്:** പെന്തിക്കോസ്തി ഞായറാഴ്ചത്തെ പള്ളികളിൽ നിന്നുള്ള കാണിക്കയും, അന്നേ ദിവസം സൺഡേസ്കൂൾ പ്രവർത്തകരുടെ ഉത്സാഹത്തിൽ നടത്തുന്ന കവർപ്പിരിവും ഇനിയും അമാന്തിപ്പിക്കാതെ കേന്ദ്രത്തിലേക്ക് അടയ്ക്കേണ്ട തുക വാർഷിക സമ്മേളനത്തിൽ വരുമ്പോൾ ചുമതലക്കാർ കേന്ദ്ര ഓഫീസിൽ അടയ്ക്കുവാൻ ശ്രദ്ധിക്കണം. എല്ലാ യൂണിറ്റുകളുടെയും പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം. ചെറിയ ഇടവകകൾക്കും അവരുടെ കഴിവനുസരിച്ച് പ്രവർത്തിക്കാൻ കഴിയും.

ആശംസകളോടെ

ഫാദർ റ്റി.ജെ. ജോഷ്വാ
ഡയറക്ടർ

**3rd Death Anniversary**
**12-8-2000**



**A.C. JOSEPH**
Ananthanam, P.O., Payipad

*Inserted by:*
SORROWING FAMILY

**കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ്**
**ദേവലോകം, കോട്ടയം**

2000–01 അദ്ധ്യയനവർഷത്തിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള, താഴെ പറയുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളിൽനിന്നും നിർദ്ദിഷ്ഠ ഫോറത്തിലുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

H.S.A. (Malayalam) H.S.A. (phy. Science)
H.S.A. (Hindi) H.S.A. (Maths)

നിർദ്ദിഷ്ഠ ഫോറം 2000 ഓഗസ്റ്റ് 10 മുതൽ 30 രൂപയ്ക്ക് (By Post Rs. 35/-) ഓഫീസിൽ നിന്നും ലഭിക്കുന്നതും, പൂരിപ്പിച്ച ഫോറം ആവശ്യമായ സർട്ടിഫിക്കേറ്റുകളുടെ പകർപ്പു സഹിതം ഓഗസ്റ്റ് 31 നു മുമ്പു ഓഫീസിൽ ലഭിക്കേണ്ടതുമാണ്. ഇന്റർവ്യൂ– തീയതി പുറകാലെ അറിയിക്കുന്നതാണ്.

ദേവലോകം
26–7–2000

മാനേജർ



## മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു



**Sheela George (Rachel)**
106-A, Chandan Vala, Ambadi Road, Vasai Road (w), Mumbai-401 202

**Michael, Betty Michael, Rhea Michael,**
**B-3, 101, Shant Nagar, Manjicism Bldg. Meera Road, Mumbai**
**Bendic Georgian, Shyni Bendit Los Angelous U.S.A.**

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2000
THE MALANKARA SABHA
CATHOLICATE OFFICE, KOTTAYAM-686 038

# മലങ്കരസഭയിൽനിന്നും
# ഈ വർഷം രണ്ടതുല്യ പ്രസിദ്ധീകരണങ്ങൾ



## പരുമലപ്പള്ളി കൂദാശ സപ്ലിമെന്റ്

പ്രസിദ്ധീകരണം ഒക്ടോ. 27

**TARIFF**

**ADVERTISEMENT / BEST COMPLIMENTS**

| | |
|---|---|
| Back Page | : Rs. 5,000 |
| Full Page (Inner) | : Rs. 3,000 |
| Half Page | : Rs. 2,000 |
| Quarter Page | : Rs. 1,250 |
| Minimum (9 x 10 cm) | : Rs. 750 |
| Favours Block (Stamp size) | : Rs. 250 |

*ലേഖനങ്ങൾ, പരസ്യങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഒക്ടോ. 10*

## ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ചരമ രജതജൂബിലി സ്മരണിക



പ്രസിദ്ധീകരണം ഡിസം. 8

**TARIFF**

**ADVERTISEMENT / BEST COMPLIMENTS**

| | |
|---|---|
| Front Cover (Sponsering) | : Rs.15,000 |
| Back Cover | : Rs.12,000 |
| Cover Front Inside | : Rs.10,000 |
| Cover Back Inside | : Rs. 8,000 |
| Full Page | : Rs. 2,000 |
| Half Page | : Rs. 1,200 |
| Quarter Page | : Rs. 750 |

*NB: ലേഖനങ്ങൾ, പരസ്യങ്ങൾ ലഭിക്കേണ്ട അവസാന തീയതി നവം. 10*

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-